# ഉത്സവം


## പ്രൊഫ. എം. വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പൽ,
സെ. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി



: Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

# ഉത്സവം


## പ്രൊഫ. എം. വൈ. യോഹന്നാൻ

**മുൻ പ്രിൻസിപ്പൽ,**

**സെ. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി**

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org


●


Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24

E-mail: meringraphics@gmail.com



*copy right reserved*

## ആമുഖം

യൂറോപ്പിലെ സിംഹം എന്നറിയപ്പെട്ടിരുന്ന നെപ്പോളിയൻ ചരിത്രം (History) എന്നാലെന്തെന്ന് നിർവ്വചിച്ചിരിക്കുന്നത്: “History is a set of lies agreed upon” എന്നാണ്. എന്നാൽ ചരിത്രം എന്ത് എന്നതിനെക്കുറിച്ച് ഡോ. എ.റ്റി. പിയേഴ്സൺ നിർവ്വചിച്ചിരിക്കുന്നത് ശ്രദ്ധിക്കൂ: ‘‘History is His story”. ക്രിസ്തുവിനെക്കുറിച്ചുള്ള വിവരണമാണ് ചരിത്രം. ക്രിസ്തുവാണ് ചരിത്രത്തിന്റെ അടിസ്ഥാനം. ക്രിസ്തുവിനെ കേന്ദ്രീകരിച്ച് ചരിത്രം B.C. എന്നും A.D. എന്നും വിഭജിക്കപ്പെട്ടു. (BC = Before Christ, A D = Anno Domini, In the year of our Lord).

BC 1500 മുതൽ AD 100 വരെയുള്ള 1600 വർഷങ്ങൾക്കുള്ളിൽ നാൽപ്പതോളം പേർ വിവിധ കാലങ്ങളിൽ എഴുതിയ 66 പുസ്തകങ്ങളുടെ സമാഹാരമാണ് വിശുദ്ധ വേദപുസ്തകം. എഴുത്തുകാരിൽ ആട്ടിടയരുണ്ട്, മുക്കുവരുണ്ട്, ഡോക്ടർമാരുണ്ട്, കൃഷിക്കാരുണ്ട്, പുരോഹിതന്മാരുണ്ട്, രാജാക്കന്മാരുണ്ട്, അഭ്യസ്തവിദ്യരുണ്ട്, നിരക്ഷര കുക്ഷികളുണ്ട്, പണ്ഡിതന്മാരുണ്ട്, പാമരന്മാരുണ്ട്. അവസാനത്തെ പുസ്തകമായ വെളിപ്പാട് പുസ്തകമെഴുതിയ

യോഹന്നാൻ ജനിക്കുന്നതിനു 1450 വർഷം മുമ്പ് ഉല്പത്തിപുസ്തകം എഴുതിയ മോശെ മരിച്ചു. എഴുത്തുകാരാരും പരസ്പരം ആലോചിച്ചല്ല എഴുതിയതെങ്കിലും വിഭിന്ന കാലയളവുകളിൽ എഴുതിയ പുസ്തകങ്ങൾ എല്ലാം ഒരേ ആശയത്തെയാണ് ആധാരമാക്കിയിരിക്കുന്നത്. എല്ലാറ്റിലും മനുഷ്യന്റെ നിത്യ രക്ഷക്കുവേണ്ടി ക്രൂശിക്കപ്പെട്ട ക്രിസ്തു എന്നതാണ് കേന്ദ്ര വിഷയം.

വേദപുസ്തകത്തെയും സുവിശേഷത്തെയും നശിപ്പിക്കാൻ അനേകം ബുദ്ധിജീവികൾ ശ്രമിച്ചിട്ടുണ്ട്. ഭരണകർത്താക്കളും താത്വികാചാര്യന്മാരും സാഹിത്യകാരന്മാരും മതനേതാക്കളുമെല്ലാം അതിൽപെടുന്നു. പക്ഷേ അവരുടെ എതിർപ്പുകളെയും ആക്രമണങ്ങളെയുമെല്ലാം അതിജീവിച്ചുകൊണ്ട് വേദപുസ്തകം ഇന്നും ജയിച്ചരുളുന്നു.

ഫ്രാൻസിലെ വോൾട്ടയർ പ്രഖ്യാപിച്ചു: “ഒരു നൂറ്റാണ്ട് കഴിഞ്ഞാൽ ഒരു വേദപുസ്തകം പോലും ഈ ഭൂമുഖത്തുണ്ടാകയില്ല.’’ അത്ഭുതമെന്നു പറയട്ടെ: എവിടെയിരുന്നു കൊണ്ട് വോൾട്ടയർ ഇപ്രകാരം പറഞ്ഞുവോ ആ കെട്ടിടം ഇന്ന് ബൈബിളുകൾ കൂട്ടം കൂട്ടമായി അടുക്കിവെച്ചിരിക്കുന്ന ഗോഡൗൺ ആണ്.

ടോം പെയിൻ എന്നറിയപ്പെടുന്ന തോമസ് പെയിൻ ദൈവത്തെ കൂടാതെ ജീവിക്കാമെന്ന് ചിന്തിച്ച ഒരാളായിരുന്നു. വേദപുസ്തകസത്യങ്ങളെ നിശിതമായി വിമർശിച്ചും നിഷേധിച്ചും അദ്ദേഹം ഒരു പുസ്തകം എഴുതി: The Age of Reason”. മരണത്തോടടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: "I wish I have never Lived,'' ഞാൻ ജനിക്കാതിരുന്നെങ്കിൽ! ഞാൻ ജീവിക്കാതിരുന്നെങ്കിൽ എന്നദ്ദേഹം പരിതപിച്ചു. ‘‘എന്റെ പുസ്തകങ്ങളെല്ലാം തീവെച്ച് ചുട്ടുകളയണം. എന്റെ പുസ്തകം മാത്രമാണ് പിശാചിന് പൂർണ്ണമായി അവകാശം

പറയാൻ വകയുള്ളതായി ഈ ഭൂമിയിലുള്ളൂ. ഇനി ആരും അത് വായിക്കാതിരിക്കട്ടെ.” അദ്ദേഹം നിരാശയോടെ കടന്നു പോയി.

ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ധന്യതയെ നിരാകരിച്ച മറ്റൊരെഴുത്തുകാരനായിരുന്നു തോമസ് ഹോബ്സ് (Thomas Hobbs). ദൈവമില്ലാതെ ജീവിക്കാമെന്നദ്ദേഹം ധരിച്ചു. പക്ഷേ ജീവിതാന്ത്യത്തിലദ്ദേഹം പറഞ്ഞത്, I am taking a fearful leap into the dark. Oh! Christ, Oh! Jesus.” ഞാൻ അന്ധകാരത്തിലേക്ക് ഭയാനകമായ ഒരു കുതിച്ചു ചാട്ടത്തിലാണ്. യേശുവേ, ക്രിസ്തുവേ.

നിരീശ്വര ചിന്തകനായ വോൾട്ടയർ വേദപുസ്തകത്തെ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്നു. മരണത്തോടടുത്തപ്പോൾ അദ്ദേഹം ഡോക്ടറോട് കെഞ്ചി.

“എനിക്കൊരാറു മാസം കൂടി ആയുസ്സ് നീട്ടി കിട്ടുമോ?”

“എന്തിനാണത്?” ഡോക്ടർ ചോദിച്ചു.

‘‘ഞാൻ പറഞ്ഞതും എഴുതിയതുമെല്ലാം ഭോഷത്വമായിപ്പോയി. ദൈവത്തെ നിഷേധിച്ചത് അബദ്ധമായിപ്പോയി എന്ന് ലോകത്തോട് വിളിച്ചുപറയാൻ ഒരാറു മാസം കിട്ടിയിരുന്നെങ്കിൽ.”

“ഇല്ല, ആറാഴ്ചപോലും ആയുസ്സുള്ളതായി വൈദ്യശാസ്ത്രം പറയുന്നില്ല.”

"Oh! Jesus Christ, it is hell to be left alone.”

വോൾട്ടയർ നിരാശയിലാണ്ട് ഞരങ്ങാനും മൂളാനും ആക്രോശിക്കാനും തുടങ്ങി. അവസാന നിമിഷങ്ങൾ കണ്ടുനിൽക്കാൻ വയ്യാത്തവിധം ഭയാനകമായിരുന്നു.

ഒരു സമയത്ത് അദ്ദേഹം പറഞ്ഞു:

“എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരു ക്രിസ്തു ഭക്തനെ വിളിച്ചുകൊണ്ടുവരാമോ?”

അദ്ദേഹത്തിന്റെ ശിഷ്യന്മാരാരും തയ്യാറായില്ല.

‘‘ദൈവം എന്നെ ഉപേക്ഷിച്ചു. നിങ്ങളും എന്നെ ഉപേക്ഷിച്ചോ?” അദ്ദേഹം വിതുമ്പിക്കൊണ്ട് പറഞ്ഞു.

‘‘ഫ്രാൻസിലെ സമ്പത്ത് മുഴുവൻ തന്നാലും ഒരു നിരീശ്വരനെ മരണക്കിടക്കയിൽ ശുശ്രൂഷിപ്പാൻ എനിക്ക് സാദ്ധ്യമല്ല.” എന്ന് വോൾട്ടയറിനെ ശുശ്രൂഷിച്ച നഴ്സ് പറയുകയുണ്ടായി.

ബൈബിളിനെയും ക്രിസ്തുവിനെയും നിരാകരിക്കുകയും നിഷേധിക്കുകയും ചെയ്യുന്നത് എത്ര ഭയാനകമാണ്. എന്നാൽ വേദപുസ്തകത്തിന്റെ സുവിശേഷ സന്ദേശം മൂലം സമാധാനം അനുഭവിച്ച ആളുകൾ അസംഖ്യമത്രേ. നരഭോജികളെ നരസ്നേഹികളാക്കിയ ശക്തിയാണ് തിരുവചനത്തിന്റെ അമൂല്ല്യ പ്രഭാവം. ശിലാഹൃദയരെ ആർദ്രമനസ്ക്കരാക്കുന്ന മാസ്മര ശക്തി!

തകർന്നുടഞ്ഞ് ശിഥിലമായിക്കൊണ്ടിരുന്ന കുടുംബബന്ധങ്ങളെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന നിസ്തുല സ്വാധീനം!

1971 ൽ ചന്ദ്രനിൽ കാൽ കുത്തിയ ഇർവിൻ, ബൈബിൾ തുറന്ന് വായിച്ചു, എട്ടാം സങ്കീർത്തനം:

നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്ത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്?

മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന്ന് അവൻ എന്തു മാത്രം.

വി. വേദപുസ്തകത്തിന്റെ അത്യത്ഭുത സ്വാധീനം എന്നെ വശീകരിച്ചതുകൊണ്ടാണ് തിരുവചന സംബന്ധമായ പുസ്തകങ്ങളെഴുതുവാൻ എനിക്കിടയായത്. അവ അനേകർക്ക് സമാധാനവും നിത്യജീവനും പ്രദാനം ചെയ്തു എന്നറിയുന്നത് വലിയ പ്രോത്സാഹനമാണ്. അതു കൊണ്ടാണ് ജീവിതത്തിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഉത്സവമരുളുന്ന ക്രിസ്തുവിന്റെ വചനം എഴുതുവാനുള്ള പ്രേരണ ഉണ്ടായത്. ഈ ഗ്രന്ഥാനുശീലനം മൂലം അനുവാചകർക്കെല്ലാം ഉത്സവാനുഭൂതി സംപ്രാപ്തമാകും എന്ന് ഞാൻ ആശി ക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ്, പ്രിന്റിംഗ്, കവർ ഡിസൈനിംഗ് തുടങ്ങി വിവിധ കാര്യങ്ങളിൽ സഹായിച്ച എന്റെ ആത്മീയ സഹോദരന്മാരായ ശ്രീ. അഞ്ചി എൻ. കൊല്ലംപറമ്പ് (ജോ. ജനറൽ മാനേജർ, കിറ്റ്കൊ), ശ്രീ എ. ജെ. അബി (റിട്ട. ജനറൽ മാനേജർ, റ്റി.സി.എം) എന്നിവരോട് എനിക്ക് അത്യധികം നന്ദിയും കടപ്പാടും ഉണ്ട്. അവർക്കെല്ലാം അരുമനാഥനായ യേശു ക്രിസ്തു പ്രതിഫലം നൽകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട്,

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

കടയിരുപ്പ്

25.10.2010

## ഒന്ന്

“ശലോമോനും അവനോടുകൂടെ ഹമാത്തിന്റെ അതിർമുതൽ മിസ്രയീംതോടുവരെയുമുള്ള എല്ലാ യിസ്രായേലും വലിയോരു സഭയായി ആ സമയത്തു നമ്മുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ ഏഴു ദിവസവും പിന്നെയും ഏഴു ദിവസവും ഇങ്ങനെ പതിനാലു ദിവസം ഉത്സവം ആചരിച്ചു. എട്ടാം ദിവസം അവൻ ജനത്തെ വിട്ടയച്ചു; അവർ രാജാവിനെ അഭിനന്ദിച്ചു, യഹോവ തന്റെ ദാസനായ ദാവീദിന്നും, തന്റെ ജനമായ യിസ്രായേലിന്നും ചെയ്ത എല്ലാ നന്മയെയും കുറിച്ചു സന്തോഷവും ആനന്ദവും ഉള്ളവരായി തങ്ങളുടെ കൂടാരങ്ങളിലേക്കു പോയി.”

1 രാജാക്കന്മാർ 8:65–66.

യഹോവ ചെയ്ത സകല നന്മയെയും കുറിച്ചു സന്തോഷവും ആനന്ദവുമുള്ളവരായി ജനം തങ്ങളുടെ കൂടാരങ്ങളിലേക്കു പോയി. ഇതേ വാക്യം തന്നെ അല്പം കൂടെ വിസ്തരിച്ചു 2 ദിനവൃത്താന്തം ഏഴാം അദ്ധ്യായത്തിൽ കാണാം:

"ശലോമോനും ഹമാത്തിന്റെ അതിർ മുതൽ മിസ്രയീംതോടുവരെയുമുള്ള എല്ലാ യിസ്രായേലും ഏറ്റവും വലിയ സഭയായി ആ സമയത്തു ഏഴു ദിവസം ഉത്സവം ആചരിച്ചു. എട്ടാം ദിവസം വിശുദ്ധ സഭായോഗം കൂടി; ഏഴു ദിവസം അവർ യാഗപീഠപ്രതിഷ്ഠ കൊണ്ടാടി, ഏഴു ദിവസം ഉത്സവവും ആചരിച്ചു. ഏഴാം മാസം ഇരുപത്തിമൂന്നാം തീയതി അവൻ ജനത്തെ യഹോവ ദാവീദിന്നും ശലോമോനും തന്റെ ജനമായ യിസ്രായേലിന്നും ചെയ്ത നന്മയെക്കുറിച്ചു സന്തോഷവും ആനന്ദവും ഉള്ളവരായി അവരുടെ കൂടാരങ്ങളിലേക്കു പറഞ്ഞയച്ചു."

2 ദിന. 7:8–10

പ്രിയ സഹോദരാ, സഹോദരി, നമുക്ക് എന്നും സന്തോഷവും ആനന്ദവും ഉള്ളവരായി തീരണം. സന്തോഷവും ആനന്ദവും ഉള്ളവരായി നമുക്കു കൂടി വരണം, ജീവിക്കണം.

ദാവീദ് ഒരിക്കൽ പറഞ്ഞു:

"സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു."

സങ്കീർത്തനം 30:5

കരച്ചിൽ വന്നു രാപാർക്കും. ഒരു രാത്രി, ഒരതിഥിയെപ്പോലെ കരച്ചിൽ വരും. വിരുന്നുകാർ അധിക നേരം താമസിക്കയില്ല. അവർ നേരം പുലരുമ്പോൾ എഴുന്നേറ്റു പോകും. വിലാപത്തിന് അധികം താമസമില്ല; വേഗം പൊയ്ക്കോളും. സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദ ഘോഷം വരുന്നു.

ദാവീദ് പിന്നെയും പറഞ്ഞു:

> "നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കി ത്തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു."
>
> സങ്കീർത്തനം 30:11

എന്റെ ദുഃഖവസ്ത്രം മാറ്റി എന്നെ നീ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു.

സ്നേഹിതാ, നിന്റെ ഹൃദയം പ്രത്യാശ കൊണ്ട് നിറയട്ടെ, നിന്റെ ഹൃദയം സമാധാനം കൊണ്ട് നിറയട്ടെ. നിങ്ങൾക്കു പ്രശ്നങ്ങൾ ഉണ്ട്. എല്ലാവർക്കുമുണ്ട് ദുരിതങ്ങൾ. നിങ്ങളുടെ ഉള്ളിൽ പരിഹരിക്കുവാൻ കഴിയാത്ത അനേകമനേകം വേദനാ വിഷയങ്ങൾ ഇരുന്നു വിങ്ങുന്നുണ്ട്. പുറമെ നിങ്ങൾ കരയുന്നില്ല. പക്ഷെ, ഹൃദയം നൊന്തു നൊന്തു വിതുമ്പുന്നു.

നിങ്ങളുടെ ഉടമസ്ഥൻ യേശുവാണ്. ഒരു കൂട്ടായ്മയോ സഭയോ അല്ല. നമുക്കു നോക്കുവാൻ യേശു മാത്രമേ ഉള്ളു. നമുക്ക് ആശ്രയിപ്പാനും യേശുവേയുള്ളു. മറ്റാരിലുമല്ല, ക്രിസ്തുവിലാണ് എന്റെ ആശ്രയം എന്ന ഉറപ്പ് നിങ്ങൾക്ക് വേണം.

നാം ചവിട്ടുന്ന പ്രതലങ്ങൾ പലപ്പോഴും തെന്നി പ്പോയെന്നിരിക്കും. ഈ ലോകമല്ലേ, തെന്നിപ്പോകും. ചിലപ്പോൾ വഴുതി വീണു എന്നും വരും. കാലൊന്നു ഊന്നി നോക്കി. ഒരിടത്തും ഉറപ്പു കിട്ടുന്നില്ല. എന്നാൽ ക്രിസ്തു എന്ന പാറമേൽ ചവിട്ടിയാൽ വീഴുകയില്ല. ഈ പാറമേൽ ആണ് നിങ്ങളുടെ കാൽ ഊന്നുന്നതെങ്കിൽ വീഴുകയില്ല. അന്ത്യം വരെ ഉറച്ചു നിൽക്കും.

പൗലൊസ് അപ്പൊസ്തലൻ പ്രാഗത്ഭ്യത്തോടെ പറഞ്ഞതുപോലെ, നല്ലപോർ പൊരുതി, ഓട്ടം തികച്ച്, വിശ്വാസം കാത്ത്, നീതിയുടെ കിരീടം വാഞ്ഛിച്ചു കൊണ്ട് നമുക്കും ക്രിസ്തുവിന്റെ അരികിൽ ചെല്ലാം.

മനുഷ്യൻ ഒരു യന്ത്രക്കുതിരയെപ്പോലെയാണ്. സ്വത വേ നിസ്സഹായനാണ്; കഴിവില്ല, ചലനമില്ല, സ്വന്തമായി ശക്തിയില്ല. അതതു ബട്ടൺ അമർത്തിയാൽ അതു ചലിക്കും, ഉയരും, പറക്കും, നിൽക്കും. ബട്ടൺ അമർത്തിയാൽ ശക്തി പ്രവഹിക്കുവാനും പ്രവർത്തിക്കുവാനും ഉള്ള സംവിധാനം ഉണ്ട്. പ്രിയ സഹോദരാ, സഹോദരി, നിങ്ങൾ ഇന്നു ചലനം ഇല്ലാത്തവരായി ഇരിക്കുകയാണ്. നിങ്ങൾ നിർജ്ജീവരാണ്. മുഖം വാടിയവരാണ്. ദുഃഖിതരാണ്. ഉത്സവം പോയിട്ട് ഒന്നു ചിരിക്കാൻ പോലും പറ്റാത്തവരാണ്.

ചിലർ പറയും: സാറേ, എന്റെ ചിരിയൊക്കെ മാഞ്ഞു. എന്റെ ചിരിയൊക്കെ തീർന്നു. ചിരി ഉണ്ടായിരുന്ന ഒരു കാലം ഉണ്ടായിരുന്നു, ഇന്നു ചിരിയില്ല, സന്തോഷമില്ല. എപ്പോഴും ഒരു മ്ലാനത! കാരണം എന്താണ്?

സ്നേഹിതാ, താങ്കളുടെ പ്രശ്നപരിഹാരം ഇതാ, മുമ്പിൽ നിൽക്കുന്നു. ശക്തിയുടെ പ്രഭവം, ഇതാ, നിന്റെ അടുക്കൽ നിൽക്കുന്നു. നീ തൊടേണ്ടിടത്തു തൊട്ടാൽ മതി, ശക്തി പ്രസരിക്കും. തൊടുവാൻ പാകത്തിനവൻ നിന്റെ സമീപത്തു വന്നു നിൽക്കുന്നു. അവനാണ് കർത്താവായ യേശുക്രിസ്തു.

അവനോടു നീ അപേക്ഷിച്ചാൽ മതി. കർത്താവേ, ഞാൻ ചവിട്ടിയ ഇടം എല്ലാം ഇളകി. ഒരിടത്തും കാലൂന്നുവാൻ സാധിച്ചില്ല. ചെന്നിടത്തെല്ലാം പരാജയമാണ്. തൊട്ടിട ത്തെല്ലാം അബദ്ധം ആണ്. എനിക്ക് ഏതാണ്ടൊക്കെ ജ്ഞാനം ഉണ്ടെന്നു തോന്നി. ഞാൻ ഒരുവിധം നീതിമാൻ ആണെന്നെനിക്കു തോന്നി. എന്നാൽ ദൈവവചനം കേട്ടു,

കേട്ടു വരുമ്പോൾ ഞാൻ ഒട്ടുംതന്നെ നീതിമാനല്ലെന്നു മനസ്സിലാകുന്നു. എനിക്കു ഒട്ടേറെ കാര്യങ്ങൾ തിരുത്തുവാനുണ്ടെന്നു ഇപ്പോൾ മനസ്സിലാകുന്നു. കാരണം, വി. ബൈബിൾ പറയുന്നു,

> "തനിക്കു തന്നെ ജ്ഞാനിയെന്നു തോന്നുന്ന മനുഷ്യനെ നീ കാണുന്നുവോ? അവനെക്കുറിച്ച് ഉള്ളതിനെക്കാളും മൂഢനെക്കുറിച്ചു അധികം പ്രത്യാശ ഉണ്ട്."
>
> സദൃശ്യവാക്യങ്ങൾ 26:12

ഞാൻ ജ്ഞാനിയെന്നു തോന്നുന്നവരുണ്ട്. അവർക്ക് സ്വയം തോന്നുകയാണ്, ഞാൻ ആത്മീയനാണ്, എനിക്കല്പം വേദപുസ്തക നിശ്ചയം ഉണ്ട്, ഞാൻ കുറേശ്ശെ പ്രസംഗിക്കും. പിന്നെ, എനിക്കു പറയത്തക്ക പാപമൊന്നുമില്ല. സാധാരണ മനുഷ്യരെക്കാൾ ഭേദമായിട്ടല്ലേ ഞാൻ ജീവിക്കുന്നത്? വേറാരുടെയും തട്ടിപ്പറിക്കാനൊന്നും ഞാൻ പോകുന്നില്ല. ആരെയും വഞ്ചിക്കാനും ആരുടെയും മോഷ്ടിപ്പാനും പോകുന്നില്ല. ദൈവത്തിന്നു ഇതൊക്കെ അറിയാമല്ലോ, ഇങ്ങനെ ചിന്തിക്കുന്നതാണ് മൗഢ്യം.

തനിക്കുതന്നെ നീതിമാൻ ആണെന്നു തോന്നുന്നവർക്ക് കുറ്റബോധമില്ല. ഇങ്ങനെ ഉള്ളവനെക്കുറിച്ച് ഉള്ളതിനേക്കാൾ മൂഢനെക്കുറിച്ച് അധികം പ്രത്യാശ ഉണ്ട്. വെറും പമ്പര വിഡ്ഢിയായ ഒരാളെക്കാൾ കഷ്ടം ആണ് തനിക്കു തന്നെ നീതിമാനാണെന്നു തോന്നുന്നവന്റെ അവസ്ഥ.

പ്രിയ സഹോദരാ, സഹോദരീ, നിനക്ക് അങ്ങനെ തോന്നിയിട്ടുണ്ടോ? നിങ്ങൾ ദൈവസന്നിധിയിൽ പ്രാർത്ഥിക്കുവാൻ ഇരിക്കുമ്പോൾ, അല്ലെങ്കിൽ ഒരു സാക്ഷ്യം പറയുമ്പോൾ, എനിക്ക് ഇന്നിന്ന പാപങ്ങൾ ഉണ്ട് കർത്താവേ, എനിക്ക് ഒട്ടേറെ കാര്യങ്ങളിൽ ശരിയാകാനുണ്ടല്ലോ എന്നു

പറയാൻ സാധിച്ചിട്ടുണ്ടോ? മനുഷ്യരെ കാണിക്കാനല്ല, നിങ്ങളുടെ ഹൃദയത്തിൽ നിന്ന്, “അയ്യോ, എനിക്ക് ഇന്നിന്ന പാപങ്ങൾ ഇന്നും മാറാതെ നിൽക്കുന്നല്ലോ” എന്ന് പറയാൻ കഴിയുന്നുണ്ടോ?

പ്രിയ സ്നേഹിതാ, താങ്കൾ വചനം കേൾക്കുന്നുണ്ട്. പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ ചിന്തിക്കുന്നുണ്ടോ, എന്റെ ദൈവമേ, എന്റെ പഴയ മനുഷ്യ പ്രകൃതി മാറിയിട്ടില്ലല്ലോ, ഉള്ള് സന്തോഷത്തിന്റെ പ്രസരിപ്പുകൊണ്ട് ജ്വലിക്കുന്നില്ലല്ലോ, ഹൃദയത്തിൽ ഉത്സവം ഇല്ലല്ലൊ.

അതോ, എനിക്ക് കുഴപ്പം ഒന്നുമില്ല, മറ്റുള്ളവരേക്കാൾ ഞാൻ ഭേദമാണ് എന്നാണോ കരുതുന്നത്? കുറ്റബോധം കിട്ടുന്നില്ല, പാപബോധം കിട്ടുന്നില്ല. ഇങ്ങനെ ഉള്ളവരെക്കുറിച്ച് വി. ബൈബിളിൽ പറയുന്നു,

> “താൻ അല്പനായിരിക്കെ മഹാൻ ആകുന്നു എന്ന് ഒരുത്തൻ നിരൂപിച്ചാൽ തന്നെത്താൻ വഞ്ചിക്കുന്നു.”
>
> ഗലാത്യർ 6:3

നിങ്ങൾ ചിന്തിച്ചു നോക്കണം. നിങ്ങൾക്ക് കുറ്റബോധം കിട്ടുന്നുണ്ടോ? പാപബോധം കിട്ടുന്നുണ്ടോ? പാപബോധം തരുന്നത് പരിശുദ്ധാത്മാവാണ്. കുറ്റബോധം നിങ്ങൾക്ക് വരുന്നില്ലെങ്കിൽ പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവർത്തിക്കുന്നില്ല എന്നർത്ഥം. പരിശുദ്ധാത്മാവിന്നു നിങ്ങളിൽ പ്രവർത്തിക്കുവാൻ നിങ്ങൾ വഴി തുറന്നിട്ടില്ല. പിന്നെ എങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങളിൽ പ്രവഹിക്കും? പിന്നെ എങ്ങനെ ആത്മാവിൽ പറക്കും?

യാന്ത്രിക കുതിരപ്പുറത്ത് കയറി ഇരുന്നുകൊണ്ട് വലിയ ഉച്ചത്തിൽ അട്ടഹസിച്ചാലും ചാടിയാലും മറിഞ്ഞാലും കുതിര

അനങ്ങുകയില്ല. കുതിര ചലിക്കണമെങ്കിൽ അകത്തുകൂടി ശക്തി പ്രവഹിക്കണം. ശക്തി പ്രവഹിക്കണമെങ്കിൽ അതിനുള്ള വഴി ഒരുക്കണം.

പരിശുദ്ധാത്മാവിന്നു എന്നിൽ പ്രവർത്തിക്കുവാൻ ഇടമുണ്ടോ എന്നറിയാൻ ഒറ്റ ലക്ഷണം നോക്കിയാൽ മതി – എനിക്കു കുറ്റബോധം കിട്ടുന്നുണ്ടോ? ഒരു തകർന്ന മനസ്സ് വരുന്നുണ്ടോ? അതോ നിങ്ങൾ മറ്റുള്ളവരെ ആരെയെങ്കിലും വിധിക്കുകയാണോ? മറ്റുള്ളവരുടെ തെറ്റാണോ നിങ്ങളുടെ മനസ്സിലേക്കുവരുന്നത്?

ചിലർ ചിന്തിക്കും, ഞാൻ ഇങ്ങനെ ആയത് എന്റെ ഭർത്താവിന്റെ കുഴപ്പം കൊണ്ടാണ്. അദ്ദേഹത്തിന്റെ ദുശ്ശീലം കൊണ്ടാണ് എനിക്കീ ദുർഗ്ഗതി വന്നത്. മറ്റുചിലർ കരുതും എന്റെ ഭാര്യ എപ്പോഴും ശല്ല്യപ്പെടുത്തുന്ന രീതിയിൽ സംസാരിക്കുന്നതു കൊണ്ടാണ് എനിക്ക് ഒരാത്മീയനായി വളരുവാൻ സാധിക്കാത്തത്. എന്റെ മക്കളുടെ ഉഴപ്പും ദുശ്ശീലവും പ്രാർത്ഥന ഇല്ലായ്മയും ആണ് എനിക്ക് ആത്മീക നാകാൻ സാധിക്കാത്തതിന് കാരണം. അല്ലെങ്കിൽ, കൂട്ടായ്മയിൽ ഇന്ന ആൾ കാരണമാണ് എനിക്ക് ആത്മീകമായി ശക്തിപ്രാപിക്കാൻ സാധിക്കാത്തത്.

ഇങ്ങനെ നിങ്ങൾ മറ്റുള്ളവരുടെ കുറ്റം കാണുകയാണോ? അതോ, എനിക്ക് ഇന്ന തെറ്റുണ്ട് എന്ന് കാണുകയാണോ? സ്വന്തം തെറ്റ് കാണുന്നു എങ്കിൽ അവിടെ പരിശുദ്ധാത്മാവ് പ്രവർത്തിക്കും. എനിക്ക് ഇന്ന കാര്യം തിരുത്തുവാനുണ്ട്; ഇങ്ങനെ ഞാൻ പോയാൽ ദൈവം തന്റെ വിശുദ്ധന്മാർക്ക് വേണ്ടി കരുതിയിരിക്കുന്ന ദൈവരാജ്യത്തിൽ ഞാൻ ചെല്ലുക യില്ല, എന്നുള്ളതായ ചിന്ത നിങ്ങളെ ഭരിക്കട്ടെ. എന്റെ അഹങ്കാരം കൊണ്ട്, സ്വാർത്ഥത കൊണ്ട് ഞാൻ ദൈവ

രാജ്യത്തിൽ പോവുകയില്ല എന്നുള്ള തിരിച്ചറിവ്. അതാണ് നമുക്കാവശ്യം.

ഒരാൾ തന്റെ ആത്മാവിന്റെ അവസ്ഥ ഗുരുതരം ആണെന്നു തിരിച്ചറിയുന്നതാണ് സുബോധം എന്നു പറയുന്നത്. അങ്ങനെ കുറ്റബോധം കിട്ടിയ അനേകരുണ്ട്. പാപത്തെ ഓർത്തു കരയുന്നവർ, തകർന്ന മനസ്സുള്ളവർ, പാപം ജീവിതത്തിൽ മേലാൽവരരുത് എന്ന നിർബ്ബന്ധം ഉള്ളവർ, അനേകരുണ്ട്.

പ്രിയ സ്നേഹിതാ, താങ്കളുടെ ജീവിതത്തിൽ എനിക്കു കുറ്റം ഒന്നും ഇല്ല എന്നു തോന്നിയാൽ താങ്കൾ പിശാചിന്റെ കയ്യിൽ അമർന്നു കഴിഞ്ഞു എന്നു തീരുമാനിക്കാം. എന്നാൽ കുറ്റബോധം കിട്ടിക്കഴിഞ്ഞാൽ ഉത്സവം തുടങ്ങാം.

> "മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന്ന്
> എന്റെ ജനത്തെ വിട്ടയക്കേണം."
>
> പുറപ്പാട് 5:1.

ഉത്സവം ഇന്നു തന്നേ ആരംഭിക്കണം. സന്തോഷം തരാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

എനിക്കു സന്തോഷം കിട്ടുന്നില്ലല്ലോ എന്ന് പരി തപിക്കുന്ന അനേകരുണ്ട്. എന്റെ പ്രശ്നം മാറുന്നില്ലല്ലോ, ദുരിതം, രോഗം, കടം എന്നിവ എന്റെ ജീവിതത്തിൽ തീരുന്നില്ലല്ലോ, ഞാൻ ഇനി എന്താണ് ചെയ്യുക എന്നിങ്ങനെ നീ നിരാശപ്പെടല്ലേ; ഭാരപ്പെടല്ലേ. നിങ്ങൾ ദൈവത്തിന്റെ അരുളപ്പാട് വിശ്വസിക്കൂ:

> "അതിന്റെ ശേഷം മോശെയും അഹരോന്നും ചെന്നു ഫറവോന്നോട്: മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ

വിട്ടയക്കേണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു."

പുറപ്പാട് 5:1.

എന്താണ് ദൈവം കല്പിക്കുന്നത്? മരുഭൂമിയിൽ ഉത്സവം തരാമെന്ന്. എവിടെയാണ് ഉത്സവം? മരുപ്പറമ്പാണ്, മണലാരണ്യമാണ്, ഊഷര ഭൂമിയാണ്. ഒരിറ്റു വെള്ളമില്ല. ഒന്നിളയ്ക്കാൻ ഒരു ചെറുതണൽ പോലുമില്ല. ഇവിടെ ദാഹിച്ചു വലയും. ഉഷ്ണക്കാറ്റേറ്റു വിഷമിക്കും. ഇടയ്ക്കിടക്ക് ഉഷ്ണക്കാറ്റ് അടിച്ചു കൊണ്ടുള്ള ചുഴലിക്കാറ്റുകളും അതിനോടു ചേർന്നു വരുന്ന ഭയങ്കരമായ ആപത്തുകളും ഉണ്ടാകും.

പക്ഷെ കർത്താവ് പറയുന്നു, മരുഭൂമിയിൽ ഉത്സവം തരാമെന്ന്. നരകമാണെന്ന് പറയുന്ന നിന്റെ വീട് കർത്താവ് സ്വർഗ്ഗം ആക്കി തരാമെന്ന്!

എന്നും ദുരിതം, കഷ്ടപ്പാട്, ചീത്തവിളി കേൾക്കണം. ഭർത്താവിന്റെ തല്ലുകൊള്ളണം. സഹോദരീ, നീ വിഷമിക്കുകയാണ്. ഭാര്യയുടെ പരിഭവം കേൾക്കണം, മുഖം കറുപ്പിച്ചുള്ള നടപ്പു കാണണം, സഹോദരാ, നീ നീറുകയാണ്. മരുഭൂമിയിൽ ഉത്സവം – അതിനുള്ള മാർഗ്ഗം എന്താണെന്ന് നീ ചോദിക്കുകയാണ്. അങ്ങനെയൊരു സുഖം ഉണ്ടെങ്കിൽ എനിക്കും വേണമല്ലോ, നീ കൊതിക്കുകയാണ്.

ജീവനുള്ള ദൈവം വലിയവനാണ്, ഉന്നതനാണ്. അവൻ സ്നേഹമാണ്. അവൻ കരുണയാണ്. നിങ്ങൾക്കു ഉത്സവം ലഭിക്കാനുള്ള മാർഗ്ഗം കർത്താവ് തരികയാണ്. എന്താണ് മാർഗ്ഗം? ഉത്തരം ആ വാക്യത്തിൽ തന്നെയുണ്ട്:

"എന്റെ ജനത്തെ വിട്ടയക്കേണം."

പുറപ്പാട് 5:1

ദൈവജനം ഫറവോന്റെ അടിമത്വത്തിലാണ്. പാപത്തിന്റെ അടിമത്വത്തിലാണ്. ശാപത്തിന്റെ അടിമത്വത്തിലാണ്. ദൈവത്തിന്റെ സ്വന്ത ജനം, താൻ സ്നേഹിക്കുന്ന ജനം, അവർ പിശാചിനു അടിമപ്പണി ചെയ്യുന്നു. എന്തുകൊണ്ടാണ് രക്ഷപ്പെടണമെന്ന് ആഗ്രഹിച്ചിട്ടും നടക്കാത്തത്? നിങ്ങൾക്ക് ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. നിങ്ങൾ സാത്താന്റെ അടിമത്വത്തിലാണ്. നിങ്ങൾ സാത്താന്റെ ഹിതം അനുഷ്ഠിക്കുന്നവരായിട്ടാണ് ഇന്നു ജീവിക്കുന്നത്.

എത്രയോ പേർ മദ്യപാനം എന്ന വിപത്ത് ഒന്നു മാറിക്കിട്ടുവാൻ അദ്ധ്വാനിക്കുന്നു. പറ്റുന്നില്ല, പിന്നെയും കുടിച്ചു പോകുന്നു. വൈകുന്നേരം മദ്യപിച്ച് വീട്ടിൽ വന്നു അസ്വസ്ഥനാകുമ്പോൾ തീരുമാനിക്കും, വേണ്ടാ, ഇനി കുടിക്കുകയില്ല! പിറ്റേന്നു രാവിലെ പുതിയ തീരുമാനവും ആയിട്ടാണ് വീട്ടിൽ നിന്നും ഇറങ്ങുന്നത്. പക്ഷെ വൈകുന്നേരം ആകുമ്പോഴേക്കും ആരോ പിടിച്ചു വലിച്ചുകൊണ്ടു പോകുന്നതു പോലെ വീണ്ടും മദ്യഷാപ്പിലേക്ക്.

അനേകം സ്ത്രീകളുടെ അനുഭവം അതിലും കഷ്ടമാണ്. ഒരു സ്ത്രീ എന്നോട് നേരിട്ട് പറഞ്ഞതാണ്. എന്റെ സാറേ, ഇന്നലെയും തല്ലി. നേരം വെളുത്തപ്പോൾ ഭർത്താവ് കരഞ്ഞുകൊണ്ട് പറയുകയാണ്: അയ്യോ, ഞാൻ നിന്നെ തല്ലി, അല്ലേ? എനിക്കു നിന്നോട് വഴക്കൊന്നും ഇല്ല, കേട്ടോ. നീ എന്നോട് ക്ഷമിക്കണം. ഇനി ഞാൻ കുടിക്കില്ല. നിന്നെ തല്ലുകയും ഇല്ല. സാറേ അന്നും വൈകുന്നേരം ആയപ്പോൾ ആരോ പിടിച്ചുകൊണ്ടു പോകുന്നതുപോലെ ഷാപ്പിലേക്കു പോയി. ആ സ്ത്രീ ദുഃഖത്തോടെ പറയുകയാണ്. ബന്ധനം! പിശാചിന്റെ ബന്ധനം അഴിയുന്നില്ല.

എത്രയോ തരത്തിലാണ് ബന്ധനങ്ങൾ. ശാപങ്ങളുടെ ബന്ധനം, രോഗങ്ങളുടെ ബന്ധനം, തലമുറകളായി ബന്ധനം പടർന്നുവന്നു. രക്തത്തിൽ കൂടി, സിരകളിൽ കൂടി ബന്ധനം വരികയാണ്. തലമുറകളിൽ നിന്നും വന്ന ശാപങ്ങൾ അപ്പനിൽ കൂടിയും അമ്മയിൽ കൂടിയും നമ്മുടെ രക്തത്തിൽ വന്ന് അടിഞ്ഞുകൂടി നിൽക്കുകയാണ്.

പൂർവ്വീകർ, അവരാരെങ്കിലും വല്ല കൊലപാതകവും ചെയ്തിട്ടുണ്ടാകുമോ? പുറത്തു പറയാൻ ലജ്ജിക്കുന്ന ഹീന പ്രവൃത്തികൾ എന്തെങ്കിലും ചെയ്തിട്ടുണ്ടാകുമോ? പാവപ്പെട്ട സ്ത്രീകളെ അപമാനിക്കയോ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ടാകുമോ? അതിന്റെയെല്ലാം ബന്ധനങ്ങളും ശാപങ്ങളും പിന്നാലെ വരുന്ന അടുത്ത തലമുറയിലേക്കും വരുന്നു. അതിന്മേൽ അവകാശം പറഞ്ഞ് സാത്താൻ അനേകരെ പിടിമുറുക്കി വെച്ചിരിക്കുകയാണ്.

തലമുറകളായി പാപത്തിന്റെ ബന്ധനം നമ്മെ പിൻതുടരുമെന്ന് തിരുവചനം പറയുന്നു:

> ‘‘നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു. എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കും.”
>
> പുറപ്പാട് 20:5, സംഖ്യ.14:17, ആവർത്തനം 5:9

> “കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെ മേലും മക്കളുടെ മക്കളുടെ മേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ.”
>
> ആവർത്തനം 5:9

"പിതാക്കന്മാരുടെ അകൃത്യത്തിന്നു അവരുടെ ശേഷം അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കുന്നു."

യിരെമ്യാവ് 32:18

ശ്ജശ്ജശ്ജശ്ജശ്ജ

## രണ്ട്

‘‘അവർ യഹോവയെ: അവൻ നല്ലവൻ, യിസ്രായേലിനോടു അവന്റെ ദയ എന്നേക്കും ഉള്ളത് എന്നിങ്ങനെ വാഴ്ത്തി സ്തുതിച്ചും കൊണ്ട് ഗാനപ്രതിഗാനം ചെയ്തു. അവർ യഹോവയെ സ്തുതിക്കുമ്പോൾ യഹോവയുടെ ആലയത്തിന്റെ അടിസ്ഥാനം ഇട്ടതു കൊണ്ട് ജനമെല്ലാം അത്യുച്ചത്തിൽ ആർത്തു ഘോഷിച്ചു.”

എസ്രാ 3:11.

ശലോമോനും അവനോടു കൂടെയുള്ള ജനവും ഉത്സവം ആഘോഷിച്ചു. ഏഴു ദിവസം പിന്നെയും ഉത്സവം ആചരിച്ചു. യിസ്രായേലിന്നു ചെയ്ത എല്ലാ നന്മയെക്കുറിച്ചും ആനന്ദം ഉള്ളവരായി അവരുടെ കൂടാരങ്ങളിലേക്കു പറഞ്ഞയച്ചു

നമുക്ക് എല്ലാവർക്കും സന്തോഷം വേണം. പല കാരണങ്ങളാൽ ഇന്നു അനേകർക്കും സന്തോഷം ഇല്ല. ഒരു ജോലി ഇല്ലാത്തവരുണ്ട്; സന്തോഷം ഇല്ല. വിവാഹം പലത് ആലോചിച്ചിട്ടും നടക്കാത്തവരുണ്ട്; ഉറ്റവർ പെട്ടന്നങ്ങ് കടന്നു പോയി; സമാധാനമില്ല. പ്രിയപ്പെട്ട ഭർത്താവ് അല്ലെങ്കിൽ ഭാര്യ

നിനച്ചിരിയാതെ കടന്നു പോയി; ചിന്തിക്കാൻ വയ്യ. കിളിയങ്ങ് കൂടുതുറന്നു പറന്നു പോകുന്നപോലെ പൊയ്ക്കഴിഞ്ഞു; ഒന്നു തിരിച്ചു കിട്ടുമോ? വിവിധ കാര്യങ്ങളിൽ ഉത്സവമില്ലാതെ, സന്തോഷമില്ലാതെ കഴിയുന്നവർ.

നല്ലോരു ബിസിനസ്സ് ആയിരുന്നു. സൽപ്പേര് ഉണ്ടായിരുന്നു. പക്ഷെ ബിസിനസ്സ് തകർന്നു; കടം വന്നു കൂടി. എങ്ങനെ മനുഷ്യരുടെ മുഖത്തു നോക്കും? ദുഃഖമാണ്, മ്ലാനതയാണ്, സന്തോഷമില്ല. ഉത്സവമില്ല.

നാലപ്പാട്ടു നാരായണമേനോന്റെ കണ്ണുനീർത്തുള്ളി എന്ന വിലാപ കാവ്യത്തിലെ ഒരു ഭാഗം നോക്കൂ:

ഉരുക്കിടുന്നു, മിഴിനീരിലിട്ട്
മുക്കുന്നു മുറ്റും ഭുവനൈക ശില്പി
മനുഷ്യഹൃത്താം കനകത്തെ ഏതോ
പണിത്തരത്തിന്നുപയുക്തമാക്കാൻ.

ഈ വിശ്വശില്പി ആയ, ദൈവംതമ്പുരാൻ മനുഷ്യന്റെ ഹൃദയത്തെ കഷ്ടത ആകുന്ന തീയിലിട്ട് ഉരുക്കും. ഉരുക്കി ഉരുക്കി കണ്ണുനീരിലിട്ട് മുക്കും. എന്നിട്ട് പണിപ്പെട്ട്, മനുഷ്യ ഹൃദയമാകുന്ന സ്വർണ്ണകട്ടയെ ഏതോ മനോഹരമായ ആഭരണം ആക്കിക്കൊണ്ടിരിക്കുകയാണ്. മനുഷ്യ ജീവിതത്തിൽ ദുരിതം ഉണ്ടെന്നാണ് കവി പാടിയത്. മനുഷ്യ ജീവിതത്തിൽ കഷ്ടതകളുണ്ടെന്ന് കവികളും തത്വചിന്തകന്മാരുമെല്ലാം പറയുന്നുണ്ട്.

സുഭദ്രാകുമാരി ചൗഹാൻ എന്ന സുപ്രസിദ്ധ കവയിത്രി പാടിയിരിക്കുന്നു:

“शिशु ने दुनिया में आकर
रो रो कर हँसना सीखा

गिर गिर कर चलना सीखा”

ശിശു ലോകത്തിൽ പിറന്നിട്ട് കരഞ്ഞ് കരഞ്ഞ് ചിരിക്കാൻ പഠിച്ചു. വീണ് വീണ് നടക്കാൻ പഠിച്ചു എന്നതാണ് കവിതയുടെ ആശയം.

എന്നാൽ നമുക്കെല്ലാവർക്കും സന്തോഷം വേണ്ടേ? സൗഭാഗ്യം വേണ്ടേ? നമുക്കു ഉത്സവം വേണ്ടേ? ഈ ലോകത്തു ജീവിക്കുമ്പോൾ നമുക്കു ഉത്സവം വേണം. നമ്മുടെ ഹൃദയത്തിൽ സ്വർഗ്ഗ സന്തോഷവും സമാധാനവും തുടങ്ങണം. ഹൃദയത്തിലേക്കു സ്വർഗ്ഗം വരണം.

അനേകർ, നേരിട്ടും അല്ലാതെയും സംസാരിക്കാറുണ്ട്. പല പല പ്രശ്നങ്ങളാൽ വലയുന്നവർ! ഞാൻ അവരോട് ആത്മാർത്ഥമായി പറഞ്ഞു കൊടുക്കാറുണ്ട്, പ്രശ്നങ്ങളും ദുരിതങ്ങളും ഏറിയും കുറഞ്ഞും എല്ലാവരുടെയും ജീവിതത്തിലുണ്ട്. എന്നാൽ ഒരു കാര്യം ഓർമ്മയിൽ വെയ്ക്കുക, നിങ്ങളുടെ ജീവിതത്തിൽ പ്രശ്നങ്ങൾ വരുമ്പോൾ ആ പ്രശ്നങ്ങളിലേക്ക് നോക്കി നിരാശപ്പെടാതെ കർത്താവിന്റെ മുഖത്തേക്കു പ്രത്യാശയോടെ നോക്കുക.

കർത്താവിനോട് പറയുക: “എന്റെ ദൈവമേ, അവിടുന്ന് കരം നീട്ടിയാലേ ഈ പ്രശ്നങ്ങൾക്കു പരിഹാരം ഉള്ളൂ. അവിടുത്തെ ആണിപ്പാടുള്ള, തിരുരക്തം പൊടിയുന്ന കരം ഒന്നു നീട്ടിയാൽ നാഥാ, എന്റെ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാകും. നീ എന്റെ ജീവിതത്തിൽ ഒന്നു തൊട്ടാൽ മതി.”

പക്ഷെ എന്റെ ജീവിതത്തെ ഒന്നു തൊടുവാൻ എനിക്ക് യോഗ്യതയില്ല നാഥാ, നീ അതിവിശുദ്ധനാണ്; ഞാൻ അശുദ്ധനും. അതുകൊണ്ട് എന്റെ ഓർമ്മവെച്ച കാലം മുതലുള്ള എന്റെ പാപങ്ങൾ ഞാൻ കണ്ടുപിടിക്കുന്നു. ഞാൻ അവയെ ഓർത്ത് അനുതപിക്കുന്നു. കാരണം, ആ പാപങ്ങൾ

മൂലം എന്നെ നശിപ്പിക്കുന്ന പിശാചിനു ഞാൻ എന്റെ ഹൃദയത്തിൽ ഇടം കൊടുത്തുപോയി. അതു പൂർവ്വീകന്മാരുടെ പാപങ്ങൾ മൂലമാണെന്ന് പറഞ്ഞു കൊണ്ടിരുന്നാലും ഫലമില്ല. എന്റെ പാപങ്ങൾ മൂലമാണ് സാത്താന് എന്നിൽ അവകാശം കിട്ടിയത്. അതുകൊണ്ട് ഞാൻ എന്റെ പാപം തിരുമുമ്പാകെ ഏറ്റുപറയുന്നു. കാരണം, നിന്റെ വചനം പറയുന്നു,

> "നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."
>
> 1 യോഹ.1 :7–9

അതു തിരുവചനമാണ്; വചനം ഞാൻ വിശ്വസിക്കുന്നു.

ഏറ്റു പറഞ്ഞാൽ പോരാ, ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും എന്നാണ് അവിടുത്തെ വചനം പറയുന്നത്:

> "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞുപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."
>
> സദൃശ്യവാക്യങ്ങൾ 28:13

ഇനി ആയുസ്സിൽ എന്റെ ജീവിതത്തിൽ മനസ്സറിഞ്ഞ് ഒരു പാപം വരികയില്ല. ഞാൻ ഒരു പുതിയ മനുഷ്യൻ ആയിരിക്കും. ''കർത്താവേ, നീയെന്റെ സമർപ്പണം കൈക്കൊണ്ട് എന്റെ പാപം ക്ഷമിച്ച് തരണം. അപ്പോഴേ നിനക്കെന്നെ തൊടുവാൻ പറ്റൂ. പാപം നീ ക്ഷമിച്ചു തന്നാൽ മാത്രമേ പിശാച് എന്നിൽ നിന്ന് പിടി വിടൂ."

പ്രിയപ്പെട്ടവരെ, നിങ്ങൾ വചനത്തിൽ ഊന്നിക്കൊണ്ട് കർത്താവിന്റെ അടുക്കലേക്ക് ചെല്ലണം. ഏറ്റവും നല്ലത് ദൈവം തരും. അപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ സ്വർഗ്ഗം ആരംഭിക്കും. തുടർന്ന് ഈ സ്വർഗ്ഗത്തിന്റെ ദീപ്തി പരിസരങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കും; ഭാര്യയിലേയ്ക്ക്, ഭർത്താവിലേയ്ക്ക്, കുടുംബം മുഴുവൻ, അയൽപക്കത്തേയ്ക്ക്, ജോലിസ്ഥലത്തേയ്ക്ക്.

ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിമൂന്ന് മെയ് മാസം പതിനൊന്നാംതീയതി വെള്ളിയാഴ്ച രാവിലെ ഒമ്പത് മുപ്പതിന് കർത്താവിന്റെ പരിശുദ്ധനായ ഒരു ദൈവപുരുഷൻ എന്റെ ഭവനത്തിൽ വന്നു. അദ്ദേഹം അവിടെയിരുന്ന് മതിമറന്ന് സ്തുതിക്കാൻ തുടങ്ങി. സ്തുതിച്ചിട്ട് പറഞ്ഞു, ഈ പ്രദേശം മുഴുവനും മാലാഖമാരെ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാൻ പൊട്ടിപ്പൊട്ടി കരയുകയായിരുന്നു. എന്തിനാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. തകർന്നും നുറുങ്ങിയതുമായ ഹൃദയത്തോടെ. എന്റെ പാപങ്ങൾ ക്ഷമിച്ചു തന്ന കർത്താവിനോടുള്ള നന്ദികൊണ്ടായിരുന്നു ഞാൻ കരഞ്ഞത് എന്ന് അന്ന് എനിക്കറിഞ്ഞു കൂടായിരുന്നു.

അതിന്റെ തൊട്ടു കഴിഞ്ഞ രാത്രിയിൽ ഞാനെന്റെ പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് അനേക കാര്യങ്ങളിൽ നീക്കുപോക്കു വരുത്തുവാൻ തീരുമാനിച്ചിരുന്നു. ഞാൻ അതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു സ്നേഹവും കൃപയും എന്റെ ഹൃദയത്തിൽ നിറഞ്ഞു. ഒരു പുതിയ ശക്തി എന്നിൽ വ്യാപരിച്ചു. ഉത്സവത്തിന്റെ ആത്മലഹരിയിൽ ഞാൻ ദൈവത്തെ സ്തുതിച്ചു.

തകർന്ന ഹൃദയത്തിൽ നിന്നാണ് സ്വർഗ്ഗത്തിന്റെ ദീപ്തി പരിസരങ്ങളിലേക്ക് വ്യാപിക്കുന്നത്. അങ്ങനെ നാം

ജീവിക്കുന്നതാണ് കർത്താവിന്റെ സാക്ഷികൾ ആയി തീരുക എന്നത്. ആ സാക്ഷിയിൻ ജീവിതം ഉള്ളവരിലാണ് ഹൃദയത്തിൽ സ്വർഗ്ഗം വരുന്നത്. സ്വർഗ്ഗം ഹൃദയത്തിൽ വരുന്നതാണ് ഉത്സവം.

ഉത്സവം ആചരിക്കുവാൻ എന്താണ് വേണ്ടത്? ബന്ധനം അഴിയണം.

അതിന്റെ ശേഷം മോശെയും അഹരോനും ചെന്നു ഫറവോനോട്:

> "മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ വിട്ടയക്കേണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു."
>
> പുറപ്പാട് 5:1.

ഫറവോൻ വിട്ടയച്ചെങ്കിൽ മാത്രമേ ഉത്സവം ഉള്ളൂ. ഫറവോന്റെ അടിമത്വത്തിൽ നിന്നു മോചനം കിട്ടിയെങ്കിൽ മാത്രമേ ഉത്സവം ഉള്ളൂ. അനേകർ ബന്ധനത്തിലാണ്. അനേകരുടെ ഓരോ അവയവത്തിലും പാമ്പ് കടിച്ചുതൂങ്ങി കിടക്കുകയാണ്. എന്താണത്? പണ്ട് ഏദൻതോട്ടത്തിൽ കടന്നു വന്ന പാമ്പ്, സാത്താൻ, അനേകരെ, അനേക ഭവനങ്ങളെ ബന്ധിച്ചിട്ടിരിക്കുന്നു. ശാപങ്ങൾ, പാപങ്ങൾ, എന്നിവ മൂലം പാമ്പിന്റെ ഭയങ്കരമായ വലയത്തിനുള്ളിൽ പിശാച് അനേകരെ കെട്ടിയിട്ടിരിക്കുന്നു; ഫറവോന്റെ കാരാഗൃഹത്തിലായിരിക്കുന്നു.

കാരാഗൃഹത്തിൽ ഉത്സവമില്ല, സന്തോഷമില്ല, സ്തുതിയില്ല.

> "ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്യേണ്ടതിന്നു എന്റെ പ്രാണനെ കാരാഗൃഹത്തിൽ നിന്നു

പുറപ്പെടുവിക്കേണമേ."

സങ്കീ. 142:7

കർത്താവിനോട് പ്രാർത്ഥിപ്പിൻ, കർത്താവേ എനിക്കു നിന്നെ സ്തുതിക്കണം, നിന്നെ ആരാധിക്കണം, വാഴ്ത്തി വണങ്ങണം; അതിന്നു എന്നെ ഫറവോന്റെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കേണമേ. മോചനം സ്വാതന്ത്ര്യമാണ്.

> "സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നിൽപ്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്."

ഗലാ. 5:1

അനേകർ അടിമനുകത്തിൽ കുടുങ്ങി കിടക്കുകയാണ്. സഹോദരരേ, അടിമനുകത്തിൽ വീണ്ടും കുടുങ്ങി പോകരുത്. വിട്ടതും വെറുത്തതും ഇനി തിരികെ എടുക്കരുത്. ഒരിക്കൽ അരുതാത്തത് ചെയ്ത കൈ, ഇനി അതിൽ പാമ്പ് കടിച്ചു തൂങ്ങാൻ വിട്ടു കൊടുക്കരുത്. അരുതാത്തത് ചെയ്ത ഓരോ അവയവങ്ങളോടും നിങ്ങൾ ഉടമ്പടി ചെയ്യണം. എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു എന്ന് ഇയ്യോബ് പറഞ്ഞില്ലേ? (ഇയ്യോബ് 31:1) ഇതുവരെ പിശാചിനു വിട്ടു കൊടുത്ത ഓരോ അവയവങ്ങളും പിശാചിന്റെ കയ്യിൽ നിന്നെടുത്ത് കർത്താവിന്റെ മുമ്പാകെ സമർപ്പിക്കണം. എങ്കിൽ നമുക്ക് ഉത്സവം തുടങ്ങാം.

നമുക്ക് ഉത്സവം തരാൻ, നമുക്ക് മധുരം തരാൻ നമ്മുടെ കരുണയുള്ള കർത്താവ് കയ്പ്പുകാടി കുടിച്ചു. ഉത്സവത്തിന്റെ സ്തുതിഘോഷം തരാൻ സ്നേഹമുള്ള കർത്താവ് തുപ്പലേറ്റു. നമുക്ക് ആനന്ദഘോഷം തരാൻ ക്രൂശിൽ കിടന്ന് എന്റെ ദൈവമേ, എന്റെ ദൈവമേ എന്ന് നിലവിളിച്ചു. നമ്മുടെ ബന്ധനങ്ങൾ അഴിക്കാൻ "പിതാവേ, ഇവർ ചെയ്യുന്നത്

ഇന്നത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" എന്ന് പിതാവിനോട് അക്ഷേിച്ചു.

പ്രിയ സഹോദരരേ, കർത്താവിനോട് ഉള്ളു തുറന്ന് അപേക്ഷിപ്പീൻ. എന്റെ കർത്താവേ, എന്റെ ബന്ധനങ്ങൾ എല്ലാമഴിച്ച് എന്നെ സ്വതന്ത്രനാക്കി എഴുന്നേൽപ്പിക്കേണമേ. ശാപത്തിന്റെയും പാപത്തിന്റെയും പിശാചിന്റെയും ബന്ധനങ്ങൾ എല്ലാം എന്നിൽ നിന്ന് അഴിച്ചുമാറ്റി ഉത്സവത്തിന്റെ സ്തുതി ഘോഷമെനിക്കു നൽകണമേ. നാഥാ, നിന്റെ പരിപാവനമായ രക്തം ചിന്തിയത് എന്റെ പാപക്കറകൾ കഴുകി, എന്റെ ബന്ധനങ്ങൾ അഴിച്ച്, എനിക്ക് ഉത്സവം തരാൻ ആണെന്ന് ഞാൻ വിശ്വസിക്കുന്നു.

## മൂന്ന്

“ഉത്സവം ആചരിക്കുന്ന പുരുഷാരത്തിന്റെ സന്തോഷവും സ്തോത്രവുമായ സ്വരത്തോടു കൂടെ സമൂഹമദ്ധ്യേ ഞാൻ ദൈവാലയ ത്തിലേക്കു ചെന്നതു ഓർത്തു എന്റെ ഉള്ളം എന്നിൽ പകരുന്നു.”

സങ്കീ. 42:4

ശലോമോൻ മനോഹരമായ ഒരു ദേവാലയം പണിതു. ഏഴ് കൊല്ലം കൊണ്ടാണ് ദേവാലയം പണി പൂർത്തീകരിച്ചത്. ദാവീദ് ഈ ദേവാലയം പണിയാൻ ആഗ്രഹിച്ചതാണ്. പക്ഷെ ദാവീദിന് അത് പണിയാൻ ദൈവം അനുവാദം കൊടുത്തില്ല. നീയല്ല ഈ ദേവാലയം പണിയേണ്ടത്, നിന്റെ മകനാണ് പണിയേണ്ടത് എന്ന് ദൈവം അന്നു തന്നേ ദാവീദിനോട് പറഞ്ഞിരുന്നു. അങ്ങനെ ഏഴു കൊല്ലം കൊണ്ട് ശലോമോൻ ദേവാലയം പണിതു.

എവിടെ നിന്നെല്ലാമാണ് അതിനുള്ള സാധനങ്ങൾ എത്തിച്ചത്? നമ്മുടെ മലബാറിൽ നിന്നുപോലും സാധനങ്ങൾ കൊണ്ടുപോയി. ഓഫീർ തങ്കം എന്നു വേദപുസ്തകത്തിൽ

പറയുന്നത് മലബാറിൽ നിന്നു കപ്പലിൽ കൊണ്ടുപോയ വിശിഷ്ടലോഹത്തെപ്പറ്റിയാണ്.

ലോകപ്രസിദ്ധനായ ശലോമോൻ പല സ്ഥലങ്ങളിൽ നിന്നും പൊന്നും, വെള്ളിയും, താമ്രവും, പലതരം തടികളും ശേഖരിച്ച് മനോഹരമായ ഒരു ദേവാലയം വളരെ നാളത്തെ യത്നത്തിനു ശേഷം പണിതു. ദേവാലയത്തിന്റെ പ്രതിഷ്ഠാ ദിവസം വന്നു. കൂടിയിരുന്ന ജനത്തിനു മുമ്പിൽ ശലോമോൻ മുട്ടിന്മേൽ നിന്നുകൊണ്ട് തന്നെത്തന്നെ സമർപ്പിച്ചു പ്രാർത്ഥിച്ചു. ശലോമോൻ ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചു, യാഗങ്ങൾ കഴിച്ചു, ജനത്തിനുവേണ്ടി പ്രാർത്ഥിച്ചു. ജനമെല്ലാം ദൈവത്തിൽ ആനന്ദിച്ച് സന്തോഷിച്ച് ഉത്സവം ആചരിച്ചു കൊണ്ടിരിക്കെ ദേവാലയം പുക കൊണ്ടു നിറഞ്ഞു. ആലയത്തിൽ, ആ പുകയുടെ പശ്ചാത്തലത്തിൽ യഹോവയുടെ തേജസ്സവിടെ ഇറങ്ങി. ശലോമോൻ ദൈവത്തിന്നു പ്രസാദം വരുവാനായി ചെയ്ത മഹത്തായ കാര്യം, ദൈവം അഭിനന്ദിക്കുകയാണ്. ദൈവം അരുളിച്ചെയ്തു:

> “എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം, തങ്ങളെ തന്നെ താഴ്ത്തി, പ്രാർത്ഥിച്ച്, തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുന്നു എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും.”
>
> 2 ദിനവൃത്താന്തം 7:14

ആലയം പണിതവർ എന്റെ നാമം വിളിക്ക പ്പെട്ടവരാണ്. അവർ തങ്ങളെ തന്നേ താഴ്ത്തി പ്രാർത്ഥിക്കണം; ദുർമാർഗ്ഗങ്ങളെ വിട്ട് തിരിയണം. എങ്കിൽ ഞാനവരുടെ പാപം ക്ഷമിക്കും; ഞാൻ അവരുടെ ദേശത്തിനു സൗഖ്യം

വരുത്തിക്കൊടുക്കും. വ്യക്തിക്കു സൗഖ്യം, കുടുംബത്തിനു സൗഖ്യം, ദേശത്തിനു സൗഖ്യം. ഇതെല്ലാം ശലോമോൻ ആനന്ദത്തോടെ കേട്ടു; വലിയ തേജസ്സിറങ്ങുന്നതുകണ്ടു പ്രാർത്ഥിച്ചു.

കർത്താവേ, ഈ ആലയത്തിൽ വന്ന് ആരെങ്കിലും തങ്ങളെ തന്നേ താഴ്ത്തി, പ്രാർത്ഥിച്ച്, നിന്റെ മുഖം അന്വേഷിച്ചാൽ അവരുടെ ആഗ്രഹങ്ങൾ നീ സാധിപ്പിച്ചു കൊടുക്കണമേ. നിന്റെ തിരുനിവാസം എഴുന്നെള്ളി വരുവാൻ പ്രസാദിച്ച ഈ ആലയത്തിൽ ആളുകൾ എവിടെ നിന്നെല്ലാം വരുന്നോ അവരുടെ നല്ല ആഗ്രഹങ്ങൾ നീ സാധിപ്പിച്ചു കൊടുക്കണമേ.

ദൈവം മറുപടി പറഞ്ഞു: ഈ ആലയത്തിൽ വന്ന് എന്റെ സന്നിധിയിൽ മുട്ടുമടക്കുന്ന ഓരോരുത്തരുടേയും പ്രാർത്ഥന ഞാൻ കേൾക്കും. അവരുടെ ആഗ്രഹങ്ങൾ ഞാൻ സാധിപ്പിക്കും. (2 ദിനവൃത്താന്തം 6:12 മുതൽ 42 വരെ കാണുക.)

ദൈവം എവിടെയിരുന്നാലും പ്രാർത്ഥന കേൾക്കയില്ലേ? കേൾക്കും. സർവ്വജഗന്നിയന്താവായ ദൈവം, നാം എവിടെയിരുന്നു പ്രാർത്ഥിച്ചാലും കേൾക്കും. പക്ഷെ, ‘‘സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാകുന്നു, നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം; അത്യുന്നതൻ കൈപ്പണി ആയതിൽ വസിക്കുന്നില്ലതാനും” എന്നരുളിച്ചെയ്ത ദൈവം, തന്റെ കൂടാരം അടിക്കാൻ തിരഞ്ഞെടുത്ത സ്ഥലത്തിന്ന് ചില സവിശേഷതകൾ ഉണ്ട്. നിങ്ങൾ ദൈവസന്നിധിയിൽ, ദൈവത്തിന്റെ ആലയത്തിൽ, ദൈവത്തിന്റെ സാന്നിധ്യം ഉള്ളേടത്ത് കൂടി വരേണം.

ശലോമോൻ ദൈവാലയം പണിതെങ്കിലും, ഈ ആലയത്തിൽ നിന്ന് ദൈവതേജസ്സ് മാറിപ്പോയി എന്ന് നിങ്ങൾ അറിയാതിരിക്കരുത്. ഏപ്പോൾ? ശലോമോൻ ദൈവത്തോടു പറഞ്ഞ വാക്ക് അനുസരിക്കാതിരുന്നപ്പോൾ; ദൈവം പറഞ്ഞ വാക്ക് അനുസരിക്കാതിരുന്നപ്പോൾ, ദൈവതേജസ്സ് അവിടെ നിന്ന് മാറിപ്പോയി. ദൈവത്തിന്റെ വാഗ്ദാനം ഇല്ലേ? ഉണ്ട്; പക്ഷെ തേജസ്സ് മാറിപ്പോയി.

നാം ഭയപ്പെടേണ്ട ഗൗരവമേറിയ ഒരു സത്യമാണിത്. കൂടിവരുന്ന സ്ഥലത്ത് ദൈവതേജസ്സുണ്ടെങ്കിലും ഞാൻ ദൈവത്തിന്റെ കല്പന വിട്ട് മാറിപ്പോയാൽ എന്നിൽ നിന്ന് ദൈവതേജസ്സ് മാറിപ്പോകും. നാം പാപത്തിലേക്ക് തിരിഞ്ഞാൽ, ഒരിക്കൽ എനിക്ക് ദൈവത്തിന്റെ തേജസ്സുണ്ടായിരുന്നു, അഭിഷേകം ഉണ്ടായിരുന്നു എന്നൊക്കെ പറഞ്ഞാലും ഫലമില്ല; തേജസ്സ് മാറിപ്പോകും.

ഇങ്ങനെ ഒരു അപകട സാദ്ധ്യത ഉണ്ടെന്ന് നാം മറക്കരുത്. ഞാൻ എന്റെ അനുഭവം ലജ്ജ കൂടാതെ സാക്ഷിക്കട്ടെ. പതിനേഴാമത്തെ വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ടു. ദൈവവേല ചെയ്തു ഓടി നടന്നു. കർത്താവിന്റെ വേല ചെയ്യണം എന്ന നിഷ്ക്കളങ്ക ഉദ്ദേശത്തോടെയാണ് നടന്നത്. മനസ്സറിഞ്ഞ് ഒരു പാപത്തിലേക്ക് പോയതുമില്ല. പക്ഷെ അകത്ത് പാപം നിറഞ്ഞ് വരുന്നത് ഞാൻ ഗൗരവമായെടു ത്തില്ല.

കേരളത്തിനകത്തും പുറത്തും എല്ലാം അന്ന് പ്രസംഗിച്ചു. പുരോഹിതന്മാർക്കും തിരുമേനിമാർക്കും ഞാൻ പ്രിയങ്കരനായി മാറി. എല്ലാവരും എന്നെ പുകഴ്ത്തി, അഭിനന്ദിച്ചു. ഞാനങ്ങു സ്വയം മതിമറന്ന് ഉയർന്നു പോയി. ഞാൻ എല്ലാവരും അറിയുന്ന ഒരു സുവിശേഷ പ്രസംഗകൻ ആണെന്നൊക്കെ ധരിച്ചു പോയി. എന്നാൽ കരുണയുള്ള

കർത്താവ് പത്തൊമ്പത് വർഷത്തിനുശേഷം എന്റെ മുപ്പത്താറാമത്തെ വയസ്സിൽ എന്റെ ഹൃദയത്തിലേക്ക് ഒരു വെളിച്ചം വീശിത്തന്നു. ഞാൻ തിരിച്ചറിഞ്ഞു, ഞാൻ കർത്താവിന്റെ വേല ചെയ്യുന്നു; പക്ഷെ, കർത്താവിനെന്നിൽ പ്രസാദമില്ല; കർത്താവിനെന്നിൽ സന്തോഷത്തോടെ വസിക്കുവാൻ സാധിക്കുന്നില്ല.

വിളക്ക് കെട്ടുപോയിട്ടില്ല, പക്ഷെ ആളി കത്തിക്കൊണ്ടിരുന്ന ഇടത്ത് ഇന്ന് ഒരു അരണ്ട വെളിച്ചമേ ഉള്ളൂ. വചനത്തിൽ കൂടി കർത്താവെന്നോട് ഇടപെട്ടു:

> "നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നൊരു കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട്. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നോർത്ത് മാനസ്സാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാതിരുന്നാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും."
>
> വെളിപ്പാട് 2:4 – 6

പിന്നെ വേറൊരു വചനത്തിൽക്കൂടിയും കർത്താവ് എന്നോട് ഇടപെട്ടു:

> "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധ

ർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും.”

മത്തായി 7: 22 – 23.

ആത്മാവ് വെളിച്ചം തന്നപ്പോൾ ദൈവഭയം ഉണ്ടായി; ജീവിതം ആഴത്തിൽ കർത്താവിന്നായി സമർപ്പിച്ചു.

പ്രിയ ദൈവപൈതലേ, ഇന്നു നീ ആദ്യ സ്നേഹം നഷ്ടപ്പെട്ട അവസ്ഥയിലാണോ? ഒരു കാലത്തുണ്ടായിരുന്ന ആത്മാവിന്റെ തേജസ്സും തീയും നഷ്ടപ്പെട്ടാണോ ഇരിക്കുന്നത്? പണ്ടുണ്ടായിരുന്ന സമർപ്പണം എല്ലാം കൈവിട്ടുപോയോ? ഒരിക്കൽ പാപത്തോടുണ്ടായിരുന്ന വെറുപ്പ് ഇന്നുണ്ടോ? പാപം വന്ന് ഇരച്ചുകയറുന്നത് തിരിച്ചറിയുന്നുണ്ടോ? നിന്നിൽ ഉണ്ടായിരുന്ന തീ കെട്ടുപോയത് എവിടെ ആണ്? പിശാച് വന്ന് തീ കെടുത്തി ക്കളഞ്ഞത് എവിടെ വെച്ചാണ് എന്ന് നീ കാണാത്തതെന്ത്? തീ ഉണ്ട് എന്നു പറഞ്ഞിരിക്കുകയാണോ? തീ ഇല്ല എന്ന് നീ അംഗീകരിക്കണം.

വീഞ്ഞ് അൽപം കുറഞ്ഞു പോയി എന്നല്ല, വീഞ്ഞ് തീരെയില്ല എന്ന് പറയണം. അവർക്ക് വീഞ്ഞില്ല എന്ന് അംഗീകരിച്ച് ഏറ്റുപറഞ്ഞപ്പോഴാണ് കർത്താവ് പച്ചവെള്ളത്തെ വീഞ്ഞാക്കിത്തീർത്തത്. എന്നിൽ ദൈവാത്മാവിന്റെ ജീവൻ ഇല്ല എന്നേറ്റു പറയണം. ദൈവാത്മാവ് ഇപ്പോൾ എന്റെ ഹൃദയത്തിൽ വസിക്കുന്നില്ല എന്ന് സമ്മതിക്കണം. ദൈവാത്മാവ് ഹൃദയത്തിൽ നിന്ന് ഇറങ്ങിപ്പോയി എന്ന് പറയണം.

തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു:

"മഹത്വം യിസ്രായേലിൽ നിന്നു പൊയ്പ്പോയി എന്നു പറഞ്ഞു അവൾ കുഞ്ഞിനു ഈഖാബോദ് എന്നു പേരിട്ടു."

1 ശമുവേൽ 4:21

പ്രിയ ദൈവപൈതലേ, ദൈവതേജസ്സും ദൈവ മഹത്വവുമുള്ള സ്ഥലത്ത് എന്റെ കർത്താവിന്റെ മുഖത്ത് കരിതേയ്ക്കാൻ, കർത്താവിന്റെ നാമം അപമാനിക്കപ്പെടാൻ ഞാൻ കാരണക്കാരൻ ആകരുത് എന്ന നിർബ്ബന്ധം നിനക്കുവേണം.

നൂറ്റാണ്ടുകൾക്ക് മുമ്പ് കരയുന്ന പ്രവാചകനായ യിരമ്യാവ് വിളിച്ചുപറഞ്ഞില്ലേ:

"വിശ്വാസത്യാഗിനി ആയ യിസ്രായേലേ മടങ്ങി വരുക, വിശ്വാസ പാതകിയായ യഹൂദയേ മടങ്ങിവരുക; നിന്റെ അകൃത്യം സമ്മതിക്കുക മാത്രം ചെയ്ക." യിര. 3:12 മുതൽ 14 വരെ വായിക്കുക.

അകൃത്യം സമ്മതിച്ച് മടങ്ങി വരിക. പണ്ഡിതനും പാമരനും, ധനികനും ദരിദ്രനും, സുവിശേഷകനും സാധാരണക്കാരനും, സകലരും അകൃത്യം സമ്മതിച്ച് മടങ്ങി വരിക. ദൈവത്തോടു വാക്കു പറയുക, കർത്താവേ, ഞാനെന്റെ അകൃത്യം സമ്മതിച്ച് മടങ്ങി വരുന്നു എന്ന്.

പ്രിയപ്പെട്ടവരേ, ദൈവതേജസ്സിലേക്കു മടങ്ങി വരിക. സ്നേഹത്തിന്റെ, വിശുദ്ധിയുടെ, സമർപ്പണത്തിന്റെ തേജസ്സ് നിങ്ങളിലേക്ക് മടങ്ങി വരട്ടെ. നിങ്ങൾക്ക് സൗഖ്യം വേണമോ? നിങ്ങളുടെ വീടിന്നു സൗഖ്യം വേണമോ? നിങ്ങളുടെ കുടുംബത്തിന്നു സൗഖ്യം വേണമോ? നിങ്ങളുടെ ദേശത്തിന്നു സൗഖ്യം വേണമോ? ഇന്നു സഭകൾക്ക്, കൂട്ടായ്മകൾക്ക്, ആത്മീയ പ്രസ്ഥാനങ്ങൾക്ക്

സൗഖ്യം ആവശ്യമാണ്. ഇന്നും കർത്താവിന്നു നിന്നിൽ വലിയ ആശയുണ്ട്, പ്രതീക്ഷയുണ്ട്. നിങ്ങൾക്ക് ആത്മാവിൽ ഉത്സവം തരാൻ കർത്താവ് കൊതിക്കുകയാണ്.

# നാല്

"നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കി ത്തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു. ഞാൻ മൗനമായി രിക്കാതെ നിനക്കു സ്തുതി പാടേണ്ടതിന്നു തന്നേ."

സങ്കീ. 30: 11,12

ശലോമോനും എല്ലാ യിസ്രായേലും ഉത്സവം ആചരിച്ചു. ഉത്സവം ആചരിക്കണമെങ്കിൽ ബന്ധനം അഴിയണം; പിശാചിന്റെ കെട്ടുകൾ അഴിയണം.

യഹോവയായ ദൈവം കൽപിച്ചു:

മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന്ന് എന്റെ ജനത്തെ വിട്ടയക്കുക.

മരുഭൂമിയിൽ ഉത്സവം ആചരിക്കേണ്ടതിന്ന് ജനം വിട്ടയക്കപ്പെടേണം. ഫറവോന്റെ അടിമത്വത്തിൽ ഉത്സവം ഇല്ല. ഫറവോന്റെ അടിമത്വത്തിൽ നിന്ന് മോചനം കിട്ടിയാലേ ഉത്സവം ഉള്ളൂ, ആരാധനയുള്ളൂ. ദൈവപൈതലേ, ഇനിയും

നിനക്കു മോചനം കിട്ടാത്ത ബന്ധനങ്ങൾ എന്തെല്ലാം ഉണ്ട്? ഫറവോൻ ഏതെല്ലാം ചങ്ങലയിലാണ് നിന്നെ കെട്ടിയിട്ടിരിക്കുന്നത്?

ഉത്സവം ആചരിക്കുന്നതുമായി ബന്ധപ്പെട്ട് ഏഴ് കാര്യങ്ങൾ ചിന്തിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. ഓരോന്നായി ചിന്തിക്കാൻ തുടങ്ങാം.

**ഒന്നാമത്തെ കാര്യം, ആലയം പണിയണം.**

നിങ്ങൾ പരിശുദ്ധാത്മാവിന്റെ മന്ദിരമായിത്തീരണം.

ശലോമോൻ ആലയം പണിതു. നമുക്കും ഒരു ആലയം പണിയാം. വേഗം പണിയാം, വൈകേണ്ട. ഇന്നു തന്നെ നമുക്ക് ആലയം പണിയുടെ അടിസ്ഥാനം ഇടാം. ഏതെങ്കിലും ഒരു പ്രാർത്ഥനാ ഹാളോ പള്ളിയോ പണിയുന്ന കാര്യമല്ല. ഏതാണീ ആലയം?

''നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ.''

1 കൊരി. 3:16

"Do you not know that you are the temple of God and that the Spirit of God dwells in you? If anyone defiles the temple of God, God will destroy him. For the temple of God is holy, which temple you are."

''ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു

വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾ ക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?”

1 കൊരി. 6:19

നിങ്ങളാണ് ദൈവത്തിന്റെ ആലയം. നിങ്ങളിലാണ് ദൈവത്തിന്റെ ആത്മാവ് വസിക്കേണ്ടത്. ദൈവത്തിന്റെ ആലയം ആകണമെങ്കിൽ പരിശുദ്ധാത്മാവ് വസിക്കണം. ദൈവത്തിന്റെ ആലയം വിശുദ്ധമാണ്. ദൈവത്തിന്റെ ആലയം അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും.

സ്നേഹിതാ, നീ ദൈവത്തിന്റെ ആലയത്തെ അശുദ്ധ മാക്കിയിട്ടുണ്ടോ? പരിശുദ്ധാത്മാവ് തൊട്ട നിന്റെ ശരീരത്തെ നീ അശുദ്ധമാക്കിയിട്ടുണ്ടോ? ദൈവസന്നിധിയിൽ തീരുമാനമെടുത്ത് സമർപ്പിച്ച നിന്റെ ഹൃദയത്തിലേക്ക് അഴുക്ക് കടന്നുവന്നിട്ടുണ്ടോ? നിന്റെ നാവിൽ സൂത്രവും കൗശലവും വ്യാജവും കാപട്യവും വഞ്ചനയും വന്നിട്ടുണ്ടോ? നിന്റെ കണ്ണ് അഴുക്കായ നോട്ടത്തിലേക്കു പോകാറുണ്ടോ? നിന്റെ ശരീരത്തിൽ അശുദ്ധി പറ്റാറുണ്ടോ? ചിന്തിക്കൂ ദൈവ പൈതലേ, നിന്റെ ശരീരം ദൈവത്തിന്റെ മന്ദിരം ആണ്.

കൂടെ ഒരു രഹസ്യം പറഞ്ഞുകൊള്ളട്ടെ. ലൈംഗീകത്വം (Sex) പാപമല്ല. Sex is not a sin. Sex is a gift. വിവാഹം പാപമല്ല; സ്ത്രീ–പുരുഷ ബന്ധം പാപമല്ല; കുഞ്ഞുങ്ങൾ ജനിക്കുന്നതു പാപമല്ല. ഭാര്യാഭർത്താക്കന്മാരായി ജീവിക്കുന്നത് പാപമല്ല, ആത്മനിറവിന് തടസ്സമല്ല.

എന്നാൽ വിവാഹപൂർവ്വ ബന്ധം (Pre-marital sex) പാപമാണ്. വിവാഹത്തിനുമുമ്പ് ഏതെങ്കിലും പ്രേമത്തിൽ കുരുങ്ങുന്നത്, ഒരു പെൺകുട്ടി അഥവാ ആൺ കുട്ടിയുടെ പിറകെ പ്രേമമെന്ന് പറഞ്ഞു നടന്നാൽ, അതു പാപം ആണ്. ഒരു സ്ത്രീയെ മോഹത്തോടെ നോക്കുന്നത് പാപമാണ്.

മത്തായി 5:28–32 കാണുക. വിവാഹത്തിനു മുമ്പുള്ള ബന്ധം, അത് ചിന്തയിലായാലും നോട്ടത്തിലായാലും വാക്കിലായാലും പ്രവൃത്തിയിലായാലും പാപം തന്നെ.

വിവാഹം കൂടാതെ ഭാര്യാ ഭർത്താക്കന്മാരെപ്പോലെ കഴിയുന്നത് (Cohabitation) പാപമാണ്. വിവാഹേതര ബന്ധവും (Extramarital sex) പാപമാണ്. വിവാഹശേഷം സ്വന്തം ഭാര്യയിലേക്കോ ഭർത്താവിലേക്കോ അല്ലാതെ അന്യ ജഡത്തിലേക്ക് മോഹം പോകുന്നത് പാപം ആണ്. ലൈംഗീക വികാരം പാപമല്ല; സ്വന്തം ഭാര്യയിലേക്ക് അല്ലെങ്കിൽ ഭർത്താവിലേക്ക് മാത്രമേ ലൈംഗിക വികാരം പാടുള്ളൂ. അപ്പോസ്തലനായ പൗലോസ് പറയുന്നു:

> "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ"
>
> എബ്രായർ 13:4

സ്നേഹിതരേ, ജീവിതത്തിൽ അഴുക്ക് പറ്റിപ്പോയോ? കഴുകാൻ ഊനമില്ലാത്ത കുഞ്ഞാടിന്റെ, രക്തമുണ്ട്. ക്രിസ്തുവിന്റെ തിരുരക്തമുണ്ട്. ഓർക്കുക, ചെളിയിൽ ചവിട്ടിയാൽ കഴുകാം; പക്ഷെ ചെളിയിൽ ചവിട്ടാതിരിക്കുന്നതാണ് നല്ലത്. ഒരിക്കൽ പാപത്തിൽ വീണാൽ അതിന്റെ രസം, ചില ലാഞ്ച്ഛനകൾ, ഉപബോധ മനസ്സിൽ തങ്ങി നിൽക്കും. ചില പോറലുകൾ sub conscious mind–ൽ അടിഞ്ഞു കിടക്കും. പക്ഷെ, അതും മാറ്റുവാൻ ദൈവത്തിന്നു കഴിയും. പരിശുദ്ധാത്മാവിന്റെ തീ ഇറങ്ങിയാൽ മതി, അതും മാറിക്കൊള്ളും. യേശുക്രിസ്തുവിന്റെ തിരുരക്തത്താലുള്ള കഴുകൽ കിട്ടിക്കഴിഞ്ഞാൽ അങ്ങനെ ഒരു പാപം വന്നതായിട്ട് ദൈവം കണക്കിടുകയില്ല.

എന്റെ കണ്ണ്, പിശാച് ഉപയോഗിച്ചുകൊണ്ടിരുന്നു; പക്ഷെ യേശു തന്റെ ജീവൻ കൊടുത്ത് അത് വാങ്ങിപ്പോയി. ഇപ്പോൾ

അത് എന്റേതല്ല. ഈ കൈയ്യോ, ഇപ്പോളത് എന്റേതല്ല, അത് യേശുവിന്റെ കൈയ്യാണ്. യേശുവിന്റെ കൈ മോഷ്ടിക്കുമോ, കള്ളക്കണക്കെഴുതുമോ? ഒരിക്കലുമില്ല. ഞാനത് യേശുവിന്നു കൊടുത്തുപോയി. സഹോദരങ്ങളേ, ഈ ജീവിതം യേശുവിന്ന് കൊടുക്കുന്നത് നല്ലതാണെന്ന് തോന്നുന്നുണ്ടോ? ചിന്തിക്കൂ നിങ്ങൾ ദൈവത്തിന്റെ ആലയമായോ?

ആലയം പണി തുടങ്ങണം. ആലയം പണിയുടെ അടിസ്ഥാനം ഇന്നിടണം. കർത്താവ് ചോദിക്കുന്നു:

"എന്റെ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലം ആയോ?"

ഹഗ്ഗായി 1:4.

ദൈവത്തിന്റെ ആലയം ഇന്ന് ശൂന്യമായി കിടക്കുകയാണ്. ദൈവപൈതലേ, നിനക്ക് ഇപ്പോൾ എന്തെങ്കിലും തീരുമാനം എടുക്കാൻ തോന്നുന്നുണ്ടോ? കരുണയുള്ള കർത്താവ് നിന്നെ അനുഗ്രഹിക്കാൻ കണ്ട നിമിഷമാണിത്. ഈ സമയം നഷ്ടപ്പെടുത്താതെ നിന്റെ ജീവിതം യേശുവിന്റെ കരങ്ങളിലേക്ക് കൊടുക്കുക. ആലയം പണിക്ക് അടിസ്ഥാനം ഇടുക.

ഇനിയെന്താണ് ചെയ്യാനുള്ളത്?

**രണ്ടാമത്തെ കാര്യം – പ്രാർത്ഥിക്കണം.**

പ്രാർത്ഥനാ ജീവിതം തുടങ്ങണം. രണ്ടു നേരവും ഭവനത്തിൽ പാട്ടു പാടി, വേദപുസ്തകം വായിച്ച്, എഴുതപ്പെട്ട പ്രാർത്ഥനയും തനതു പ്രാർത്ഥനയും വേണം. സമയം ഉണ്ടെങ്കിൽ എല്ലാവരും ഓരോരുത്തരായി പ്രാർത്ഥിക്കുന്നത് നല്ലതാണ്. അതിനു ശേഷം തന്നെത്താൻ ഇരുന്നു പ്രാർത്ഥിക്കണം – Personal Private Prayer.

ഈ ആലയത്തിലിരുന്ന് പ്രാർത്ഥിക്കണം. ഏതെങ്കിലും പ്രാർത്ഥനാഹാളിൽ വന്നിരുന്നുകൊണ്ട് പ്രാർത്ഥിക്കണം എന്നല്ല; യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം അനുഭവിച്ചു കൊണ്ട് പ്രാർത്ഥിക്കണം. പ്രാർത്ഥനാ ജീവിതം വേണം.

> "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം, തങ്ങളെ തന്നെ താഴ്ത്തി, പ്രാർത്ഥിച്ച്, തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുന്നു എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും."
>
> 2 ദിന. 7:14.

തങ്ങളെ തന്നെ താഴ്ത്തണം, പിന്നെ പ്രാർത്ഥിക്കണം.

എല്ലാ ഭവനത്തിലും കുടുംബപ്രാർത്ഥന വേണം. ഭാര്യയും ഭർത്താവും, അപ്പനും അമ്മയും, മക്കളും കൊച്ചു കുട്ടികളും എല്ലാവരും ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കണം. പിഞ്ചു പൈതങ്ങളെ മടിയിൽ ഇരുത്തി പ്രാർത്ഥിക്കണം. കുടുംബ നമസ്ക്കാരം രണ്ടു നേരവും വേണം.

സ്ത്രീകൾ കുഞ്ഞുങ്ങളെ ചെറുപ്പം മുതലേ മടിയിലി രുത്തി പ്രാർത്ഥിക്കണം. പ്രത്യേകിച്ചും ഗർഭിണികളായി രിക്കുന്ന സ്ത്രീകൾക്ക് പ്രാർത്ഥന വളരെ വേണം. കാരണം, ആ കുഞ്ഞിന്നു കൊടുക്കുന്ന ശ്വാസോച്ഛ്വാസവും ഭക്ഷണവും ആണ് അമ്മയുടെ പ്രാർത്ഥന. അമ്മമാർ ആത്മാവിലായിരിക്കണം. അല്ലെങ്കിൽ അത് കുഞ്ഞിന്റെ ആരോഗ്യത്തെ, ബുദ്ധിയെ, ഭാവിയെ, ഒക്കെ ദോഷമായി ബാധിക്കും.

ഒരു ഗർഭിണിയാകാൻ വളരെ ഒരുക്കം വേണം. ഗർഭിണി ആയാലോ പിന്നെ വലിയ ഒരുക്കം വേണം ആ കുഞ്ഞിനെ

വളർത്താൻ. ആ ഗർഭത്തിലിരിക്കുമ്പോൾ തന്നേ ആ ശിശുവിനെ വഹിച്ചുകൊണ്ടുള്ള പ്രാർത്ഥന അത്യന്താപേക്ഷിതമാണ്.

പ്രാർത്ഥനാ ജീവിതം – ഏതിനും എപ്പോഴും പ്രാർത്ഥന. വിവാഹത്തിനു മുമ്പ് പ്രാർത്ഥന; വിവാഹ ജീവിതം തുടങ്ങുമ്പോൾ പ്രാർത്ഥന. ബിസ്സിനസ്സ് തുടങ്ങുമ്പോൾ പ്രാർത്ഥന. ജീവിതം എന്നും പ്രാർത്ഥനയിലധിഷ്ഠിതമായിരിക്കണം. പ്രാർത്ഥന എന്നാൽ കർത്താവിലെന്നും ആശ്രയം. Dependence – ദൈവാശ്രയം. എപ്പോഴും ദൈവസന്നിധിയിലേക്ക് സ്വാതന്ത്ര്യത്തോടെ കടന്നു ചെല്ലുവാൻ സാധിക്കണം. നിങ്ങളുടെ ഭാരങ്ങൾ, ആവശ്യങ്ങൾ, കഴിവുകേടുകൾ, ബലഹീനതകൾ, പോരായ്മകൾ എല്ലാം തുറന്നു പറഞ്ഞ് കടന്ന് ചെല്ലണം. മറ്റാരോടും തുറന്നു പറയാത്ത കാര്യങ്ങളും യേശുവിനോട് പറയണം. എല്ലാം എണ്ണിയെണ്ണി പറഞ്ഞിട്ട് നീ എന്റെ മേൽ നിന്റെ കരം വെയ്ക്കണമേ, നീ ഇതിനൊരു പരിഹാരം തരേണമേ എന്ന് വ്യക്തിപരമായി പ്രാർത്ഥിക്കണം. പ്രാർത്ഥനയിൽക്കൂടെ ക്രിസ്തുവിനോട് ഒരു ബന്ധം നിലനിർത്തണം.

ദൈവപൈതലേ, തീരുമാനമെടുക്കുക, ആലയത്തിന് അടിസ്ഥാനമിടുക. ദൈവത്തോട് പറയൂ: കർത്താവേ ഞാൻ നിന്നോട് ഒരു വാക്കു പറയുന്നു, മരണത്തോളം ആ വാക്ക് പാലിക്കയും ചെയ്യും. ഇന്നു മുതൽ ഞാൻ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടി ആയിരിക്കും.

## അഞ്ച്

"യഹോവയെ സ്തുതിപ്പിൻ; യഹോവയുടെ നാമത്തെ സ്തുതിപ്പിൻ; യഹോവയുടെ ദാസന്മാരേ, അവനെ സ്തുതിപ്പിൻ. യഹോവയുടെ ആലയത്തിലും നമ്മുടെ ദൈവത്തിന്റെ ആലയത്തിൻ പ്രാകാരങ്ങളിലും നിൽക്കുന്നവരേ, യഹോവയെ സ്തുതിപ്പിൻ; യഹോവ നല്ലവൻ അല്ലോ."

സങ്കീ. 135: 1, 2

ഏഴു ദിവസം ഉത്സവം ആചരിച്ചു. ഏഴു ദിവസത്തെ ഉത്സവം കഴിഞ്ഞ് എട്ടാം ദിവസം അവർ വിശുദ്ധ സഭായോഗം കൂടി. ഏഴു ദിവസം അവർ യാഗപീഠപ്രതിഷ്ഠ കൊണ്ടാടി. ഏഴു ദിവസം വീണ്ടും ഉത്സവം ആചരിച്ചു. ഉത്സവത്തോടു കൂടെ സന്തോഷവും ആനന്ദവും നിറഞ്ഞവരായി ജനം അവരവരുടെ കൂടാരങ്ങളിലേയ്ക്ക് പോയി. ആനന്ദവും സന്തോഷവും ഉള്ളവരായി നമുക്കും ജീവിക്കണം.

എന്താണ് ഉത്സവം? അത് ആഘോഷം ആണ്. നമ്മുടെ ഹൃദയത്തിൽ സന്തോഷം, ഉല്ലാസം, ആഘോഷം ഉണ്ടാകണം. പരീക്ഷയ്ക്കു പഠിക്കുന്ന കുട്ടി നല്ല മാർക്ക് വാങ്ങി

ജയിക്കുമ്പോൾ ഹൃദയത്തിൽ നിറഞ്ഞ സന്തോഷം. കുട്ടിക്കു മാത്രമല്ല മാതാപിതാക്കൾക്കും ആ കുട്ടിയെ സ്നേഹിക്കുന്ന എല്ലാവർക്കും സന്തോഷം ഉണ്ട്.

ഒരു ജോലിക്കു വേണ്ടി പലയിടത്തും അപേക്ഷിച്ചു; അവ സാനം ഒരു ജോലി കിട്ടി. കാണുന്നവർ, കാണുന്നവർ പറഞ്ഞു, നിനക്ക് ആ ജോലി കിട്ടിയോ? വളരെ നന്നായി.

നാളുകൾ, നാളുകൾ കാത്തിരുന്നു, ഒരു പിഞ്ചോമന കുഞ്ഞിനെ കിട്ടാൻ. കുഞ്ഞിനെ കിട്ടി. എന്തൊരു സന്തോഷം! ഡോക്ടർമാർ കൈവിട്ട കാര്യമായിരുന്നു, ഇപ്പോൾ ഗർഭിണിയായി; എന്തോരത്ഭുതം, എന്തോരാഹ്ലാദം!

ഒട്ടേറെ കടം ഉണ്ടായിരുന്നു. അത് മനസ്സിനെ വല്ലാതെ ഉലച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ വളരെ അവിചാരിതമായി കടമെല്ലാം തീരുന്നു. എന്തൊരതി ശയം, എന്തൊരാനന്ദം!

വലിയ മാരകമായ രോഗമായിരുന്നു. ഡോക്ടർമാർ പറഞ്ഞത് ഇനി ആശയ്ക്ക് വകയില്ല, അറിയിക്കേണ്ടവരെ ഒക്കെ അറിയിച്ചോ എന്നാണ്. പക്ഷെ അഞ്ചെട്ടു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും പൂർണ്ണ ആരോഗ്യത്തോടെ എഴുന്നേറ്റു. ഇതെങ്ങനെ? നിത്യനായ ദൈവത്തിന്നു കരുണ തോന്നി. എന്തൊരാനന്ദം, ഉത്സവ പ്രതീതി ഇങ്ങനെ അനേകർ ഭൗതീകമായ വിഷയങ്ങളിൽ ഉത്സവത്തിൽ വന്നവരുണ്ട്.

ആത്മീയമായി ഉത്സവത്തിന്റെ അനുഭവത്തിൽ വന്നവർ ഉണ്ടോ? നാളുകളായി ചില പാപത്തിൽപെട്ട് ജീവിതം നരകിച്ചു കൊണ്ടിരിക്കുകയായിരുന്നു. കുടുംബത്തിൽ സ്വസ്ഥതയില്ല. ഭാര്യയും ഭർത്താവും തമ്മിൽ സ്നേഹമില്ല, ഐക്യമില്ല. ചില പാപങ്ങൾ, അയ്യോ അതു വന്നു പോയല്ലോ, മനസ്സിനകത്ത് വലിയ കുറ്റബോധം, നിരാശ, ഇനിയുണ്ടോ

എനിക്കൊരു ഭാവി, ഞാൻ ഇനി എഴുന്നേൽക്കാൻ പോകുന്നുണ്ടോ? എന്റെ ദൈവമേ, എന്റെ കാര്യം തീർന്നില്ലേ, ആത്മീയമായി തകർന്ന്, നിരാശ മുറ്റി, ദുരാത്മാക്കൾ വലിച്ചിഴച്ച്, ഞെരിച്ച് വലയുന്നവരുണ്ട്. നരക ദുരിതം അനുഭവിക്കുന്നവരുണ്ട്.

ചുമതലാബോധം ഇല്ലാത്ത ചെറുപ്പക്കാർ. മറ്റു ചിലർ കഞ്ചാവടിച്ച് സുബോധം നഷ്ടപ്പെട്ട് നടക്കുന്നു; അല്ലെങ്കിൽ മദ്യത്തിന്നടിമകൾ. വേറെ ചിലർ റാഗിങ്ങ് വീരന്മാർ. പ്രഥമ വർഷ വിദ്യാർത്ഥികളോട് രൂപ പിടിച്ചു വാങ്ങിക്കും. കൊടു ത്തില്ലെങ്കിലോ, ദേഹോപദ്രവം.

റാഗിങ്ങ് ഒരിക്കലെങ്കിലും ചെയ്തവൻ അനുതപിച്ച് നിലവിളിച്ചില്ലെങ്കിൽ ദൈവരാജ്യം കാണുകയില്ല, വ്യക്തമാണ്. മക്കളേ, റാഗ് ചെയ്യാൻ തോന്നരുതേ.

പെൺകുട്ടികളെ വഷളാക്കുന്ന യുവാക്കന്മാർ. പാപത്തിൽ ഞെരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു യുവതലമുറ യുവാക്കന്മാർ മാത്രമൊന്നുമല്ല. വീട്ടിൽ സ്വസ്ഥതയില്ല. ഭാര്യയും ഭർത്താവും തമ്മിൽ എന്നും ശണ്ഠ.

ഇങ്ങനെ ജീവിതം നരകിച്ചു കൊണ്ടിരിക്കുന്നവർ, അവരുടെ സ്വഭാവം മാറുന്നു. വീട്ടിലും നാട്ടിലും പേടിസ്വപ്നം ആയിരുന്ന യുവാക്കൾ മാനസാന്തരപ്പെടുന്നു. ജീവനുള്ള ക്രിസ്തു നിങ്ങൾക്ക് സ്വാതന്ത്ര്യം തന്നാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും. ഉത്സവം, ഉല്ലാസം തുടങ്ങും. എങ്ങനെ നിങ്ങൾക്ക് യേശു ഉത്സവം തരും? പേടിക്കേണ്ട, യേശു ക്രിസ്തുവിനെ വിളിച്ച് അപേക്ഷിക്കുക. യേശു നിങ്ങളുടെ അടുക്കലേക്കു വരും, ഉത്സവം തരും.

> "ദൈവമോ രാപ്പകൽ തന്നോട് നിലവിളിക്കുന്ന
> തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമ

> യുള്ളവൻ ആകയാൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ?"
>
> ലൂക്കോസ് 18:7.

"പ്രതിയോഗിയോട് പ്രതിക്രിയ ചെയ്ത് ന്യായം പാലിച്ചു തരണമേ" എന്ന് വിധവ നിലവിളിച്ചതുപോലെ ദൈവമക്കൾ മുട്ടിപ്പായി പ്രാർത്ഥിക്കണം. കർത്താവേ, പ്രതിയോഗിയായ പിശാച് അലറുന്ന സിംഹംപോലെ എന്നെ വിഴുങ്ങുവാൻ വരുന്നു. അവൻ വെളിച്ച ദൂതനെപ്പോലെ, മാലാഖയെപ്പോലെ, സൂത്രത്തിൽ വചനത്തിന്റെ ചില വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് എന്നെ വിഴുങ്ങുവാൻ വരുന്നു. മാത്രമല്ല, ഉപായത്താൽ വരുന്നു. കർത്താവേ, എന്നെ രക്ഷിക്കണമേ, പ്രാർത്ഥിക്കുന്നു.

ഒന്നാമത് ചെയ്യേണ്ടത്, ആലയം പണിയുക.

രണ്ടാമത്തെ കാര്യമെന്താണ് – പ്രാർത്ഥിക്കുന്നു. ആലയം പണിതിട്ടു പ്രാർത്ഥിക്കുകയാണ്. മുട്ടിപ്പായി പ്രാർത്ഥിക്കുന്നു.

**മൂന്നാമത്തെ കാര്യം – പാപക്ഷമ**

ഇതുവരെ വന്ന പാപങ്ങൾക്ക് മോചനം പ്രാപിക്കണം, പാപക്ഷമ പ്രാപിക്കണം. ശലോമോൻ ദേവാലയം പണിതിട്ട് മുട്ടിന്മേൽ ഇരുന്നുകൊണ്ട് പ്രാർത്ഥിക്കുകയാണ്:

> "നീ നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ നിന്ന് അവരുടെ പ്രാർത്ഥനയും യാചനകളും കേട്ട് അവർക്ക് ന്യായം പാലിച്ചു കൊടുത്ത് നിന്നോടു പാപം ചെയ്ത നിന്റെ ജനത്തോട് ക്ഷമിക്കേണമേ."
>
> 2 ദിന. 6:39.

“അനന്തരം അവൻ യഹോവയുടെ യാഗപീഠത്തിൻ മുമ്പിൽ യിസ്രായേലിന്റെ സർവ്വ സഭയുടെയും സമക്ഷത്തു നിന്നും കൊണ്ട് കൈ മലർത്തി; ശലോമോൻ അഞ്ചു മുഴം നീളവും അഞ്ചു മുഴം വീതിയും മൂന്നു മുഴം ഉയരവും ആയിട്ട് താമ്രം കൊണ്ട് ഒരു പീഠം ഉണ്ടാക്കി പ്രാകാരത്തിന്റെ നടുവിൽ വെച്ചിരുന്നു; അതിൽ അവൻ കയറിനിന്ന് യിസ്രായേലിന്റെ സർവ്വ സഭക്കും മുമ്പാകെ മുട്ടുകുത്തി ആകാശത്തേക്ക് കൈ മലർത്തി”

2 ദിന. 6:12-13

അവിടെ ഒരു പീഠം ഉണ്ടാക്കി വെച്ചിരുന്നു. ആ പീഠത്തിൽ അവൻ കയറിനിന്ന് യിസ്രായേലിന്റെ സർവ്വ സഭയുടേയും മുമ്പാകെ മുട്ടുകുത്തി ആകാശത്തേക്ക് കൈ മലർത്തി പ്രാർത്ഥിക്കുകയാണ്. ദൈവപൈതലേ, നിനക്ക് പീഠം ഇല്ലായിരിക്കും, ഇരുന്ന് പ്രാർത്ഥിക്കുവാൻ ഒരു തടുക്കുപായപോലും ഇല്ലായിരിക്കും, സാരമില്ല, നീയവിടെ മുട്ടുകുത്തി പ്രാർത്ഥിക്കൂ, കർത്താവേ പാപം ക്ഷമിക്കേണമേ, എന്ന്.

നിന്റെ ജീവിതത്തിലെ പാപങ്ങൾ എണ്ണി, എണ്ണി കണ്ടെത്തൂ. പ്രാർത്ഥിച്ച് കഴിയുമ്പോൾ പ്രാർത്ഥനയ്ക്കു മറുപടി തരുന്ന ക്രിസ്തു വന്ന് നിന്റെ പാപക്കറകൾ കഴുകിത്തരും, പാപം ക്ഷമിച്ചുതരും. കഴിഞ്ഞകാലം മുഴുവൻ മാറ്റിതിരിച്ചു തരുന്ന ദൈവം, ഇതുവരെ എന്തെല്ലാം സംഭവിച്ചെങ്കിലും, ഏതെല്ലാം കുതന്ത്രങ്ങളിൽപെട്ട് ഉഴന്നെങ്കിലും, ഭയങ്കരമായ പാപത്തിന്റെ ഘോരമായ കുരുക്കിൽ പെട്ട് നശിച്ചു പോയെങ്കിലും, ശരീരം അഴുക്ക് പറ്റിപ്പോയെങ്കിലും, തിരുത്താനാവാത്ത തെറ്റുകൾ

വന്നുപോയെങ്കിലും, നിന്റെ പാപം ക്ഷമിക്കാൻ യേശുവുണ്ട്. അവൻ അതിനു വേണ്ടിയാണ് ക്രൂശിൽ മരിച്ചത്. ആ തിരുരക്തം ഇപ്പോൾ ഗുണകരമായി സംസാരിക്കുകയാണ്.

ദൈവപൈതലേ, ഇപ്പോൾ, ഇതു വായിക്കുമ്പോൾ തന്നേ, പ്രാർത്ഥിക്കുക. ദൈവത്തോടു പറയുക, കർത്താവേ, എണ്ണിയാൽ തീരില്ലല്ലോ എന്റെ പാപങ്ങൾ, എന്റെ ചിന്തയിൽ വന്നുപോയ പാപങ്ങൾ, എന്റെ ഉള്ളിൽക്കൂടി കടന്നുപോയ വൈരാഗ്യ ചിന്തകൾ, എന്റെ ഹൃദയത്തിൽക്കൂടിപ്പോയ മ്ലേച്ഛ വികാരങ്ങൾ, ലൈംഗിക അരാജകത്വം ബാധിച്ച എന്റെ അവയവങ്ങൾ, എന്റെ ദുഷിച്ച വാക്കുകൾ, പാപപ്രവൃത്തികൾ, എല്ലാം നീയറിഞ്ഞു; അവയെല്ലാം നീ പുസ്തകത്തിൽ കുറിച്ചുവെച്ചുവല്ലോ, നിത്യതയിലേക്ക് ഞാൻ വരുമ്പോൾ സകലമാന മനുഷ്യരും കേൾക്കെ വായിച്ചു കേൾപ്പിച്ചിട്ട്, പോകുവിൻ, നിന്നെ ഞാൻ അറിയുന്നില്ല എന്ന് പറഞ്ഞ് ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുമല്ലോ. ആ ആപത്ത്, തീരാനഷ്ടം എനിക്കുവരല്ലേ. ഈ പാപങ്ങളിൽ നിന്ന് എനിക്ക് മോചനം നൽകേണമേ.

ഉത്സവം തുടങ്ങണമോ? ആലയം പണിയണം; പ്രാർത്ഥിക്കണം; പാപക്ഷമ നേടണം.

> “ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ”
>
> സങ്കീ. 32:1

യേശു ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ശക്തി നമ്മുടെ പാപങ്ങളെ ക്ഷമിച്ചു തരും. നമ്മുടെ പാപപ്രകൃതി മറച്ചു തരും. പിശാച് നോക്കുമ്പോൾ അതു കാണാൻ പറ്റുകയില്ല. അവൻ കാണുന്നത് യേശു ക്രിസ്തുവിന്റെ തിരുരക്തമാണ്.

ദൈവപൈതലേ, നീ ഇപ്പോൾ ഒരു വ്യക്തമായ തീരുമാനമെടുക്കുക. യേശുക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിലേക്ക് വരിക. കർത്താവിനോട് ഒരു വാക്കു പറയുക, ദൈവമേ എനിക്കു പാപക്ഷമ തരണമേ. മേലിൽ ഞാൻ ജാഗ്രതയോടെ, കരുതലോടെ ജീവിച്ചു കൊള്ളാം. കർത്താവേ ഞാൻ നിന്റെ പൊന്നുമാറിൽ ഒന്നു ചാരിക്കൊള്ളട്ടെ. ഇന്നു മുതൽ ഞാൻ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടി ആയിരിക്കും.

## ആറ്

"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ."

റോമർ 12:1

ഉത്സവം തുടങ്ങണമെങ്കിൽ :

**ഒന്നാമത്, ആലയം പണിയണം.**

**രണ്ടാമത്, പ്രാർത്ഥിക്കണം.**

**മൂന്നാമത്, പാപക്ഷമ നേടണം.**

പ്രിയ ദൈവപൈതലേ, നിനക്ക് ഉത്സവം വേണമോ? ഭവനത്തിൽ സന്തോഷം വേണമോ? ഹൃദയത്തിൽ സമാധാനം വേണമോ? ഒരേ ഒരു പോംവഴിയേ ഉള്ളൂ; ആലയം പണിയണം. എന്താണതിന്റെ അർത്ഥം? ഹൃദയത്തിൽ പരിശുദ്ധാത്മാവിന്റെ കുടിയിരുപ്പു ഭവനം പണിയണം.

ശുദ്ധമുള്ള റൂഹാ, ശുദ്ധമുള്ള നിന്റെ കുടിയിരുപ്പിന്നു ഭവനങ്ങളായി ഞങ്ങളെ നീ ചമക്കേണമേ. പരിശുദ്ധാത്മാവിന്റെ ആവാസമായി നമ്മുടെ ഹൃദയം തീരണം. യേശുക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കണം; രാജാധിരാജാവായ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വന്ന് വാഴണം. അപ്പോഴാണ് നാം രാജാവിന്റെ മണവാട്ടിയായി മാറുന്നത്. പിതാക്കന്മാർ ഇങ്ങനെ പാടി.

"നിന്നാൾ സ്തുതിയൊടു രാജമകൾ – ഹാല്ലേലുയ്യാ
നിൻ വലമായ് രാജഭാമിനിയും
നിന്നഴകരചൻ മോഹിപ്പാൻ – ഹാല്ലേലുയ്യാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും."

മണവാട്ടിയായ രാജ്ഞി സ്തുതിയോടു കൂടെ കർത്താവായ യേശുവിന്റെ വലതുഭാഗത്തു നിൽക്കുന്നു. നിന്നഴക് അരചൻ മോഹിപ്പാൻ – അല്ലയോ സുന്ദരീ, മണവാട്ടി സഭയാകുന്ന കന്യകേ, ശുദ്ധിമതിയാകുന്ന സഭയേ, നിന്നഴക് – സ്നേഹത്തിന്റെയും, വിശുദ്ധിയുടേയും, വിശ്വാസത്തിന്റേയും സൗന്ദര്യം രാജാവാകുന്ന യേശു മോഹിക്കണം. നിൻ ജനം ഓർക്കായ്ക പിതൃ ഗൃഹവും – രാജാവ് നിന്റെ സൗന്ദര്യം മോഹിക്കണമെങ്കിൽ രാജകുമാരന്റെ മണവാട്ടിയായ ദൈവപൈതലേ, നീ നിന്റെ സ്വജനത്തേയും പിതൃഭവനത്തേയും മറക്കണം. നിന്നാൾ സ്തുതിയൊടു രാജ .... എന്നാരംഭിക്കുന്ന ഈ ബസ്മൽക്കോ ഗീതം വി. വേദപുസ്തകത്തിൽ 45–ാം സങ്കീർത്തനത്തിൽ ഉള്ളതാണ്:

"അല്ലയോ കുമാരി, കേൾക്ക; നോക്കുക; ചെവി ചായ്ക്ക. സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക. അപ്പോൾ രാജാവ് നിന്റെ സൗന്ദ

ര്യത്തെ ആഗ്രഹിക്കും; അവൻ നിന്റെ നാഥന
ല്ലോ; നീ അവനെ നമസ്ക്കരിച്ചുകൊൾക.”

45-ാം സങ്കീർത്തനം 10-11.

നമ്മുടെ പിതാക്കന്മാർക്ക് വേദപുസ്തക പരിജ്ഞാനവും, പാണ്ഡിത്യവും, അഗാധ ജ്ഞാനവും ഉണ്ടായിരുന്നു. പല ആരാധനാ ഗീതങ്ങളും പ്രാർത്ഥനകളും സങ്കീർത്തന പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

“നയവാൻ പനപോലെ തളിർത്തിടുമേ
വളരുമവൻ ലെബനോന്റെ കാരകിൽ പോൽ.
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ
വർദ്ധിക്കുമവർക്കു തുഷ്ടിപുഷ്ടികളും.”

എന്ന ഗീതം 92-ാംസങ്കീർത്തനം 12 മുതലുള്ള വാക്യങ്ങളാണ്: ‘‘നീതിമാൻ പനപോലെ തഴക്കും. ലെബാനോനിലെ ദേവദാരുപോലെ വളരും. വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും. അവർ പുഷ്ടിവെച്ചും പച്ച പിടിച്ചും ഇരിക്കും.”

“ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും – ഹാല്ലേലുയ്യാ
നിന്നഭിഷിക്ത മുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീദിൻ മൂലം.
നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ – ഹാല്ലേലുയ്യാ
എൻ നിയമത്തേയും ഞാനുപദേശിച്ചിടുമീ സാക്ഷി
യെയും”

എന്ന ഗീതം 132-ാംസങ്കീർത്തനം 9 മുതൽ 11 വരെയുള്ള വാക്യങ്ങളാണ്:

“നിന്റെ പുരോഹിതന്മാർ നീതി ധരിക്കയും നിന്റെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കയും ചെയ്യട്ടെ. നിന്റെ ദാസനായ ദാവീദിൻ നിമിത്തം നിന്റെ അഭിഷിക്തന്റെ മുഖത്തെ തിരിച്ചു കളയരുതേ. ഞാൻ നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തുമെന്നും നിന്റെ മക്കൾ എന്റെ നിയമത്തെയും ഞാൻ അവർക്ക് ഉപദേശിച്ച സാക്ഷ്യത്തെയും പ്രമാണിക്കുമെങ്കിൽ അവരുടെ മക്കളും എന്നേക്കും നിന്റെ സിംഹാസനത്തിൽ ഇരിക്കുമെന്നും യഹോവ ദാവീദിനോട് ആണയിട്ടു സത്യം. അവൻ അതിൽ നിന്നു മാറുകയില്ല.”

പാപം മാറി, പഴയതൊന്നും വരുന്നില്ല എന്നുള്ള ഉറപ്പ് കൂടിയേ കഴിയൂ. അതു കിട്ടാതെ ഒരു ചുവട് മുന്നോട്ട് വയ്ക്കരുത്. എനിക്കു പാപം ഇല്ല എന്ന് പറയരുത്. പാപം ഇല്ല എന്നു പറയുന്നവൻ തന്നെത്താൻ വഞ്ചിക്കുന്നു.

> “നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി.”
>
> 1 യോഹ.1:8

> “നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നു വെങ്കിൽ അവനെ അസത്യവാദിയാക്കുന്നു”
>
> 1 യോഹ.1:10

ഞാൻ പാപം ചെയ്തിട്ടില്ല എന്നൊരുവൻ പറയുമ്പോൾ അവൻ തന്നെത്താൻ വഞ്ചിക്കുന്നു, യേശു ക്രിസ്തുവിനെ അസത്യവാദി ആക്കുന്നു. വചനം ഉള്ളിൽ ഇല്ലാത്തതു കൊണ്ടാണ് അങ്ങനെ പറയുന്നത്. ഞാൻ പാപിയെന്ന് ദൈവം പറയുന്നു. മനുഷ്യൻ പറയുന്നു, ഞാൻ പാപം ചെയ്തിട്ടില്ല എന്ന്. മനുഷ്യൻ തന്റെ നന്മകളൊക്കെ പറഞ്ഞുകൊണ്ട് നിൽക്കുകയാണ്. ലൂക്കോസിന്റെ സുവിശേഷത്തിൽ

പറയുന്ന പരീശനായ മനുഷ്യന് പറ്റിയ അപകടം അതല്ലേ. പരീശൻ എന്താണ് പറഞ്ഞത്?

> "ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തു വരുന്നു."
>
> ലൂക്കോസ് 18: 9 – 12

അവൻ പറഞ്ഞത് ശരിയാണ്; പിടിച്ചു പറിക്കാൻ പോകുന്നില്ല, വ്യഭിചാര പ്രവൃത്തിക്ക് പോകുന്നില്ല, നീതി കേടിനു പോകുന്നില്ല, ആഴ്ചയിൽ രണ്ട് ദിവസം ഉപവസിക്കുന്നുണ്ട്, സഭയുടെ ചട്ടങ്ങൾ നല്ലതുപോലെ പാലിക്കുന്നുണ്ട്. തനിക്കു കിട്ടുന്ന വരുമാനത്തിൽ കൃത്യമായി ഒരംശം ദൈവവേലക്കുവേണ്ടി കൊടുക്കുന്നു. പിന്നെന്താ കുഴപ്പം? അവൻ പറഞ്ഞതൊക്കെയും സത്യമല്ലേ? ഞാൻ നിന്നെ വാഴ്ത്തുന്നു. അവന്നു സ്തുതിയുണ്ട്, സ്തോത്രവും, ഹല്ലേലുയ്യായും ഒക്കെയുണ്ട്.

പക്ഷെ, ചുങ്കക്കാരനോ, അവൻ ദൂരത്തു നിന്നു കൊണ്ട്, സ്വർഗ്ഗത്തിലേക്ക് നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചും കൊണ്ട്, ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകേണമേ എന്ന് പ്രാർത്ഥിച്ചു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി. ലൂക്കോസ് 18: 13 – 14. അവന് പാപക്ഷമ കിട്ടി. അവൻ നീതീകരണം പ്രാപിച്ചു. അവന് അനുഗ്രഹം കിട്ടി.

രണ്ടുപേരും ദൈവാലയത്തിലേക്കാണ് വന്നത്. രണ്ടുപേരും പ്രാർത്ഥിച്ചു. രണ്ടുപേരും പറഞ്ഞ കാര്യ

ങ്ങളൊക്കെ ശരിയാണ്. പക്ഷെ ഒരാൾക്ക് നീതീകരണം കിട്ടിയില്ല; പാപക്ഷമ കിട്ടിയില്ല. എന്തുകൊണ്ട് കിട്ടിയില്ല? അവന് കുറ്റബോധമില്ല, പാപബോധമില്ല. അവന് അവകാശ വാദങ്ങളുണ്ട്; സ്വയ നീതീകരണമുണ്ട്.

ദൈവപൈതലേ, നിനക്ക് ഹൃദയത്തിൽ ഒരു തകർച്ച വേണം. Broken-heartedness.

> "തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ,
> ദൈവമേ, നീ നിരസിക്കുന്നില്ല."
>
> സങ്കീ. 51:17.

എപ്പോഴും ഉള്ളിൽ ഒരു തകർച്ച, പൌലോസ് അപ്പൊസ്തലൻ പണ്ട് പറഞ്ഞില്ലേ:

അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ, ഈ മരണത്തിന ധീനമായ ശരീരത്തിൽ നിന്ന് എന്നെ ആര് വിടുവിക്കും? നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്ന ഞാൻ തിന്മ എന്നിൽ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. ഞാനാഗ്രഹിക്കുന്ന നന്മ ചെയ്യുന്നില്ല; ആഗ്രഹിക്കാത്ത തിന്മയത്രേ ചെയ്തു പോകുന്നു. റോമർ 7:14–24 വരെ വായിക്കുക.

ശൗൽ മാനസാന്തരപ്പെട്ടു പൗലോസ് ആയി, കണ്ണു കാഴ്ച കിട്ടി; പക്ഷെ ആത്മനിറവ് കിട്ടിയില്ല. അതിനിടയ്ക്കുള്ള കാലം അപ്പൊസ്തലൻ കുറ്റബോധത്തോടെ കരയുകയാണ്.

എനിക്കയ്യോ കഷ്ടം എന്ന് യെശയ്യാവ് പറഞ്ഞു. പ്രവച നം പറഞ്ഞ നാവ് കൊണ്ട് പറയുകയാണ്, ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ. ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ ഞാൻ വസിക്കുന്നു. ഞാൻ പാപി എന്നാണ് യെശയ്യാവ് പറഞ്ഞത്. യെശയ്യാ പ്രവചനത്തിന്റെ ആദ്യത്തെ അഞ്ച് അദ്ധ്യായത്തിൽ ശുദ്ധിയില്ലാത്ത അധരങ്ങൾ കൊണ്ട് പ്രവചിച്ച ദൈവദാസൻ,

ജനത്തെ തർജ്ജനം ചെയ്ത ദൈവദാസൻ, അയ്യോ, എന്റെ അധരങ്ങൾ അഴുക്കാണല്ലോ എന്നാണ് കണ്ടെത്തിയത്. ദൈവത്തെ കണ്ടെത്തിയപ്പോൾ തന്നെത്താൻ കണ്ടു. അപ്പോൾ അരിഷ്ടത വന്നു.

സുവിശേഷം പറയുന്നവരേ, ദൈവവചനം പറയുന്നവരേ, ശിക്ഷ തലമേൽ വരാതിരിപ്പാൻ ഇതു ശ്രദ്ധിപ്പിൻ. സണ്ടേസ്ക്കൂൾ അദ്ധ്യാപകരേ, ഇരട്ടി നരകവിധിക്ക് യോഗ്യരാകാതിരിപ്പാൻ, ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് പൊയ്ക്കളയാതിരിപ്പാൻ ഇതു സൂക്ഷിപ്പിൻ.

യേശുക്രിസ്തുവാകുന്ന നിധി, സൗജന്യ ദാനമാണ്. ഈ നിധി ലഭിക്കാൻ എന്താണ് വേണ്ടത്? തകർന്ന ഹൃദയത്തോടെ, "ഞാൻ നശിച്ച പാപിയാണു കർത്താവേ" എന്നേറ്റുപറഞ്ഞ് കർത്താവിന്നടുത്ത് ചെല്ലുക. അങ്ങനെ തകർന്ന ഹൃദയത്തോടെ ചെന്നാൽ അത്ഭുതം സംഭവിക്കും, പാപക്ഷമ കിട്ടും, ബന്ധനങ്ങൾ അഴിയും, ദുരാത്മ വ്യാപാരങ്ങൾ മാറും, മന്ത്രവാദ-കൈവിഷ ദോഷങ്ങൾ തീരും, പൈശാചിക സേനകൾ വിട്ടുപോകും, ഇരുളിന്റെ അധികാരം മാറിപ്പോകും, അവിടെ പ്രകാശം കടന്നുവരും, അവിടെ ദൈവകൃപ വ്യാപരിക്കും. കുടുംബം അനുഗ്രഹിക്കപ്പെടും, ജീവിതം ശോഭനമാകും.

പ്രിയ ദൈവപൈതലേ, നിനക്ക് ഉത്സവം വേണമോ? ഭവനത്തിൽ സന്തോഷം വേണമോ? ഹൃദയത്തിൽ സമാധാനം വേണമോ? ഉത്സവം തുടങ്ങണമെങ്കിൽ ഒന്നാമത് ആലയം പണിയണം, രണ്ടാമത് പ്രാർത്ഥിക്കണം, മൂന്നാമത് പാപക്ഷമ നേടണം.

ശ്ശശ്ശശ്ശശ്ശ

## ഏഴ്

"യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."

സങ്കീ. 50:2

യിസ്രായേൽ ജനം ഉത്സവം ആചരിച്ചു. യാഗ പീഠപ്രതിഷ്ഠ കൊണ്ടാടിയതിന്നു ശേഷം പിന്നെയും ഏഴുദിവസം ഉത്സവം ആഘോഷിച്ചു. നമുക്കും ഉത്സവം വേണം, ഉത്സവം തുടങ്ങണമെങ്കിൽ ഒന്നാമത് ആലയം പണിയണം, രണ്ടാമത് പ്രാർത്ഥിക്കണം, മൂന്നാമത് പാപക്ഷമ നേടണം. നാലാമത് യാഗം കഴിക്കണം. യാഗമില്ലെങ്കിൽ അവിടെ ഉത്സവം ഇല്ല.

No blessing with out bleeding.

No crown with out a Cross.

ആരെല്ലാം ആത്മീയമായി വളർന്നിട്ടുണ്ടോ, അവരുടെ ജീവിതത്തിൽ താങ്ങാനാവാത്ത ദുരിതങ്ങൾ അടിക്കടി വന്നിട്ടുണ്ട്. കുറച്ചു നാൾക്ക് മുമ്പ് വിദേശത്ത് ജോലി ചെയ്യുന്ന ഒരു ദൈവപൈതൽ എന്നെ കാണാൻ വന്നപ്പോൾ കർത്താവ്

കൃപയാൽ തന്ന ഒരു ആലോചന ഞാൻ വളരെ സമാധാന ത്തോടെ പറഞ്ഞു: മോളെ, ദൈവത്തിന്ന് നിന്നെക്കുറിച്ച് വലിയോരു പദ്ധതിയുണ്ട്. അല്ലെങ്കിൽ ഇത്രയും വലിയ ആപത്ത്, കൊടിയ വിനാശം വരികയില്ലായിരുന്നു. ദൈവത്തിന്ന് നിന്നെക്കുറിച്ചുള്ള വ്യക്തമായ പദ്ധതി, നീ പതറാതെ നിന്നാൽ, കാലം തെളിയിക്കും.

ദൈവപൈതലേ, കണ്ണീരണിയുന്ന സാഹചര്യങ്ങൾ വരുമ്പോൾ നീ പതറരുത്. നിങ്ങൾക്ക് താങ്ങാൻ ആകാത്ത പ്രതിസന്ധികൾ നിങ്ങളുടെ ജീവിതത്തിൽ വരുമ്പോൾ നിങ്ങളുടെ മുഖം മ്ലാനമാകരുത്. ഞാനെങ്ങനെ ഇതിനെ നേരിടേണ്ടൂ എന്നോർത്ത് നിങ്ങൾ വലയരുത്. നിങ്ങൾ വിശ്വസിക്കൂ, ദൈവത്തിന്നു ചില പദ്ധതികളുണ്ട്. അതു കൊണ്ടാണ് ഇന്നു നിനക്കു താങ്ങാനാവാത്ത സാഹചര്യങ്ങൾ വരുന്നത്.

കർത്താവിന്റെ പദ്ധതികൾ നിറവേറ്റുവാൻ നീ യേശുവിന്റെ ഭാവത്തോടു ചേർന്നു നിൽക്കണം. കന്നത്തടിയേറ്റ യേശുവിന്റെ ഭാവം വേണം കുരിശു ചുമന്നു കൊണ്ട് ഗോഗുൽത്ത ചവിട്ടിക്കയറുമ്പോൾ മനസ്സുലയാതെ, ആവലാധിപ്പെടാതെ, എന്തിനെന്നോട് ഇങ്ങനെ ചെയ്തു എന്ന് ഹൃദയത്തിൽ നീരസത്തിന്റെ കണിക ഏശാതെ യാത്ര ചെയ്ത യേശുവിന്റെ ഭാവത്തോടെ നിൽക്കണം.

ഇത്ര വലിയ കടം, ആപത്ത്, വരുവാൻ ഞാനെന്തു തെറ്റാണ് ചെയ്തത് എന്നു നിങ്ങൾ ചിന്തിക്കരുത്. നിങ്ങൾ ക്രിസ്തുവിനെ വിശ്വസിക്കൂ, അവന്റെ പിമ്പേ നടക്കുവാൻ തുടങ്ങൂ. കാണാം കുരിശിനു ശേഷം ഒരു കിരീടം വരാൻ പോകുന്നു.

ദൈവപൈതലേ, ഇന്നു നീ ചുമടു ചുമന്നു വലഞ്ഞിരി ക്കുകയാണോ? ഈ ചുമട് എവിടെയെങ്കിലും ഒന്നിറക്കി

വെക്കുവാൻ കഴിഞ്ഞെങ്കിൽ! എന്റെ ഈ ചുമട് ഒന്നു താങ്ങിത്തരാൻ ആർക്ക് കഴിയും? എല്ലാവർക്കും അവരവരുടേതായ ചുമടുകൾ ഉണ്ട്.

നിങ്ങൾ ക്രിസ്തുവിന്റെ തിരുമുഖത്തേക്കു നോക്കൂ. ആ തിരുമുഖശോഭ കണ്ടുകൊണ്ട് നിങ്ങൾ മതിമറന്ന് സ്തുതിക്കാൻ തുടങ്ങൂ. കർത്താവേ, എല്ലാം നന്മയ്ക്ക് എന്നു പറഞ്ഞ് അവനെ വാഴ്ത്താൻ തുടങ്ങൂ. എതിർപ്പുകൾ, മത്സരങ്ങൾ, എല്ലാം, എല്ലാം നന്മയ്ക്ക്. നാഥാ, അത്രത്തോളം ഞാൻ വിശുദ്ധനായ്, ശുദ്ധിമതിയായ് നിന്നുകൊള്ളാം എന്ന് പറയൂ. തുടങ്ങിത്തന്നവൻ പൂർത്തീകരിക്കും, വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുവിൻ, അവൻ പൂർത്തിവരുത്തുന്നവനാണ്.

അവർ ഉത്സവം ആചരിച്ചു, ഉത്സവം ആചരിക്കണമെങ്കിൽ ഒന്നാമത് ആലയം പണിയണം. ദൈവത്തിന്റെ മന്ദിരം ഹൃദയത്തിൽ പണിയണം. പാപത്തോടു യാത്ര പറഞ്ഞിട്ട് സ്തുതിയുടെ സുഗന്ധധൂപം ഉയരണം. ദൈവാലയം വിശുദ്ധമായി കാത്തു സൂക്ഷിക്കണം.

> ''നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും.”
>
> 1 കൊരി. 3:16.

ഈ ആലയം അശുദ്ധമാക്കരുത്. നിങ്ങളുടെ കണ്ണ് അശുദ്ധി കാണാൻ ഉള്ളതല്ല. കൈ അഴുക്ക് പിടിക്കാൻ ഉള്ളതല്ല. നാവ് ചീത്ത പറയാനുള്ളതല്ല, കോപിച്ചു സംസാരിപ്പാനുള്ളതല്ല, മറ്റുള്ളവരെ വിധിപ്പാനുള്ളതല്ല. മനസ്സ്

അരുതാത്തത് ചിന്തിക്കാനുള്ളതല്ല. ഉപബോധമനസ്സ് ദുഃസ്വപ്നങ്ങൾ കാണാനുള്ളതല്ല. യേശുക്രിസ്തു ഉള്ളിൽ വന്നാൽ ദുഃസ്വപ്നങ്ങൾ ഒക്കെ പോകും. യേശു ക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിൽ വസിക്കുമ്പോൾ നിങ്ങൾ ഭാഗ്യ ശാലികളായി; ശത്രു നിങ്ങളെ തൊടുകയുമില്ല.

**നാലാമത്തെ കാര്യം – യാഗം കഴിക്കുക.**

രണ്ട് ദിനവൃത്താന്തം ഏഴാം അദ്ധ്യായം ഒന്നു മുതൽ അഞ്ചുവരെയുള്ള വാക്യങ്ങളിൽ ശലോമോൻ യാഗം അർപ്പിക്കുന്നതിനെയാണ് വിവരിക്കുന്നത്. ഏഴാം വാക്യത്തിൽ ഇപ്രകാരം കാണുന്നു:

ശലോമോൻ ഉണ്ടാക്കിയിരുന്ന താമ്രയാഗപീഠത്തിന്മേൽ ഹോമയാഗം, ഭോജനയാഗം, മേദസ്സ് എന്നിവ കൊള്ളാ തിരുന്നതുകൊണ്ട് ശലോമോൻ യഹോവയുടെ ആലയ ത്തിന്നു മുമ്പിലുള്ള പ്രാകാരത്തിന്റെ മദ്ധ്യഭാഗം ശുദ്ധീകരിച്ചു, അവിടെ ഹോമയാഗങ്ങളും സമാധാനയാഗങ്ങളുടെ മേദസ്സും അർപ്പിച്ചു.

നാമും നമ്മെത്തന്നെ യാഗമർപ്പിക്കണം. എന്നെയും എനിക്കുള്ള സകലത്തേയും ഞാൻ യാഗമായി അർപ്പണം ചെയ്യുന്നു എന്നായിരിക്കണം നമ്മുടെ പ്രതിഷ്ഠ. എന്തൊക്കെ യാണ് ഇനിയും യാഗം അർപ്പിക്കുവാനുള്ളത്?

പ്രിയ ദൈവപൈതലേ, നിന്റെ പണം യാഗം കഴിച്ചോ? സ്വന്ത ഇഷ്ടങ്ങൾ യാഗം കഴിച്ചോ? സ്വന്തം ശരികൾ യാഗപീഠത്തിന്മേൽ അർപ്പിച്ചോ? സ്വന്തം ആത്മീയങ്ങൾ, കൃപാവരങ്ങൾ, ശുശ്രൂഷകൾ, പ്രസംഗ പാടവം, ഇവയെല്ലാം യാഗം കഴിച്ചോ? സ്വന്തം കുടുംബമഹിമയും പിതൃ പാരമ്പര്യവും ബലിപീഠത്തിൽ വെച്ചുവോ?

യാഗപീഠം ഒരുക്കിയിട്ടുണ്ട്; തീ കൂട്ടിയിട്ടുണ്ട്; തീ കത്തുന്നുണ്ട്. നിങ്ങൾക്കെന്തൊക്കെ ഈ തീയിലേക്ക് എടുത്തിടാനുണ്ട്? വല്ല ലൗ അഫയേഴ്സ്, സ്നേഹ ബന്ധങ്ങൾ, വല്ല പെൺകുട്ടികളോ ആൺകുട്ടികളോ ഹൃദയത്തിൽ കൂടു കൂട്ടിയിട്ടുണ്ടെങ്കിൽ, തീയിലേക്കെറിഞ്ഞു കളക. വല്ല പൂർവ്വസ്മരണകളുടെ മധുരമായ അയവിറക്ക ലുകളുമുണ്ടോ? ഇനിവെച്ചു കൊണ്ടിരിക്കേണ്ട; യാഗപീഠത്തി ലേക്ക് എറിഞ്ഞിടുക.

ആരെയെങ്കിലും കുറിച്ചുള്ള പരാതികൾ, മുൻ വിധികൾ, മുഖപക്ഷങ്ങൾ, പരിഭവങ്ങൾ, വൈരാഗ്യങ്ങൾ, ഇഷ്ടക്കേ ടുകൾ, ഇവയെല്ലാം തീയിലേക്കെറിഞ്ഞു കളക. നിന്റെ ഭർത്താവിനെക്കുറിച്ച് അല്ലെങ്കിൽ ഭാര്യയെക്കുറിച്ച് സംശയ ങ്ങൾ ഉണ്ടോ? നിന്റെ നിരാശകൾ, കടഭാരങ്ങളെക്കുറിച്ചുള്ള ആവലാധികൾ, വിവിധ തരങ്ങളായ രോഗങ്ങൾ, എല്ലാം എല്ലാം യാഗം കഴിക്കുക.

യാഗം കഴിക്കുന്നത് വിലയേറിയതിനെയാണ്; ഏറ്റവും പ്രിയപ്പെട്ടതിനെയാണ്. വികാരാവേശംകൊണ്ടൊന്നും വേണ്ട, നല്ലതുപോലെ ആലോചിച്ചിട്ട് മതി യാഗം കഴിക്കുന്നത്. യഹോവയായ ദൈവം അബ്രഹാമിനോട് അരുളിച്ചെയ്തു, നിന്റെ ഏകജാതനായ യിസ്ഹാക്കിനെ യാഗമർപ്പിക്കാൻ. മോറിയാ ദേശത്തേക്ക് പോകാൻ മൂന്നു ദിവസത്തെ വഴി ദൂരമുണ്ട്. അബ്രഹാമിന് ചിന്തിക്കാൻ വേണ്ടുവോളം സമയമുണ്ട്.

ദൈവമല്ലേ പറഞ്ഞത് എനിക്കൊരു മകനെ തരാമെന്ന്. ഈ യിസ്ഹാക്കിനെ തന്നത് ദൈവമല്ലേ? ആ ദൈവം പിന്നെ കൊല്ലാൻ പറയുമോ? എന്നാൽ ഇപ്പോൾ കിട്ടിയ അരുളപ്പാടുകൾ ദൈവത്തിൽ നിന്നല്ലായിരിക്കുമോ? അതിൽ മാനുഷികവശം (human element), വല്ലതും ഉണ്ടോ?

ഇങ്ങനെയുള്ള ചിന്ത ശത്രുവിന്റെ ആലോചനയാണ്. അബ്രഹാം അങ്ങനെയൊന്നും ചിന്തിച്ചില്ല. കാരണം, അബ്രഹാം വിശ്വാസിയായിരുന്നു. വിശ്വാസമുണ്ടെങ്കിൽ അനുസരിക്കും.

യാഗം കഴിക്കുന്നത് തടയാൻ പിശാച് പരമാവധി ശ്രമിക്കും. ഏദൻതോട്ടത്തിൽ അവിശ്വാസം ഉളവാക്കിയ പാമ്പ് പിറകേ നിൽക്കുന്നു. എന്തെല്ലാം കാര്യങ്ങളിൽ ഞാൻ വിട്ടുവീഴ്ച ചെയ്തവനാണ്. ഞാൻ എല്ലാം സമർപ്പിച്ചവനല്ലേ പിന്നെന്താ സമർപ്പണം പോരാ, പോരാ എന്നു പറയുന്നത്?

ആത്മീയമായി ജീവിക്കാൻ ദാഹിക്കുന്നവരെ ആഴങ്ങളിലേക്കു കർത്താവ് നടത്താൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ അത് അങ്ങനെ തന്നെയോ എന്ന് നിങ്ങൾക്ക് സംശയം വരാറുണ്ടോ? സുവിശേഷം പ്രസംഗിക്കുന്ന ആൾ ഇങ്ങനെ തന്നെയോ ജീവിക്കുന്നത്? ഇദ്ദേഹത്തെ എനിക്കറിയാമല്ലോ. ഇപ്രകാരമുള്ള ചിന്തകൾ വരാറുണ്ടോ? സാത്താൻ പിറകിൽ നിൽക്കുന്നുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ വചനം ഗ്രഹിക്കാതവണ്ണം അതു തടുക്കാൻ പാമ്പ് പിറകെ നിൽക്കുന്നുണ്ട്.

നിങ്ങൾ നിങ്ങളെ തന്നേ യാഗമായി അർപ്പിപ്പിൻ (റോമർ 12:1). എന്റെ ശരീരം, മനസ്സ്, എല്ലാം തീർന്നു. എന്റെ കൈകൾ, പഴയ കൈകളല്ല. എന്റെ നാവ്, പഴയ നാവല്ല. അതെല്ലാം കത്തിപ്പോയി. ഇപ്പോഴുള്ളത് യേശു ക്രിസ്തുവിന്റെ നാമത്തിൽ ഉയിർത്തെഴുന്നേറ്റ കൈകളാണ്, നാവാണ്, കാലുകളാണ്, ബുദ്ധിയാണ്. എന്റെ സ്ഥാനമോഹം, പ്രതാപമോഹം, എല്ലാം കത്തിപ്പോയി.

“നിങ്ങൾ ബുദ്ധിയുള്ള ആരാധയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവും ഉള്ള യാഗമായി സമർപ്പിപ്പിൻ.”

റോമർ 12:1

യാഗം – എല്ലാം മുഴുവനായിട്ട് ദൈവത്തിനു കൊടുക്കുന്നതാണ്. ശമ്പളം, വരുമാനം, കൃഷി, ഭൂമി, ബാങ്ക് നീക്കിയിരിപ്പ്, എല്ലാം, എല്ലാം ദൈവത്തിനു കൊടുക്കുകയാണ്.

ദൈവപൈതലേ, നീ അമ്പരക്കേണ്ട. നിന്റെ കൈവശമുള്ളതെല്ലാം ഉയിർത്തെഴുന്നേല്പിന്റെ മുദ്രയുള്ളതായിരിക്കട്ടെ. എണ്ണി, എണ്ണി എല്ലാം കുരിശിൻ ചുവട്ടിൽവെച്ച്, കർത്താവേ, ഇതെല്ലാം മരിച്ചിട്ട് നീ ഉയർത്തെഴുന്നേല്പിച്ചു തരുന്നതു മാത്രം മതി എന്നു പറയുക. സ്വർഗ്ഗത്തിലെ ദൈവം ആർക്കും കടക്കാരൻ ആയിരിക്കയില്ല. വിശ്വസിക്കൂ, നിങ്ങൾ ദൈവത്തിനായി സമർപ്പിച്ചാൽ അവൻ നൂറിരട്ടി മടക്കിത്തരുന്നവനാണ്. യഹോവയായ ദൈവം അരുളിച്ചെയ്യുന്നു:

> “യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ. ദൈവം തന്നെ ന്യായാധിപതി ആയിരിക്കയാൽ ആകാശം അവന്റെ നീതിയെ ഘോഷിക്കും. എന്റെ ജനമേ, കേൾക്ക; ഞാൻ സംസാരിക്കും. യിസ്രായേലേ, ഞാൻ നിന്നോടു സാക്ഷീകരിക്കും: ദൈവമായ ഞാൻ നിന്റെ ദൈവമാകുന്നു. നിന്റെ ഹനനയാഗങ്ങളെക്കുറിച്ച് ഞാൻ നിന്നെ ശാസിക്കുന്നില്ല; നിന്റെ ഹോമയാഗങ്ങൾ എപ്പോഴും എന്റെ മുമ്പാകെ ഇരിക്കുന്നു നിന്റെ വീട്ടിൽനിന്നു കാളയെയോ നിന്റെ തൊഴുത്തുകളിൽനിന്നു കോലാട്ടുകൊറ്റ

ന്മാരെയോ ഞാൻ എടുക്കയില്ല. കാട്ടിലെ സകലമൃഗവും പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു. മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു; വയലിലെ ജന്തുക്കളും എനിക്കുള്ളവ തന്നേ. എനിക്കു വിശന്നാൽ ഞാൻ നിന്നോടു പറകയില്ല; ഭൂലോകവും അതിന്റെ നിറവും എന്റേതത്രേ. ഞാൻ കാളകളുടെ മാംസം തിന്നുമോ? കോലാട്ടുകൊറ്റന്മാരുടെ രക്തം കുടിക്കുമോ? ദൈവത്തിന്നു സ്തോത്രയാഗം അർപ്പിക്ക; അത്യുന്നതന്നു നിന്റെ നേർച്ചകളെ കഴിക്ക."

സങ്കീർത്തനം 50:5–14

ദൈവത്തിന്നു അർപ്പിക്കേണ്ടുന്ന യാഗം സ്തോത്രയാഗമാണ്. അത്യുന്നതനു നിന്നെത്തന്നേ നേർച്ചയായി, യാഗമായി, വഴിപാടായി സമർപ്പിക്ക. ഈ ആയുസ്സ് എത്ര കാലം ഉണ്ട്? ചുരുങ്ങിയോരായുസ്സ്, ക്ഷണികമായോരായുസ്സ്. അല്പകാലം മാത്രം ഈ ഭൂമിയിലെ വാസം. സ്വർപ്പുരമാണല്ലോ നമ്മുടെ നിത്യ ഭവനം.

സഹോദരാ, നീ ഈ മണ്ണിനോട് ഉള്ളംകൊണ്ട് വിട്ടുനിൽക്കൂ. ഇവിടെയുള്ളതിനെയെല്ലാം കെട്ടിപ്പിടിച്ചുകൊണ്ടിരുന്നാൽ പിന്നെ എന്നാണ് ആത്മലോകത്തേക്ക് പറന്നുയരുന്നത്? പറക്കേണ്ട കാലം നീ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം? ഒരുനാൾ നീ ഏകനായി വന്നു; ഏകനായി പോകയില്ലയോ? അന്ന് നീ ദൈവരാജ്യത്തിൽ എത്തിയില്ലെങ്കിൽ നിന്റെ ആയുസ്സ് തീരാനഷ്ടമല്ലയോ? നിത്യജീവൻ പ്രാപിക്കുന്നതിനായി നിന്നെത്തന്നേ യാഗമായ് അർപ്പിക്കുക.

ദൈവമക്കളെ, നമുക്ക് യാഗം കഴിക്കാം. കത്തിപ്പോകേണ്ടതെല്ലാം കത്തിപ്പോകട്ടെ! ഒന്നും ബാക്കി വെക്കേണ്ട. കർത്താവെല്ലാം ഏറ്റെടുക്കട്ടെ.

> ‘‘നിന്റെ വഴി യഹോവയെ ഭരമേല്പിക്ക;
> അവനതു നിർവ്വഹിക്കും.”
>
> സങ്കീ. 37: 3 – 5.

അവൻ വാക്കുപറഞ്ഞാൽ മാറാത്തവനാണ്. യേശുക്രിസ്തു വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്. അവനല്ലയോ നിനക്കുവേണ്ടി ദിവ്യജീവൻ കുരിശിൽ കൊടുത്തത്. അവൻ തന്നെത്തന്നെ നിനക്കുവേണ്ടി തന്നു. ദൈവപൈതലേ, നീ അവന്നുവേണ്ടി എന്തു കൊടുത്തു?

ഈ നിമിഷം അവനോടു പറയുക: യേശുവേ, നീ എനിക്കു വേണ്ടി നിന്നെത്തന്നെ തന്നതിനാൽ ഞാനിതാ എന്നെതന്നെ, എന്റെ ഭാവി, എന്റെ ആയുസ്സ്, ദേഹം, ദേഹി, ആത്മാവ്, നിന്റെ കരങ്ങളിലേക്ക് തരുന്നു.

# എട്ട്

“ഇതിന്റെശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു. രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നു അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു.”

വെളി. 7:9,10

കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചു വന്ന കാര്യങ്ങൾ എന്തെല്ലാമാണ്? നിങ്ങളുടെ ജീവിതത്തിൽ ഉത്സവത്തിലേക്കു നടക്കാനുള്ള, അനുഗ്രഹം പ്രാപിപ്പാനുള്ള വഴികൾ.

ഉത്സവം തുടങ്ങണമെങ്കിൽ :

**ഒന്നാമത്, ആലയം പണിയണം,**

**രണ്ടാമത്, പ്രാർത്ഥിക്കണം,**

**മൂന്നാമത്, പാപക്ഷമ നേടണം.**

**നാലാമത്, യാഗം കഴിക്കണം.**

ആദ്യത്തെ നാലുകാര്യങ്ങൾ നാം ചിന്തിച്ചു. ഒന്നാമത് ആലയം പണിയണം. പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിൽ ആലയം പണിയണം. ശുദ്ധമുള്ള റൂഹായുടെ ശുദ്ധമുള്ള കുടിയിരിപ്പു ഭവനമായി നാം ചമയ്ക്കപ്പെടണം. പൂർവ്വകാല പിതാക്കന്മാർ പ്രാർത്ഥിച്ചതങ്ങനെയാണ്. ജീവനുള്ള പരിശുദ്ധാത്മാവിന്റെ കുടിയിരിപ്പു ഭവനം ആയി, ദൈവാലയമായി ഈ ഹൃദയം പണിയപ്പെടണം. ദൈവത്തിന്റെ ആലയമാണോ, അവിടെ ഉത്സവം ഉണ്ട്. പെരുന്നാൾ ഉണ്ട്.

പെരുന്നാൾ എന്നു പറഞ്ഞാൽ ചെണ്ടകൊട്ടല്ല; ബാൻഡ് മേളം അല്ല; കഥാപ്രസംഗം അല്ല; നാടകമല്ല; സദ്യയല്ല. പെരുന്നാൾ എവിടെയാണ്? പെരുന്നാൾ ഹൃദയത്തിലാണ്.

ചിലർ അവരുടെ കുഞ്ഞുങ്ങളെ സ്വന്തം പള്ളിയിൽ മാമ്മോദീസ നടത്തുകയില്ല. കൊച്ചിനു പുണ്യം കിട്ടാൻ ചില പ്രത്യേക സ്ഥലങ്ങളിൽ കൊണ്ടു പോയി മാമ്മോദീസ നടത്തും. ഇതൊന്നും ദൈവ മക്കൾക്ക് ചേർന്നതല്ല. ഏതെങ്കിലും ചില പ്രത്യേക സ്ഥലങ്ങളിൽ കൊണ്ടുപോയി മാമ്മോദീസ നടത്തിയാൽ എന്താണ് പുണ്യം? എന്റെ ഹൃദയത്തിൽ ക്രിസ്തു വസിക്കുമ്പോഴാണ് ആ ഹൃദയം പുണ്യ സ്ഥലമായി മാറുന്നത്.

ചിലർ പറയും, ഞാൻ, അല്ലെങ്കിൽ എന്റെ അമ്മയുടെ അമ്മ പണ്ട് നേർന്നതാണ്. നേർന്നത് കഴിക്കണമെന്ന് വചനത്തിൽ പറയുന്നുണ്ടല്ലോ. എന്താണ് നേർന്നത് കഴിക്ക

എന്നു പറഞ്ഞാൽ? ജീവിതം ക്രിസ്തുവിന്ന്. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു എന്ന്. ജീവിതം ക്രിസ്തുവിന്നുവേണ്ടി നേർന്നത് കഴിച്ചു കൊള്ളണം. മശിഹായെ സ്വീകരിച്ചുതന്നെ എപ്പോഴും ജീവിച്ചു കൊള്ളണം, അതാണ് സാക്ഷാലുള്ള നേർച്ച. അന്ധ വിശ്വാസത്തിന്റെ അടിമകളായി ഇനിയും പോകരുത്. എന്നാൽ:

> ''അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു.''
>
> അപ്പോ. പ്രവൃത്തികൾ 17:30

ദൈവമക്കളേ, നിങ്ങൾക്ക് ഉത്സവം വേണമെങ്കിൽ അന്ധവിശ്വാസങ്ങൾക്കൊന്നും അടിമപ്പെട്ടു പോകരുത്. ജീവിതത്തിൽ ഉത്സവം തുടങ്ങണമോ ശരീരം ക്രിസ്തുവിന്റെ ആലയമായി മാറണം. ജീവിതത്തിൽ നിരന്തരം ദുരിതം, പ്രയാസം, രോഗം, പണത്തിനു ഞെരുക്കം, മറ്റുള്ളവരുടെ എതിർപ്പ് എന്നിവയുണ്ട്. എന്നാലും നിന്റെ ഹൃദയത്തിൽ, തന്മൂലം ജീവിതത്തിൽ, ഉത്സവം കിട്ടും. എന്താണത്? നിർമ്മല മായ സ്തുതി, ആത്മാവിന്റെ ആരാധന, വിശുദ്ധിയുടെ ആരാധന.

ദൈവത്തിന്നു ഏറ്റവും പ്രസാദം വിശുദ്ധിയുടെ ആരാധനയാണ്. നാം നടക്കുമ്പോഴും ഇരിക്കുമ്പോഴും എല്ലാം വിശുദ്ധിയുടെ ആരാധന നമ്മുടെ ഹൃദയത്തിൽ നിന്ന് ഉയർന്നു കൊണ്ടിരിക്കണം. ദൈവത്തോടുള്ള സ്തുതിയിൽ ഹൃദയം എപ്പോഴും നിറഞ്ഞു നിൽക്കണം. അതാണ് ഉത്സവാനുഭവം.

സാക്ഷാത്തായ ആരാധന നമ്മുടെ ജീവിതത്തിൽ കിട്ടുമ്പോൾ നാം ഈ ലോകത്തല്ലാതാകും. നമ്മുടെ ആത്മാവങ്ങനെ പറന്നു നടക്കും. ഈ ലോകത്തിലെ ക്ലേശങ്ങൾ, ഭാരങ്ങൾ, രോഗങ്ങൾ, ഇവയൊന്നും ഓർക്കുകയില്ല, ആത്മാവിന്റെ സ്തുതിയിൽ വളരുകയാണ്.

പ്രിയപ്പെട്ടവരേ, അങ്ങനെയൊരനുഭവം ഉണ്ട്. സ്നേഹം, സന്തോഷം, സമാധാനം, ആദിയായ ആത്മാവിന്റെ ഫലം അവിടെ കായ്ച്ചുകൊണ്ടിരിക്കും. സഹോദരങ്ങളേ, ഇതു വായിച്ചു കൊണ്ടിരിക്കുമ്പോൾ നിങ്ങൾ കൊതിക്കണം, പ്രാർത്ഥിക്കണം, കർത്താവേ ആത്മാവിന്റെ ഫലം കായ്ക്കുന്നവനായി എനിക്കു തീരണം.

ദൈവത്തിന്റെ ആലയം പണിയണം. ആലയം പണിതാൽ മാത്രം പോരല്ലോ. പ്രാർത്ഥിക്കണം. രണ്ടാമത്തെ കാര്യം, പ്രാർത്ഥനാ ജീവിതം.

മൂന്നാമത്തെ കാര്യം, പാപക്ഷമ–കഴിഞ്ഞ കാലത്തെ പാപങ്ങളെല്ലാം മോചിച്ചു കിട്ടണം. ഒരു പാപവും ക്ഷമിക്കപ്പെടാതെ കിടക്കരുത്. ഒന്നും ബാക്കി കിടക്കരുത്. നിങ്ങൾ ചിന്തിക്കണം, ഏതെങ്കിലും കാര്യം ഇനിയും പറഞ്ഞു തീർക്കാൻ ഉണ്ടോ? എന്തെങ്കിലും കാര്യങ്ങൾ ഇനി ചെയ്തു തീർക്കാനുണ്ടോ? ഏതെങ്കിലും പാപം എന്റെ ജീവിതത്തിൽ ബാക്കി കിടപ്പുണ്ടോ?

അതുകൊണ്ട് ഭാര്യക്കു പറ്റിയ തെറ്റ് ഭർത്താവിനോട് ഏറ്റു പറയണം എന്നല്ല; ഭർത്താവിനു പറ്റിയ തെറ്റ് ഭാര്യയോട് ചെന്നു പറയണം എന്നുമല്ല. പരിജ്ഞാനമില്ലാതെ ഒന്നും സംസാരിക്കരുത്. എന്നാൽ നിങ്ങൾ തനിയേ വന്നുപോയ സകല പാപങ്ങളും ദൈവത്തോട് ഏറ്റുപറയണം. ദൈവസന്നിധിയിൽ ഇരുന്ന് അനുതപിക്കണം. യോശുവ ആഖാനോട് പറഞ്ഞതാണ്:

> “മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവ യ്ക്കു മഹത്വം കൊടുത്തു അവനോട് ഏറ്റു പറക; നീ എന്തു ചെയ്തു എന്നു പറക; എന്നോട് മറച്ചുവെയ്ക്കരുത്.”
>
> യോശുവ 7:19

ദൈവത്തോട് ഏറ്റുപറഞ്ഞ് അനുതപിച്ചതിനു ശേഷമേ ദൈവത്തിന്റെ അഭിഷിക്തനോട് ഏറ്റുപറഞ്ഞിട്ടാവശ്യമുള്ളൂ. നിങ്ങൾ തനിയേ ദൈവസന്നിധിയിൽ അനുതപിച്ച് ഏറ്റു പറഞ്ഞതിനുശേഷം മേലിൽ പാപം വരികയില്ല എന്ന തീരുമാനത്തോടെ കർത്താവിന്റെ അഭിഷിക്തന്റെ മുമ്പിൽ ഏറ്റുപറയുക.

നിങ്ങളുടെ ജീവിതത്തിൽ തന്നെത്താനിരുന്ന് പാപങ്ങൾ കണ്ടുപിടിക്കുമ്പോൾ അവ ഓരോന്നായി ഓർത്ത് അനുതപിക്കണം, എനിക്കു ലോകസ്നേഹമുണ്ട്, ജഡസ്നേഹം ഉണ്ട്, അശുദ്ധിയുണ്ട്, കോപമുണ്ട് എന്നിങ്ങനെ പൊതുവായി പറഞ്ഞാൽ പോരാ.

പാപം എണ്ണി എണ്ണി പറയണം. അത് ഒരു പ്രാവശ്യം അല്ല; എത്ര തവണ വന്നുവോ അതെല്ലാം ഏറ്റുപറയണം. പാപം ക്ഷമിച്ചു കിട്ടിയില്ലെങ്കിൽ ഭയാനകമാണ്. പാപം ക്ഷമിച്ചു കിട്ടിയാലേ മനസ്സമാധാനം കിട്ടുകയുള്ളു.

> “ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കി ടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ”
>
> സങ്കീ. 32:1–2.

ലംഘനം ക്ഷമിച്ച് കിട്ടിയാൽ, പാപം മറച്ച് കിട്ടിയാൽ, പാപക്ഷമ പ്രാപിച്ചാൽ ഉത്സവം തുടങ്ങാം.

ആലയം പണിയണം, പ്രാർത്ഥിക്കണം, പാപക്ഷമ പ്രാപിക്കണം, അനുതപിക്കണം, യാഗം കഴി ക്കണം, ഉത്സവം തുടങ്ങാം.

ആത്മാവിന്റെ പുതിയ നാമ്പ്, പുതിയ ജീവൻ കിട്ടിയവർ അതു കേടുവരാതെ, സൂക്ഷിക്കണം. ഇല്ല, ഇനി ഞാൻ കോപിക്കില്ല. ഇനി ഞാൻ ലോകത്തിന്റെ പ്രതാപത്തിലേക്ക് ഇറങ്ങിപ്പോവുകയില്ല. ഇനി ഞാൻ എന്നെതന്നെ ത്യജിച്ച് നിൽക്കും. ഞാൻ എന്റെ കുരിശ് എടുത്തുകൊണ്ട് ക്രിസ്തുവിന്റെ പിറകേ വരും. തീരുമാനിക്കൂ സഹോദരങ്ങളേ, ഇന്നു മുതൽ ഞാനൊരു പുതിയ ജീവിതം തുടങ്ങും; പുതിയ സൃഷ്ടിയായി ജീവിക്കും. ഈ അനുഭവത്തിൽ നാളെ ഞാൻ പുതിയ ഉത്സവമാരംഭിക്കും.

സമർപ്പിക്കൂ ദൈവപൈതലേ. കർത്താവേ, എനിക്കു ആത്മാവിലൊന്നു വളരണം. എന്നെ കണ്ട് അനേകർ യേശുവിനെ കണ്ടെത്താൻ ഇടയാകണം. അനേകർ യേശുവിന്റെ രാജ്യത്തിൽ എത്തുവാൻ ഇടയാകണം. അങ്ങനെ സ്വർഗ്ഗം നിറയണം, നരകം ശൂന്യമാകണം. സ്വർഗ്ഗം വിശുദ്ധന്മാരുടെ സ്തുതി കൊണ്ട് നിറയണം. നരക യാതനയിൽ പൊരിയുന്ന അനേകർ നരകത്തിൽ നിന്ന് രക്ഷപെട്ട് സ്വർഗ്ഗത്തിന്റെ അവകാശികൾ ആയി മാറണം.

## ഒൻപത്

"അപ്പൻ തന്റെ ദാസന്മാരോട് വേഗം മേല്ത്തരമായ അങ്കി കൊണ്ടുവന്നു അവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്കു മോതിരവും കാലിനു ചെരുപ്പും ഇടുവിപ്പിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു അറുപ്പിൻ; നാം തിന്നു ആനന്ദിക്ക. ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി."

ലൂക്കോസ് 15:22–24

അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി. നമ്മുടെ ജീവിതത്തിലും ആനന്ദം തുടങ്ങണം.

**അഞ്ചാമത് : രക്ഷാവസ്ത്രം ധരിക്കണം**

ഉത്സവം ആചരിക്കുന്നതിന് ആവശ്യമായ അഞ്ചാമത്തെ കാര്യം രക്ഷാവസ്ത്രം ധരിക്കണമെന്നതാണ്. തിരുവചനം വായിക്കുമ്പോൾ വിശ്വാസി ധരിക്കേണ്ട പലതരം വസ്ത്രങ്ങളെക്കുറിച്ച് പറയുന്നത് കാണാം:

ഒന്ന് : രക്ഷാവസ്ത്രം.

രണ്ട് : നീതി എന്ന അങ്കി.

മൂന്ന് : സ്തുതി എന്ന മേലാട.

നാല് : ഉത്സവ വസ്ത്രം.

അഞ്ച് : വിശേഷ വസ്ത്രം.

ആറ് : വിചിത്ര വസ്ത്രം.

ഏഴ് : കല്ല്യാണ വസ്ത്രം.

ബൈബിളിൽ പറഞ്ഞിരിക്കുന്ന ഈ വസ്ത്രങ്ങൾ ഓരോന്നും ആത്മാവിന്റെ വിവിധ അവസ്ഥകളെ ദൃഷ്ടാന്തവൽക്കരിക്കുന്നതാണ്.

ആദാം പാപം ചെയ്തപ്പോൾ ആദാമിന്റെ മേലുണ്ടായിരുന്ന ദൈവതേജസ്സ് നഷ്ടപ്പെട്ടു. ആദിമ മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു എന്ന് പറഞ്ഞിരിക്കുന്നത് ദൈവിക സ്വഭാവവും ദൈവിക തേജസ്സും ഉണ്ടായിരുന്നതിനെക്കുറിച്ചാണ്.

പാപം ചെയ്ത് ദൈവ തേജസ്സ് നഷ്ടപ്പെട്ടുപോയ ആദാം പറയുന്നത്, ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ട് ഒളിച്ചു എന്നാണ് (ഉല്പത്തി 3:10). ആദാം നഗ്നനാകാൻ കാരണം ദൈവത്തെ ധരിച്ചിരുന്ന – ദൈവതേജസ്സ് ഉടുത്തിരുന്ന – ആദാമിൽ നിന്ന് പാപം മൂലം ദൈവതേജസ്സ് നഷ്ടപ്പെട്ടതാണ്. ബൈബിളിലെ ആദ്യത്തെ പുസ്തകത്തിൽ കാണുന്ന ഈ നഗ്നാവസ്ഥ മനുഷ്യന് നിത്യമായ കെടുതിക്ക് കാരണമാകും എന്ന മുന്നറിയിപ്പാണ് ഒടുവിലത്തെ പുസ്തകം തരുന്നത്:

"ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ

ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ.”

വെളിപ്പാട് 16:15.

നിത്യജീവനാണ് രക്ഷാവസ്ത്രം സൂചിപ്പിക്കുന്നത്. ഉടുപ്പ് മലിനമാകാത്തവർ എന്നും വെള്ളയുടുപ്പ് ധരിക്കും എന്നും ഉടുപ്പ് പുഴു അരിച്ച് പോകരുത് എന്നും വസ്ത്രം അലക്കി വെണ്മയാക്കണം എന്നുമെല്ലാം തിരുവചനത്തിൽ പറയുന്ന ഭാഗങ്ങൾ നിത്യരക്ഷയുടെ ഉറപ്പ് ഉണ്ടായിരിക്കണം എന്ന മുന്നറിയിപ്പുകളാണ്.

സർദ്ദീസിലെ സഭയുടെ ദൂതന് എഴുതുമ്പോൾ ദൈവത്തിന്റെ ആത്മാവ് പറയുന്നത് നോക്കുക:

‘‘ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; ജീവനുള്ളവൻ എന്ന് നിനക്ക് പേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നു കൊൾക. ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക. ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല. ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തത് എങ്ങനെ എന്നോർത്ത് അതു കാത്തു കൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും. ഏതു നാഴികകക്കു നിന്റെ മേൽ വരും എന്നു നീ അറികയും ഇല്ല. എങ്കിലും ഉടുപ്പ് മലിനമാകാത്ത കുറേപ്പേർ സർദ്ദീസിൽ നിനക്കുണ്ട്. അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുകൊണ്ട് എന്നോടു കൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പ് ധരിക്കും.”

വെളിപ്പാട് 3:1–5.

യാക്കോബിന്റെ ലേഖനത്തിൽ പറയുന്നു:

> "അല്ലയോ ധനവാന്മാരേ, നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ. നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പ് പുഴു അരിച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറ പിടിച്ചു; ആ കറ നിങ്ങളുടെ നേരേ സാക്ഷിയാകും; അത് തീ പോലെ നിങ്ങളുടെ ജഡത്തെ തിന്നു കളയും. അന്ത്യ കാലത്ത് നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഡംബരത്തോടെ സുഖിച്ചു പുളച്ചു കുലദിവസത്തിൽ എന്ന പോലെ നിങ്ങളുടെ ഹൃദയത്തെ പോഷിപ്പിച്ചിരിക്കുന്നു. നിങ്ങൾ നീതിമാനെ കുറ്റം വിധിച്ചു കൊന്നു. അവൻ നിങ്ങളോട് മറുത്ത് നിൽക്കുന്നതുമില്ല."
>
> യാക്കോബ് 5:1–6.

കറ പറ്റിപ്പോയ വസ്ത്രത്തെ അലക്കി വെളുപ്പിക്കുന്നതിനെപ്പറ്റി തിരുവെഴുത്ത് പറയുന്നുണ്ട്:

> ‘‘ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു."
>
> വെളിപ്പാട് 7:14.

അങ്കി അലക്കി വെളുപ്പിക്കുക എന്ന് പറഞ്ഞിരിക്കുന്നത് വിശുദ്ധീകരണം അനുഭവിക്കുന്നതിനെക്കുറിച്ചാണ്. നമ്മുടെ ചിന്തകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അനുനിമിഷം ആന്തരികമായി അഴുക്കു പറ്റുന്നുണ്ട്. സ്വാർത്ഥത, അസൂയ, ദ്രവ്യാഗ്രഹം, സ്ഥാന മോഹം, സ്വയം (ego), ലൈംഗിക മോഹങ്ങൾ, അഹങ്കാരം, വൈരാഗ്യം, പക, പ്രതികാര ചിന്ത മുതലായവ കൊണ്ടെല്ലാം നമുക്ക് കറ

പറ്റുന്നു. അതെല്ലാം ഏറ്റു പറഞ്ഞുപേക്ഷിച്ച് തങ്ങളെത്തന്നെ ക്രിസ്തുവിന്റെ പാദത്തിങ്കൽ ഒരു പുതിയ ജീവിതത്തിനായി സമർപ്പിക്കുമ്പോഴാണ് യേശു ക്രിസ്തുവിന്റെ തിരുരക്ത ത്താൽ കഴുകൽ കിട്ടുന്നത്.

> "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീക രണം തന്നെ."
>
> 1 തെസ്സലോനിക്യർ 4:3.

> "എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീക രണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല."
>
> എബ്രായർ 12:14.

> "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്ക് ഉള്ളതു കൊണ്ട് നാം ജഡത്തിലെയും ആത്മാവി ലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക"
>
> 2 കൊരിന്ത്യർ 7:1.

> "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും."
>
> മത്തായി 5:8.

ഈ തിരുവചന ഭാഗങ്ങളെല്ലാം വിശുദ്ധീകരണത്തിന്റെ പ്രാധാന്യത്തെ വിശദമാക്കുന്നു.

വെളിപ്പാട് പുസ്തകത്തിന്റെ ഒടുവിലത്തെ അദ്ധ്യായ ത്തിൽ പറഞ്ഞിരിക്കുന്നു, ആരാണ് നിത്യജീവനിൽ പ്രവേശിക്കുന്നത് എന്ന്:

> "ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ."
>
> വെളി. 22:14.

**ഒന്ന്: രക്ഷാവസ്ത്രം**

നിത്യജീവൻ പ്രാപിക്കുന്നതിനെയാണ് രക്ഷാവസ്ത്രം സൂചിപ്പിക്കുന്നത്. എല്ലാ മനുഷ്യരും പാപികളാണ്; തന്മൂലം നിത്യ ശിക്ഷക്ക് അർഹരുമാണ്. നിത്യ നരകത്തിന്റെ ഭീകര യാതനയിൽ നിന്ന് മോചനം പ്രാപിക്കുന്നതിനെയാണ് രക്ഷിക്കപ്പെടുക എന്ന് പറയുന്നത്. മാനസാന്തരപ്പെട്ട് ജീവിതം ക്രിസ്തുവിൽ സമർപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ തിരുരക്തത്താൽ ലഭിക്കുന്ന പാപക്ഷമയും തന്മൂലം പ്രാപിക്കുന്ന നിത്യ രക്ഷയും നമുക്ക് അവകാശമാകുന്നു. ഈ മഹത്വകരമായ അനുഭവം പ്രാപിക്കേണ്ടത് നാം ശരീരത്തിൽ കഴിയുന്ന ഭൗതിക ജീവിതകാലത്താണ്. ഈ അനുഭവമുള്ളവരാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ. അതുകൊണ്ടാണ് അപ്പോസ്തല പ്രവൃത്തികളിൽ സഭയിലേക്ക് വന്നു ചേർന്നവരെക്കുറിച്ചുപറയുമ്പോൾ നാം വായിക്കുന്നത്:

> "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു."
>
> അപ്പോ.2:47

അവർ ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു എന്നു കാണുന്നു. അതാണ് ഉത്സവം.

യെശയ്യാ പ്രവാചകനും ഇതു തന്നെ പറയുന്നു:

> “ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും. എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ല സിക്കും. മണവാളൻ തലപ്പാവ് അണിയുന്നതു പോലെയും മണവാട്ടി ആഭരണങ്ങളാൽ തന്ന ത്താൻ അലങ്കരിക്കുന്നതു പോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു.”
>
> യെശ.61:10.

രക്ഷാവസ്ത്രം ധരിക്കുമ്പോൾ ഘോഷിച്ചുല്ലസി ക്കുന്നതാണ് ഉത്സവത്തിന്റെ അനുഭവം.

സ്നേഹിതാ, നിന്റെ ജീവിതത്തിൽ നിത്യരക്ഷ സ്വന്തമാക്കിയോ? നിത്യശിക്ഷ ഒഴിവായി എന്ന ഉറപ്പ് കിട്ടിയോ? തിരുവചനം പറയുന്നത് ദയവായി ശ്രദ്ധിക്കൂ:

> “അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാ തിരിക്കേണ്ടതിന്ന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായി രിക്കയും ഓരോരോ ലംഘനത്തിനും അനുസര ണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കു കയും ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാ ലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും.”
>
> എബ്രായർ 2:1–4

**രണ്ട് : നീതി എന്ന അങ്കി**

മനുഷ്യരെല്ലാം പാപികളാണ്. നീതിമാൻ ആരുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവ തേജസ്സില്ലാത്തവരായി തീർന്നു എന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നു. (റോമർ 3:10; 3:23.)

> "അവന്റെ കൃപയാൽ (ദൈവത്തിന്റെ കൃപ യാൽ) ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്."
>
> റോമർ 3:24.

നീതികെട്ട മനുഷ്യനെ നീതിമാൻ എന്ന് ദൈവം പരിഗണിക്കുന്നതാണ് നീതീകരണം. പാപത്തിന്റെ കട ഭാരവും പേറി വലയുന്ന മനുഷ്യന്റെ കടമെല്ലാം യേശു ക്രിസ്തു തന്റെ തിരു രക്തത്താൽ ഏറ്റെടുത്ത് കടക്കാരനായ മനുഷ്യന്റെ കടച്ചീട്ട് കീറിക്കളയുന്നതാണ് നീതീകരണം.

നീതീകരണം സൗജന്യമായിട്ടാണ് ലഭിക്കുന്നത്. അതിന് നമുക്കുവേണ്ടത് വിശ്വാസം മാത്രമാണ് - യേശു ക്രിസ്തുവിന്റെ പാപപരിഹാര ബലിയിലുള്ള വിശ്വാസം. അതാണ് സെ. പോൾ പറയുന്നത്:

> "വിശ്വസിക്കുന്നവർക്ക് അവൻ (ക്രിസ്തു) തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരി ക്കുന്നു"
>
> റോമർ 3:25.

യേശു ക്രിസ്തു പറഞ്ഞതും അതു തന്നെ:

> "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയ തുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാ

കുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യ ജീവൻ പ്രാപിക്കേണ്ടതിനു തന്നെ.”

യോഹന്നാൻ 3:14–15

ഈജിപ്റ്റിൽ നിന്നു കനാനിലേക്ക് മോശെ നയിച്ചു കൊണ്ടു പോയ യിസ്രായേൽക്കാർ മരുഭൂമിയിലെ യാത്രയുടെ മദ്ധ്യത്തിൽ പിറുപിറുക്കുകയും ദൈവത്തോടും ദൈവപുരുഷനായ മോശെയോടും മത്സരിക്കുകയും ചെയ്ത സംഭവം സംഖ്യാ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. (സംഖ്യാപുസ്തകം 21:4–9)

ദൈവത്തോട് പിറുപിറുത്തപ്പോൾ അഗ്നി സർപ്പങ്ങൾ പാളയത്തിലെല്ലാം പാഞ്ഞു നടന്ന് ജനത്തെ കടിക്കാൻ തുടങ്ങി. പാമ്പിന്റെ കടിയേറ്റ് ജനങ്ങൾ മരിച്ചപ്പോൾ മോശെ ജനത്തിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ട് മോശെയോട് പറഞ്ഞു:

“ഒരു അഗ്നി സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തി ന്മേൽ തൂക്കുക. കടിയേൽക്കുന്നവർ ആരെങ്കിലും അതിനെ നോക്കിയാൽ ജീവിക്കും. അങ്ങനെ മോശെ താമ്രം കൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മേൽ തൂക്കി. പിന്നെ സർപ്പം ആരെയെങ്കിലും കടിച്ചിട്ട് അവൻ താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കും.”

സംഖ്യ.21:7–10.

മോശെ പറഞ്ഞ വചനം വിശ്വസിച്ചവരാണ് താമ്ര സർപ്പത്തിലേക്ക് നോക്കിയത്. അവർ സർപ്പവിഷ ബാധയിൽ നിന്ന് രക്ഷ പ്രാപിച്ച് ജീവൻ നേടി. പാപം ചെയ്ത് പിശാചിന് ഇടം കൊടുക്കുമ്പോൾ മനുഷ്യനിൽ ആത്മാവ് മരിക്കു കയാണ്.

"പാപത്തിന്റെ ശമ്പളം മരണമത്രേ."

റോമർ 6:23

"മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു." എന്ന് യാക്കോബ് പറയുന്നു.

യാക്കോബ്. 1:15.

"മരണത്തിന്റെ വിഷമുള്ള് പാപം."

1 കൊരി.15:56

പാപത്തിന്റെ വിഷവും കറയും നമ്മിൽ നിന്ന് മാറ്റുവാനാണ് യേശു ക്രിസ്തു നമ്മുടെ പാപം വഹിച്ച് ക്രൂശിൽ മരിച്ചത്. ഇതു വിശ്വസിക്കുമ്പോൾ നമുക്ക് പാപത്തിന്റെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിക്കുന്നു.

ഒരാൾക്ക് ബാങ്കിൽ പത്ത് ലക്ഷം രൂപ കടമുണ്ട് എന്ന് സങ്കല്പിക്കുക. ആ രൂപാ അടച്ചുതീർക്കാൻ വക യില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ വീടും ഭൂമിയും ജപ്തി ചെയ്യാൻ കോടതി വിധി വന്നു. ആ പാവം മനുഷ്യൻ വീടും സ്വത്തും നഷ്ടപ്പെട്ട് വഴിയാധാരം ആകുന്നതിനെക്കുറിച്ചോർത്ത് നിരാശനായിരിക്കുകയാണ് എന്ന് ധനാഢ്യനായ ഒരാൾ അറിഞ്ഞു. അദ്ദേഹം നല്ല മനോഗുണമുള്ള മനുഷ്യൻ ആയിരുന്നു. അദ്ദേഹം കടക്കാരനായ മനുഷ്യനോട് സഹതാപം പൂണ്ട് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ നിന്ന് രൂപ എടുത്ത് ആ സാധുവിന്റെ കടം തീർത്തു. അങ്ങനെ ജപ്തി ഒഴിവായി. ധനാഢ്യനായ ആ നല്ല മനുഷ്യനോട് അയാൾ നന്ദി നിറഞ്ഞവനായിത്തീർന്നു.

ഇത് ഒരു നിസ്സാര ഉദാഹരണം മാത്രം. ക്രിസ്തു ചെയ്തത് അതാണ്. നമ്മുടെ കടമെല്ലാം ക്രിസ്തു ഏറ്റെടുത്തു. നമ്മെ പാപത്തിൽ നിന്ന് സ്വതന്ത്രരാക്കി. ഇതാണ് നീതീകരണം.

വേറൊരു ഉദാഹരണം. ഒരാൾ പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. പ്രതിക്കെതിരെ എല്ലാ തെളിവുകളും നിരത്തി വെച്ചു. പ്രതിക്ക് ഒന്നും പറയാനില്ലാതെ തല താഴ്ത്തി നിൽക്കുകയാണ്. ജഡ്ജി വിധി പ്രസ്താവിച്ചു:

പ്രതി കുറ്റക്കാരനെന്ന് അസന്ദിഗ്ദ്ധമായി തെളിഞ്ഞിരിക്കുന്നു. അഞ്ചു ലക്ഷം രൂപ പിഴ അടയ്ക്കുക. അടയ്ക്കുകയില്ലെങ്കിൽ മൂന്ന് വർഷം കഠിന തടവ് വിധിച്ചിരിക്കുന്നു.

പ്രതിയുടെ കണ്ണിൽ ഇരുട്ട് കയറി. അഞ്ചു ലക്ഷം പോയിട്ട് അഞ്ഞൂറ് രൂപ പോലും എടുക്കാനുള്ള മാർഗ്ഗമില്ല. ജയിലേക്ക് പോകുക തന്നെ.

അയാളെ ജയിലിന്റെ കവാടത്തിലെത്തിച്ചു. അപ്പോഴിതാ കോടതിയിൽ നിന്ന് ഒരു ഉദ്യോഗസ്ഥൻ ബദ്ധപ്പെട്ടു വരുന്നു! അഞ്ചു ലക്ഷം രൂപയും പ്രതിയുടെ പേരിൽ ജഡ്ജി സ്വന്തം വകയിൽ നിന്ന് അടച്ചു തീർത്തിരിക്കുന്നു എന്ന് അറിയിപ്പ്. എന്തൊരത്ഭുതം! ഒരു നിമിഷം കൊണ്ട് പൂർണ്ണമായ മോചനം.

പാപത്തിന്റെ ശമ്പളം മരണമാണല്ലോ. നിത്യ മരണമാകുന്ന നിത്യ നരകത്തിലേക്ക് തള്ളപ്പെടേണമെന്നാണ് ദൈവ നീതി വിധിക്കുന്നത്. എന്നാൽ ദൈവ സ്നേഹം ആ മരണം സ്വയം ഏറ്റെടുത്തു. അതാണ് ക്രൂശിലെ സ്നേഹം! അതാണ് നീതീകരണം. ഈ അനുഭവത്തിനാണ് നീതിയിൻ വസ്ത്രം ധരിക്കുക എന്ന് പറയുന്നത്.

> "അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ച് നീതി
> എന്ന അങ്കി ഇടുവിച്ചിരിക്കുന്നു."
>
> യെശ. 61:10.

> ‘‘പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി.”
>
> 2 കൊരി. 5:21.

**മൂന്ന് : സ്തുതി എന്ന മേലാട**

രക്ഷയും നീതികരണവും സൗജന്യമാണ്. എനിക്കർഹതയില്ലാത്തതാണല്ലോ എനിക്ക് ലഭിച്ചത് എന്ന ബോധ്യമുണ്ടാകുമ്പോൾ ഹൃദയം നന്ദികൊണ്ടും സ്നേഹം കൊണ്ടും നിറയുന്നു. അപ്പോൾ ഹൃദയത്തിൽ നിന്ന് ഉറന്നു വരുന്നതാണ് സ്തുതി. അതത്രേ സ്തുതി എന്ന മേലാട.

> “എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്ക കൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദ വർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധ മാക്കുവാനും ദുഃഖിതന്മാരെ ഒക്കെയും ആശ്വസിപ്പാനും സീയോനിലെ ദുഃഖിതന്മാർക്ക് വെണ്ണീറിനു പകരം അലങ്കാര മാലയും ദുഃഖ ത്തിനു പകരം ആനന്ദ തൈലവും വിഷണ്ഡ മനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു.”
>
> യെശയ്യാ 61:1–3.

ക്രിസ്തു ജനിക്കുന്നതിനു എഴുന്നൂറിലേറെ വർഷം മുമ്പ് എഴുതിയ ഈ പ്രവചനം ക്രിസ്തു വരുന്നതെന്തിന് എന്ന്

വിവരിക്കുകയാണ്. പാപക്ഷമ കിട്ടുകയും ആന്തരിക ബന്ധനങ്ങൾ അഴിയുകയും ചെയ്യുമ്പോഴാണ് സ്തുതി ലഭിക്കുന്നത്. അതുകൊണ്ടാണ് പാപത്തിന്റെ ആഴമുള്ള കുഴിയിലും നിരാശയുടെ കുഴഞ്ഞ ചേറ്റിലും കിടന്ന് അലഞ്ഞു കൊണ്ടിരുന്ന ദാവീദിന് പാപക്ഷമ കിട്ടിയപ്പോൾ പാടിയത്:

> "ഞാൻ യഹോവയ്ക്കായി കാത്തു കാത്തിരുന്നു. അവൻ എങ്കലേക്ക് ചാഞ്ഞ് എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിറുത്തി. എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന്നു സ്തുതി തന്നെ."
>
> സങ്കീ. 40:1–3.

പാപമോചനത്തിന്റെ സന്തോഷമാണ് സ്തുതിയുടെ നിദാനം. അവിടെയാണ് സ്തോത്രവും ഹാല്ലേലുയ്യായും ഉറവെടുക്കുന്നത്. അതുകൊണ്ടാണ് പരിശുദ്ധ പിതാക്കന്മാർ പാടിയത്:

"നിൻ സ്തുതിയും ഹാല്ലേലുയ്യായും,
കർത്താവേ, ഞാൻ നിർത്തരുതേ–
വിധി നീതിക്കയ്യോ ചെയ്യരുതേ,
ഞാൻ പാതകിയെന്നറിയുന്നേൻ–
സർവ്വ കടങ്ങളുമാരാഞ്ഞാൽ
നരകം താനെന്നവകാശം
നിന്നെ വിളിപ്പാൻ കഴിവെന്ന്യേ
മൗനം മൃതിയാൽ ഞാൻ പൂകും
നീക്കുക കൃപയാലെൻ പാപം."

ദാവീദിന് പാപബോധം വന്നപ്പോൾ തകർന്ന് കരഞ്ഞ അനുതാപത്തിന്റെ പ്രാർത്ഥനയാണ് 51–ാം സങ്കീർത്തനം. എന്റെ പാപം ക്ഷമിച്ചു കിട്ടിയാൽ ഞാൻ മൂന്നു കാര്യങ്ങൾ ചെയ്യുമെന്ന് ദാവീദ് ദൈവത്തോട് പ്രതിജ്ഞ ചെയ്യുകയാണ്:

ഒന്ന് : എന്റെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും.

രണ്ട് : ഞാൻ അതിക്രമക്കാരെ നിന്റെ വഴികൾ പഠിപ്പിക്കും.

മൂന്ന് : എന്റെ നാവ് നിന്റെ നീതിയെ ഘോഷിക്കും.

ദൈവത്തിന്റെ നീതിയെ ഘോഷിക്കുന്നതും ദൈവത്തെ സ്തുതിച്ച് വർണ്ണിക്കുന്നതുമാണ് സ്തുതി എന്ന മേലാട അണിയുന്നത്.

ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ സ്തുതി എന്ന മേലാട അണിയുന്നവരാണ് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ക്രിസ്തുവിനെ എതിരേൽക്കുവാൻ ഉയിർത്തെഴുന്നേൽക്കുന്നത് എന്ന് തിരുവചനത്തെ ആധാരമാക്കി പിതാക്കന്മാർ പാടുന്നത് ശ്രദ്ധിക്കൂ:

"ഖേദം വേണ്ടാ, മിശിഹായിൽ മൃതിപൂണ്ടോരേ!
ആസന്നം പ്രതിഫലമേകും പുനരുത്ഥാന ദിനേ.
കേടെന്യേ കബറുകളീന്നും നിങ്ങളെഴുന്നേ–
റ്റതിവേഗം രാജാത്മജനേയെതിരേല്പാനെത്തും
മഹിമാവിൻ നീരാളം ചാർത്തി
തിരുമുമ്പിൽ സ്തുതിപാടും നിങ്ങൾ
കനിവാലാദാംസുത ജീവപ്രദനേ കൃപചെയ്ക."

മഹത്വത്തിന്റെ പട്ടുവസ്ത്രം–ദൈവതേജസ്സിന്റെ നിലയങ്കി ധരിച്ച് നിങ്ങൾ സ്തുതിച്ച് കീർത്തനം ചെയ്യുമെന്നാണ് ഈ

ഗീതത്തിൽ പറയുന്നത്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ഉയിർത്തെഴുന്നേറ്റ് വന്ന് യേശുനാഥനെ എതിരേൽക്കും എന്നുള്ള വാഗ്ദത്തം. മിശിഹായുടെ ശരണത്തിൽ നിദ്ര പ്രാപിക്കുന്നവർക്കുള്ള പദവിയും പ്രതിഫലവുമാണ് ഇവിടെ വർണ്ണിക്കുന്നത്.

"മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ–
മുകിലഴകിൻ മേലാഘോഷിതനായീടുന്നു.
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി–
ട്ടങ്കിയണിഞ്ഞെതിരേൽപ്പാനായ് പോയീടുന്നു."

മരിച്ചവരെ ഉയിർത്തെഴുന്നേൽപിക്കാൻ എഴുന്നുള്ളുന്ന രാജാധിരാജനായ യേശു ക്രിസ്തു ആകാശ മേഘങ്ങളുടെ പ്രഭയോടെ ആഘോഷ സമേതം പ്രത്യക്ഷനാകും. അന്ന് നീതിമാന്മാർ (പരിശുദ്ധന്മാർ) ക്രിസ്തുവിന്റെ വരവിനു മുമ്പുള്ള കാഹളനാദം കേട്ട് (നീതിയുടെയും സ്തുതിയുടെയും) അങ്കി ധരിച്ച് ക്രിസ്തുവിനെ എതിരേൽപാൻ പറന്നുയരും.

## പത്ത്

"പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന്, ദൈവ സന്നിധിയിൽ നിന്നുതന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്ന് ഒരു മഹാ ശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും."

വെളി.21:2–4.

ഉത്സവം ആചരിക്കുന്നതിന് ആവശ്യമായ രക്ഷാവസ്ത്രം ധരിക്കുന്നതിനെക്കുറിച്ചാണ് നമ്മൾ ധ്യാനിച്ചു വരുന്നത്.

**ഒന്ന് : രക്ഷാവസ്ത്രം.**

**രണ്ട് : നീതി എന്ന അങ്കി.**

**മൂന്ന് : സ്തുതി എന്ന മേലാട.**

## നാല് : ഉത്സവവസ്ത്രം.

"ഞാൻ നിന്റെ അകൃത്യം നിന്നിൽ നിന്ന് പോക്കിയിരിക്കുന്നു; നിന്നെ ഉത്സവ വസ്ത്രം ധരിപ്പിക്കും."

സെഖര്യാവ് 3:4.

മഹാപുരോഹിതനായ യോശുവ സെരുബ്ബാബേൽ ഗവർണറായിരുന്ന കാലത്താണ് ജീവിച്ചിരുന്നത്. അവരിരുവരും ഹഗ്ഗായി പ്രവാചകന്റെയും സെഖര്യാ പ്രവാചകന്റെയും കാലത്ത് ജീവിച്ചിരുന്നവരാണ്. യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ച് നിൽക്കുന്നതും സാത്താൻ അവനെ കുറ്റം ചുമത്തുവാൻ അവന്റെ വലതുഭാഗത്ത് നിൽക്കുന്നതും സെഖര്യാപ്രവാചകൻ ദർശനത്തിൽ കണ്ടു. വസ്ത്രം മുഷിഞ്ഞു പോയത് ശുശ്രൂഷയിൽ വന്ന ഏതെങ്കിലും അപാകതകളോ സൂക്ഷ്മക്കുറവുകളോ മൂലമാകാം. അല്ലെങ്കിൽ ജീവിതത്തിൽ വന്ന തെറ്റുകൾ മൂലവുമാകാം. അപവാദി കുറ്റം ചുമത്തിക്കൊണ്ട് നിന്നപ്പോൾ യോശുവ അനുതാപത്തോടെ അതിദുഃഖിതനായി നിന്നു. തന്റെ ദാസന്റെ ദയനീയസ്ഥിതിയിൽ കരുണ തോന്നിയ ദൈവം സാത്താനെ ഭർത്സിച്ചകറ്റി:

മുഷിഞ്ഞ വസ്ത്രം അവങ്കൽ നിന്നു നീക്കിക്കളവിൻ എന്ന് കല്പിച്ചു കൊണ്ട് ദൈവം യോശുവയെ ഉത്സവ വസ്ത്രം ധരിപ്പിക്കാനാജ്ഞാപിച്ചു.

നീതിയിൻ വസ്ത്രവും രക്ഷയിൻ വസ്ത്രവും സ്തുതി എന്ന മേലാടയും ലഭിച്ചാലും വസ്ത്രം മുഷിഞ്ഞുപോകാൻ സാദ്ധ്യതയുണ്ട് എന്ന വസ്തുത നാം മറന്നു കളയരുത്. അപ്പോൾ വസ്ത്രം അലക്കുകയാണ് ചെയ്യേണ്ടത്. അലക്കുവാൻ കുഞ്ഞാടിന്റെ തിരുരക്തമുണ്ട് എന്ന് വെളിപ്പാട് പുസ്തകത്തിൽ പറയുന്നുണ്ട്:

> "അവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കിവെളുപ്പിച്ചിരിക്കുന്നു."
>
> വെളി. 7:14.

ശുശ്രൂഷാ രംഗത്ത് നിൽക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണിത്. പ്രകടമായ കറയോ ചെളിയോ പറ്റണമെന്നില്ല. ആകമാനം ഒരു മുഷിവ് വന്നു എന്നുവരാം. അതുകൊണ്ടാണ് ദാവീദ് പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കേണ്ടത്:

> "യഹോവേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ. എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ."
>
> സങ്കീ. 139:23–24.

> ''തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിപ്പിക്കേണമേ. സ്വമേധാ പാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ. അവ എന്റെ മേൽ വാഴരുതേ. എന്നാൽ ഞാൻ നിഷ്ക്കളങ്കനും മഹാപാതകരഹിതനുമായിരിക്കും."
>
> സങ്കീ.19:12–13.

**അഞ്ച് : വിശേഷ വസ്ത്രം**

> ''ഹല്ലേലുയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു. നാം സന്തോഷിച്ച് ഉല്ലസിച്ച് അവന്ന് മഹത്വം കൊടുക്കുക. കുഞ്ഞാടിന്റെ കല്ല്യാണം വന്നു

> വല്ലോ. അവന്റെ കാന്തയും തന്നത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു. ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നേ."
>
> വെളി. 19:6–8.
>
> "സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് കയറി അവനെ അനുഗമിച്ചു."
>
> വെളി.19:14.

ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന പരിശുദ്ധസഭ നീതിപ്രവൃത്തികൾ കൊണ്ട് അവനവനെത്തന്നെ അലങ്കരിക്കുന്നതിനെകുറിച്ചാണ് ആദ്യഭാഗത്ത് പറയുന്നത്. കുഞ്ഞാടിന്റെ കല്ല്യാണ സദ്യയെ കുറിച്ച് പറയുന്ന തുടർന്നുള്ള ഭാഗത്ത് വിശുദ്ധന്മാർക്ക് ലഭിക്കുന്ന സൗഭാഗ്യങ്ങളെയും പദവികളെയും ആലങ്കാരിക ഭാഷയിൽ, പ്രതീകാത്മകമായി വിവരിക്കുകയാണ്.

ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയെക്കുറിച്ചാണ് രണ്ടാമത്തെ വാകൃത്തിൽ വിവരിക്കുന്നത്. സ്വർഗ്ഗീയ സേനകളുടെയും വിശുദ്ധന്മാരുടെയും കൂടെ ആഘോഷസമന്വിതം ക്രിസ്തു ഭൂമിയിലേക്കു വരുന്ന പുനരാഗമനത്തെ പ്രതീകവത്കരിച്ച് പ്രസ്താവിച്ചിരിക്കുകയാണ് ഇവിടെ. മുൻ പറഞ്ഞ രണ്ട് വേദഭാഗങ്ങളിലും സഭയാകുന്ന മണവാട്ടി തന്നത്താൻ അലങ്കരിക്കുന്നത് നീതി പ്രവൃത്തികളാകുന്ന വിശേഷ വസ്ത്രം കൊണ്ടാണ് എന്ന് വിവരിച്ചിരിക്കുന്നു.

സുറിയാനി സഭയുടെ വിവാഹ കൂദാശയിലെ സുന്ദരമായ ഒരു ഗീതത്തിൽ ക്രിസ്തുവിനെ മണവാളനായും സഭയെ മണവാട്ടിയായും രൂപകാലങ്കാര ഭംഗിയിൽ അവതരിപ്പിച്ചിട്ടുണ്ട്:

"ഏദൻ തോട്ടം നട്ടോനേ
നീയാണെൻ യുവമണവാളൻ
നിൻ തോട്ടത്തീന്നെൻ പേർക്കായ്
വീശിച്ചീടുക കുളുർ തെന്നൽ
സത്യമണാളാ, നീതിജ്ഞാ,
നാഥാ, ഞാൻ നിൻ മണവാട്ടി
നീയാണെൻ തണലും താങ്ങും
ചെയ്യണമെന്നൊടു കാരുണ്യം.
നാളും മാസവുമാണ്ടും ഞാൻ
പാപപ്പാഴിരുളിൽ പോക്കി
നിൻ ജീവദ്ധ്വനി കേട്ടപ്പോൾ
കണ്ണു തെളിഞ്ഞാനന്ദിച്ചേൻ."

നാളുകളും മാസങ്ങളും ആണ്ടുകളും പാപപ്പാഴിരുളിൽ കാലം പോക്കിയ കന്യക (ഓരോ മനുഷ്യനും) ക്രിസ്തുവിന്റെ ജീവദായകമായ വചനം കേട്ടപ്പോൾ കണ്ണു തെളിഞ്ഞ് (ബോധം തെളിഞ്ഞ്) ആനന്ദിച്ചു. ക്രിസ്തുവിന്റെ മണവാട്ടിയാകാൻ കൃപ ലഭിച്ചതിൽ അഭിമാനം കൊള്ളുന്ന സഭയെയാണ് ഈ ഗീതത്തിൽ വരച്ചു കാണിക്കുന്നത്.

"സുന്ദരികളിലതിസുന്ദരി നീ – ജാതികളിൽ സൂനൂ!
നൃപതി ശലോമോൻ വിമലസഭേ – നിന്നെ ലാളിപ്പൂ
നിന്നധരങ്ങൾ – മധു വർഷിക്കുന്നു
വസന സുഗന്ധം – നീസാൻ കുസുമസമം."

എന്നു തുടങ്ങുന്ന ഗീതത്തിൽ വസന സുഗന്ധം വസ്ത്രത്തിന്റെ പരിമളത്തെയാണ് കുറിക്കുന്നത്. ശാരോനിലെ പനിനീർ പുഷ്പത്തിന്റെ സൗരഭ്യം പോലെയാണ് സഭയാകുന്ന മണവാട്ടിയുടെ വിശേഷ വസ്ത്രത്തിന്റെ നറുമണം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

നീതി പ്രവൃത്തികൾ കൊണ്ട് നമ്മെത്തന്നെ അലങ്കരിക്കേണ്ടതിന്റെ ആവശ്യകതയാണ് വിശേഷ വസ്ത്രം ധരിക്കണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. യേശുക്രിസ്തുവിന്റെ ഗിരി പ്രഭാഷണത്തിൽ ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട്:

> "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."
>
> മത്തായി 5:16.

വിശ്വാസവും പ്രവൃത്തിയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെയാണ്. സത്യവിശ്വാസം ഉണ്ടെന്നുള്ളതിന്റെ തെളിവാണ് സൽപ്രവൃത്തികൾ. യാക്കോബിന്റെ ലേഖനത്തിൽ പറയുന്നു:

> "വ്യർത്ഥമനുഷ്യാ, പ്രവൃത്തിയില്ലാത്തവിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിപ്പാൻ നിനക്ക് മനസ്സുണ്ടോ?...... ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതു പോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു."
>
> യാക്കോബ് 2:20–26

**ആറ് : വിചിത്ര വസ്ത്രം**

"ഞാൻ നിന്നെ വെള്ളത്തിൽ കുളിപ്പിച്ചു രക്തം കഴുകിക്കളഞ്ഞു എണ്ണ പൂശി. ഞാൻ നിന്നെ വിചിത്ര വസ്ത്രം ധരിപ്പിച്ചു. തഹശുതോൽ കൊണ്ടുള്ള ചെരിപ്പിടുവിച്ചു. ശണപടം കൊണ്ട് ചുറ്റി പട്ടുപുതപ്പിച്ചു. ഞാൻനിന്നെ ആഭരണം അണിയിച്ചു. നിന്റെ കൈക്കു വളയും കഴുത്തിൽ മാലയും ഇട്ടു. ഞാൻ നിന്റെ മൂക്കിനു മൂക്കുത്തിയും കാതിൽ കുണുക്കും ഇട്ടു. തലയിൽ ഭംഗിയുള്ളോരു കിരീടവും വെച്ചു. ഇങ്ങനെ നീ പൊന്നും വെള്ളിയും അണിഞ്ഞു. നിന്റെ ഉടുപ്പ് ശണപടവും പട്ടും വിചിത്ര വസ്ത്രവും ആയിരുന്നു. നീ നേരിയ മാവും തേനും എണ്ണയും ഉപജീവിച്ച് ഏറ്റവും സൗന്ദര്യമുള്ളവളായി തീർന്നു. നിനക്കു രാജത്വവും സിദ്ധിച്ചു. ഞാൻ നിന്നെ അണിയിച്ച അലങ്കാരം കൊണ്ട് നിന്റെ സൗന്ദര്യം പരിപൂർണ്ണമായതിനാൽ നിന്റെ കീർത്തി ജാതികളിൽ പരന്നു എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്."

യെഹസ്ക്കേൽ16:9–14

ആർക്കും വേണ്ടാത്ത ശിശുവിനെ എടുത്തു വളർത്തുന്ന ഒരാളുടെ സ്നേഹത്തെ ദൃഷ്ടാന്തവൽക്കരിച്ചുകൊണ്ട് ക്രിസ്തുവിന് മനുഷ്യരോടുള്ള സ്നേഹത്തിന്റെ അപരിമേയതയെ വിവരിക്കുകയാണ് ഈ വേദഭാഗം. രക്തത്തിൽ കിടന്നുരുളുന്ന ശിശു, ആരും തിരിഞ്ഞു നോക്കാത്ത അനാഥാവസ്ഥയിൽ മരിച്ചു കൊണ്ടിരിക്കുന്ന ശിശു– അതിനെ കണ്ട് മനസ്സലിഞ്ഞ്, കുളിപ്പിച്ച്, വെടിപ്പാക്കി, വസ്ത്രം പുതപ്പിച്ച്, പരിചരിച്ച് വളർത്തുന്ന അത്ഭുത സ്നേഹം – അതാണ് ദൈവീക സ്നേഹം. അതിനെ കുറിച്ച് യെഹസ്ക്കേൽ പറയുന്നു:

"നീ ജനിച്ചനാളിൽ നിന്റെ പൊക്കിൾ മുറിച്ചില്ല. നിന്നെ വെള്ളത്തിൽ കുളിപ്പിച്ച് വെടിപ്പാക്കിയില്ല. ഉപ്പ് തേച്ചില്ല. തുണി ചുറ്റിയതുമില്ല. നിന്നോട് മനസ്സലിവ് തോന്നീട്ട് ഇവയിൽ ഒന്നെങ്കിലും നിനക്കു ചെയ്തു തരുവാൻ ഒരു കണ്ണിനും നിന്നോട് കനിവുണ്ടായില്ല. നീ ജനിച്ച നാളിൽത്തന്നേ അവർക്ക് നിന്നോട് വെറുപ്പു തോന്നിയതുകൊണ്ട് നിന്നെ വെളിംപ്രദേശത്ത് ഇട്ടു കളഞ്ഞു. എന്നാൽ ഞാൻ നിന്റെ സമീപ ത്തുകൂടെ കടന്നു പോകുമ്പോൾ നീ രക്തത്തിൽ കിടന്നുരുളുന്നതു കണ്ട് നിന്നോട്, നീ രക്തത്തിൽ കിടക്കുന്നു എങ്കിലും ജീവിക്ക എന്ന് ഞാൻ നിന്നോട് കല്പിച്ചു."

യെഹ 16:4–7.

പാപത്തിലാണ്ടുപോയ മനുഷ്യനെ സ്നേഹിച്ച് വീണ്ടെടുക്കുന്ന ക്രിസ്തുവിന്റെ നിത്യ സ്നേഹത്തെയാണ് ഇവിടെ സാദൃശ്യവത്ക്കരിക്കുന്നത്. പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം! അത് തിരിച്ചറിഞ്ഞ് ക്രിസ്തുവിനെ സ്നേഹിക്കുന്നതാണ് ശ്രേഷ്ഠമായ ആത്മീയ ജീവിതം. അതാണ് വിചിത്ര വസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഉല്പത്തി പുസ്തത്തിൽ യിസ്ഹാക്കിന് ഒരു മണ വാട്ടിയെ തേടിപ്പോകുന്ന ഏലെയാസാറിനെ കാണാം. അബ്രഹാം പിതാവിന്റെ ഏകജാതനായ യിസ്ഹാക്കിന് മണവാട്ടിയായി ലാബാന്റെ സഹോദരിയായ റിബേക്കയെ ഏലെയാസാർ കണ്ടെത്തി. പിതാവായ ദൈവത്തിന്റെ ഏകജാതനായ യേശു ക്രിസ്തുവിന് മണവാട്ടിസഭയെ ഒരുക്കി ക്കൊണ്ടു വരുന്ന പരിശുദ്ധാത്മാവിനെയാണ് ഏലെയാ സാറിൽ നാം പ്രതീകവത്കരിച്ചു കാണുന്നത്.

"ആ പുരുഷൻ അവളെ ഉറ്റുനോക്കി; യഹോവ തന്റെ യാത്രയെ സഫലമാക്കിയോ ഇല്ലയോ എന്നറിയേണ്ടതിന് മിണ്ടാതിരുന്നു. ഒട്ടകങ്ങൾ കുടിച്ചു തീർന്നപ്പോൾ അവൻ അര ശേക്കൽ തൂക്കമുള്ള ഒരു പൊൻമൂക്കുത്തിയും അവളുടെ കൈയ്യിലിടുവാൻ പത്തു ശേക്കൽ തൂക്കമുള്ള രണ്ട് പൊൻ വളയും എടുത്ത് അവളോട്."

ഉല്പത്തി 24:21–25.

"ഞാൻ അവളുടെ മൂക്കിനു മൂക്കുത്തിയും കൈക്കു വളയും ഇട്ടു."

ഉല്പത്തി 24:21–25.

റിബേക്കയെ ഏലെയാസർ ആടയാഭരണങ്ങൾ അണിയിച്ചതുപോലെ പരിശുദ്ധാത്മാവ് നമ്മെ മനോഗുണ പ്രവൃത്തികളാൽ അലങ്കരിക്കുന്നു. സത്പ്രവൃത്തികളാകട്ടെ നമ്മുടെ അലങ്കാരം.

ആത്മാവിന്റെ അഭിഷേകത്തെയാണ് വിചിത്ര വസ്ത്രം സൂചിപ്പിക്കുന്നത്.

"അന്തഃപ്പുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു. അവളുടെ വസ്ത്രം പൊൻകസവു കൊണ്ടുള്ളത്. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ച് രാജസന്നിധിയിൽ കൊണ്ടു വരും."

സങ്കീ.45:10.

ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന സഭയ്ക്ക് ലഭിക്കുന്ന അഭിഷേകത്തിന്റെ തേജസ്സിനെയാണ് ഇവിടെ വിവരിക്കുന്നത്. ഈ പദവി ലഭിക്കാനെന്തെല്ലാമാണ് വേണ്ടത്?

"നീ നീതിയെ ഇഷ്ടപ്പെട്ട് ദുഷ്ടതയെ ദ്വേഷിക്കുന്നു. അതുകൊണ്ട് നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദ തൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു."

സങ്കീ.45:7

"അല്ലയോ, കുമാരി, കേൾക്ക; നോക്കുക; ചെവി ചായ്ക്ക് സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും."

സങ്കീ.45:10.

**ഏഴ് : കല്ല്യാണ വസ്ത്രം.**

"വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്തു വന്നപ്പോൾ കല്ല്യാണ വസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ കണ്ടു. സ്നേഹിതാ, നീ കല്ല്യാണവസ്ത്രമില്ലാതെ ഇവിടെ അകത്തു വന്നതെങ്ങനെ എന്നു ചോദിച്ചു. എന്നാൽ അവന് വാക്ക് മുട്ടിപ്പോയി. രാജാവ് ശുശ്രൂഷകരോട്, ഇവനെ കൈയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്ന് പറഞ്ഞു. വിളിക്കപ്പെട്ടവർ അനേകം. തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം."

മത്തായി 22:11–14.

യിസ്രായേൽ ജനതയോടുള്ള ദൈവത്തിന്റെ ന്യായവിധിയുടെ ഒരു ചിത്രമാണ് മത്തായി 22–ാം അദ്ധ്യായം 1 മുതൽ 14 വരെ വാക്യങ്ങളിൽ നാം കാണുന്നത്. യോഹന്നാൻ സ്നാപകൻ വന്ന് പ്രസംഗിച്ചു:

"ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്ത രപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ."

–മർക്കോസ് 1:15.

എന്നാൽ ദൈവജനം പിതാവാം ദൈവത്തിന്റെ സന്ദേശം കൈക്കൊണ്ടില്ല. പിന്നീട് കർത്താവായ യേശു ക്രിസ്തു രക്ഷയുടെ സുവിശേഷം ഘോഷിച്ചപ്പോൾ ക്രിസ്തുവിനെയും രക്ഷയെയും അവർ നിരസിച്ചു. സ്വന്തജനം യേശുവിനെ ക്രൂശിച്ചു. എന്നാൽ ദൈവം ദീർഘക്ഷമയോടെ തന്റെ സാക്ഷികളായ അപ്പോസ്തലന്മാരെയും ഉപദേഷ്ടക്ക ന്മാരെയും അവരുടെ അടുക്കൽ അയച്ചു. പരിശുദ്ധാത്മാ വിന്റെ ആലോചനയെയും അവർ നിരസിച്ചു. ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നതിനുള്ള തെളിവാ യിരുന്നു അപ്പോസ്തലന്മാരിൽക്കൂടെ നടന്ന അത്ഭുതങ്ങൾ.

എന്നാൽ യഹൂദന്മാർ പരിശുദ്ധാത്മാവിനെയും നിരസിച്ചു. പരിശുദ്ധാത്മാവിനെതിരായ ആ പാപത്തെയാണ് സ്തെഫാനോസ് ചൂണ്ടിക്കാണിച്ചത്:

"നിങ്ങൾ എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനോട് മറുത്തു നിൽക്കുന്നു."

അപ്പോ.പ്രവൃത്തികൾ 7:52.

തന്റെ പുത്രനു വേണ്ടി കല്ല്യാണ സദ്യ കഴിച്ച രാജാവിന്റെ ഉപമയിലെ ആശയം മേൽപ്പറഞ്ഞതാണ്. (മത്തായി 22:1–14)

ആ ഉപമയുടെ ഒടുവിലെ ഭാഗത്താണ് കല്ല്യാണ വസ്ത്രത്തെക്കുറിച്ച് പരാമർശിക്കുന്നത്. (മത്തായി 22:11–14) യഹൂദ ജനതയ്ക്കു പൊതുവെ വരുന്ന ന്യായവിധിയെക്കുറിച്ച് പറഞ്ഞതിനുശേഷം കല്ല്യാണവസ്ത്രം ഇല്ലാത്ത ഒരാളെക്കുറിച്ചും അയാൾക്കു വരുന്ന ഘോരമായ നരക ദുരിതത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നതിനാൽ രക്ഷ

വ്യക്തിപരമായി ഓരോരുത്തരും അനുഭവിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. വിരുന്നുകാരൻ കല്ല്യാണത്തിന് വരുന്നവർക്ക് വ്യക്തിപരമായി, സൗജന്യമായി, നൽകുന്നതാണ് കല്ല്യാണവസ്ത്രം. വിരുന്നിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും കല്ല്യാണ വസ്ത്രം ആവശ്യമാണ്. അത് സൗജന്യമായി വിതരണം ചെയ്യുന്ന സ്ഥലത്തു ചെന്ന് വാങ്ങാതെ കപടഭക്തിയും ദൈവിക വഴികളെ കൈക്കൊള്ളാൻ മനസ്സില്ലാത്ത അനുസരണക്കേടും ആത്മീയാന്ധതയും കൈമുതലാക്കിയവർക്ക് വരുന്ന നിത്യ ഭീകര ദണ്ഡനത്തെക്കുറിച്ചാണ് ഈ വേദഭാഗം വിവരിക്കുന്നത്.

നിത്യ രാജാധിരാജാവായ യേശു ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രവേശിക്കാനുള്ള ഏകയോഗ്യത ദൈവം സൗജന്യമായി ഓരോരുത്തർക്കും തരുന്ന മഹത്വീകരണത്തിന്റെ അനുഭവമാണ് എന്ന സത്യം നാമിവിടെ കാണുന്നു.

ഒരു വിശ്വാസിക്കുണ്ടാകുന്ന ഏഴുവിധത്തിലുള്ള അനുഗ്രഹാനുഭവങ്ങളാണ് ഓരോ വസ്ത്രത്തെക്കുറിച്ചുമുള്ള വിവരണങ്ങളിൽ പ്രതീകവത്ക്കരിച്ചിരിക്കുന്നത്.

നീതിയിൻ വസ്ത്രം, നീതീകരണത്തെയും (Justification) രക്ഷാവസ്ത്രം, ആത്മാവിന്റെ നിത്യ രക്ഷയാകുന്ന നിത്യ ജീവനെയും (Salvation) സ്തുതി എന്ന മേലാട, സ്തുതിയും സ്തോത്രവുമാകുന്ന ആരാധനയെയും (Worship) ഉത്സവവസ്ത്രം, ശുദ്ധീകരണത്തെയും (Sanctification) വിശേഷവസ്ത്രം, കാരുണ്യ പ്രവൃത്തികളാകുന്ന സേവനത്തെയും (Service) വിചിത്രവസ്ത്രം, ആത്മാഭിഷേകത്തെയും (Anointment) കല്ല്യാണവസ്ത്രം, മഹത്വീകരണത്തെയും (Glorification) സൂചിപ്പിക്കുന്നു. ഒരു വിശ്വാസി ഈ സപ്താനുഗ്രഹങ്ങൾ കരഗതമാക്കണമെന്ന് നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു.

ഒന്ന് : നീതിയിൻ വസ്ത്രം, നീതീകരണം (Justification)

രണ്ട് : രക്ഷാവസ്ത്രം, നിത്യ ജീവൻ (Salvation)

മൂന്ന് : സ്തുതി എന്ന മേലാട, ആരാധന (Worship)

നാല് : ഉത്സവവസ്ത്രം, ശുദ്ധീകരണം (Sanctification)

അഞ്ച് : വിശേഷവസ്ത്രം, സത്പ്രവൃത്തികൾ (Service)

ആറ് : വിചിത്രവസ്ത്രം, അഭിഷേകം (Anointment)

ഏഴ് : കല്ല്യാണവസ്ത്രം, മഹത്വീകരണം (Glorification)

വസ്ത്രത്തോടുള്ള ബന്ധത്തിൽ അഞ്ചു വിധത്തിലുള്ള അവസ്ഥ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്:

ഒന്ന് : നഗ്നാവസ്ഥ, പാപം മൂലം ഉടുപ്പ് നഷ്ടപ്പെട്ടു. ഉല്പത്തി 3:10, യെഹസ്കേൽ 16:8.

രണ്ട് : ദൈവം വസ്ത്രം ധരിപ്പിക്കുന്ന അവസ്ഥ, ഉല്പത്തി 3:21.

മൂന്ന് : ഉടുപ്പ് മുഷിഞ്ഞ അവസ്ഥ, സെഖര്യാവ് 3:4.

നാല് : ഉടുപ്പ് കറപിടിച്ച അവസ്ഥ, യെശയ്യാവ് 64:6, വെളിപ്പാട് 3:4.

അഞ്ച് : ഉടുപ്പ് പുഴു അരിച്ച അവസ്ഥ, യാക്കോബ് 5:2–3.

## പതിനൊന്ന്

‘‘യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ച പേക്ഷിക്കും.”

സങ്കീ. 116: 12, 13

രണ്ട് ദിനവൃത്താന്തം ഏഴാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നാം കാണുന്നു ശലോമോൻ പുതിയ ആലയം പണിതിട്ട് പ്രാർത്ഥിച്ചു എന്ന്.

ഉത്സവത്തിനുവേണ്ടതായ

**ആറാമത്തെ കാര്യം : ആരാധനയാണ്.**

ജനങ്ങളെല്ലാം വന്നു കൂടിയിട്ടുണ്ട്. പ്രാർത്ഥിച്ചപ്പോൾ വലിയൊരു അത്ഭുതം നടന്നു. ആദ്യം ആലയം പുകകൊണ്ടു നിറഞ്ഞു. ആളുകൾ അമ്പരപ്പോടെ നിൽക്കുകയാണ്. ദൈവദാസൻ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ആകാശത്തു നിന്ന് തീയിറങ്ങി ഹോമയാഗവും ഹനനയാഗവും ദഹിപ്പിച്ചു. യഹോവയുടെ തേജസ്സും ആലയത്തിൽ നിറഞ്ഞു.

യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞിരിക്കകൊണ്ട് പുരോഹിതന്മാർക്ക് ആലയത്തിൽ കടപ്പാൻ കഴിഞ്ഞില്ല. ആലയത്തിൽ തീയിറങ്ങിയത് യിസ്രായേൽ മക്കൾ കണ്ടപ്പോൾ അവർ കൽത്തളത്തിൽ സാഷ്ടാംഗം വീണ് യഹോവയെ നമസ്ക്കരിച്ചു: അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത് എന്ന് ആർത്തു പാടി സ്തുതിച്ചു. പിന്നെ രാജാവും സർവ്വജനവും യഹോവയുടെ സന്നിധിയിൽ യാഗം കഴിച്ചു. ഇങ്ങനെ രാജാവും സർവ്വജനവും ദൈവാലയത്തെ പ്രതിഷ്ഠിച്ചു. ഒടുക്കം യാഗം കഴിച്ചു; ഉത്സവം ആചരിച്ചു.

തൊട്ടുമുമ്പ് നാം കണ്ടു, യഹോവയുടെ ആലയത്തിൽ സ്വർഗ്ഗത്തിൽ നിന്ന് തീയിറങ്ങി എന്ന്. ദൈവത്തിന്റെ ആലയത്തിൽ സ്വർഗ്ഗത്തിൽ നിന്ന് തീയിറങ്ങും. എന്നാൽ ഒരു കാര്യം പ്രത്യേകം സൂക്ഷിക്കണം; ദൈവത്തിന്റെ ആലയമായി ദൈവം തിരഞ്ഞെടുത്ത സ്ഥലത്ത് ചിലപ്പോൾ ഇറങ്ങുന്ന തീ സ്വർഗ്ഗത്തിന്റെ തീയാകണം എന്നില്ല. ഒരു വലിയ അപകടകരമായ സാദ്ധ്യതയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. തീയിറങ്ങും; പക്ഷെ അത് സ്വർഗ്ഗത്തിലെ തീയാകണമെന്നില്ല. ചിലർ അന്യഭാഷ പറയും, പക്ഷെ ദൈവാത്മാവ് തരുന്നത് ആകണമെന്നില്ല. ദുരാത്മാവും തരും അന്യഭാഷ. ചിലർ ദർശനം കാണും. പക്ഷെ അതു ദൈവാത്മാവ് തരുന്നതായിരിക്കില്ല; ദുരാത്മാവ് തരുന്നതായിരിക്കും. വേറെ ചിലർ അരുളപ്പാടുകൾ പറയും. പക്ഷേ അതു ദൈവാത്മാവ് തരുന്നതായിരിക്കില്ല; ദുരാത്മാവ് തരുന്നതായിരിക്കും.

ഇങ്ങനെയൊക്കെ പ്രവർത്തിക്കുന്നത് ഭോഷ്ക്കിന്റെ ആത്മാവാണ്, പൈശാചികന്റെ ആത്മാവാണ്. സാത്താനും ഡ്യൂപ്ലിക്കേറ്റ് (duplicate) കൃപാവരങ്ങൾ കൊണ്ടുവരും. വ്യാജ രോഗശാന്തികൾ, വ്യാജ അന്യഭാഷകൾ, വ്യാജ ദർശനങ്ങൾ,

വ്യാജ പ്രവചനങ്ങൾ, വ്യാജമായ ആത്മവരങ്ങൾ, മുതലായവ കൊണ്ടുവരും.

വിടുതൽഗ്രൂപ്പ് ഭോഷ്ക്കിലേക്ക് വഴിതെറ്റിപ്പോയപ്പോൾ ഞങ്ങൾ അതിൽ നിന്നും പൂർണ്ണമായി മാറിപ്പോന്നു. വിട്ടുപോന്ന ദിവസം ഞങ്ങൾ അവരെ ഫോണിൽ വിളിച്ചു പറഞ്ഞു, ഇനി നിങ്ങൾ ആത്മീയം പറഞ്ഞുകൊണ്ട് ഞങ്ങളുടെ നാട്ടിലേക്ക് വരേണ്ട എന്ന്. അതൊരു നാലുമണി സമയത്താണ് ഞങ്ങൾ വിളിച്ചു പറഞ്ഞത്.

രാത്രിയിൽ വിടുതൽ ഗ്രൂപ്പിലുള്ളവർ എന്നെ ഫോണിൽ വിളിച്ച്, "യോഹന്നാൻസാർ ഇന്നു രാത്രി മരിക്കും എന്നാണ് അരുളപ്പാട് കിട്ടിയിരിക്കുന്നത്; അതു കൊണ്ട് തീർച്ചയായും വേഗം മടങ്ങി വന്നു കൊള്ളണം" എന്നു പറഞ്ഞു. ഞാനുടനെ ഫോൺ താഴെവച്ചു.

വീണ്ടും അവർ വിളിച്ചു. ഇപ്രാവശ്യം, "യോഹന്നാൻ സാർ ഇന്നു രാത്രി തന്നേ മരിക്കുമെന്ന് കർത്താവ് അരുളിച്ചെയ്യുന്നു. വേഗം മടങ്ങിവന്നു കൊള്ളണം." എന്നു പറഞ്ഞു. വീണ്ടും ഫോൺ താഴെ വച്ചു.

മൂന്നാമതും അവരുടെ ഫോൺ വന്നു, "യോഹന്നാൻ സാർ ഇന്നു മരിക്കുമെന്ന് വ്യക്തമായി കർത്താവ് കല്പിച്ചിരിക്കുകയാണ്, അറിഞ്ഞില്ല എന്നു വേണ്ട. അതുകൊണ്ട് വേഗം മടങ്ങി വന്നില്ലെങ്കിൽ അപകടം സംഭവിക്കും" എന്നുള്ള ഭീഷണി.

അന്ന് മരിച്ചില്ല എന്ന് കണ്ടപ്പോൾ അവർ പറഞ്ഞു, ദൈവം കരുണയുള്ളവനല്ലേ, ദൈവം സമയം നീട്ടി കൊടുത്തു, ഒരു മാസം സമയമുണ്ട്. സാർ ഒരു മാസത്തിനകം മരിച്ചുപോകും എന്ന്. തിരിച്ചുചെന്നില്ല; അവരെ പിന്നെ കണ്ടിട്ടുമില്ല.

അതു കഴിഞ്ഞു, പിന്നെയും മരിച്ചില്ലല്ലോ. ഇതാ അടുത്ത ഭീഷണി വരുന്നു, ദൈവം സ്നേഹമല്ലേ, ദൈവം അവസരം നീട്ടി കൊടുക്കുകയാണ്. ഒരു വർഷത്തേക്ക് ദൈവം അവസരം കൊടുത്തിരിക്കുന്നു. ഒരു വർഷത്തിനകം ഞാനങ്ങ് തീർന്നു പോകും എന്നവർ ധരിച്ചു.

പക്ഷെ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ പരിപാടി അതല്ലായിരുന്നു. 2010 സെപ്തംബർ പതിനാറാം തീയതി ഇരുപത്തിമൂന്ന് വർഷം തികയുകയാണ് അവരെ വിട്ടുപിരിഞ്ഞിട്ട്. കർത്താവ് കൃപയാൽ ഇന്നയോളം നിർത്തി.

ഭീഷണി അരുളിച്ചെയ്ത ആത്മാവ് ഏതാണ്? പ്രിയപ്പെട്ടവരേ, ഡ്യൂപ്ലിക്കേറ്റ് ആത്മീയങ്ങളുണ്ട്. ആരും അതിന്റെ പിറകെ കൂടരുത്. വ്യാജമായ അന്യഭാഷകൾ, വ്യാജമായ ദർശനങ്ങൾ, വ്യാജമായ പ്രവചനങ്ങൾ, വ്യാജമായ ആത്മവരങ്ങൾ, ഇതെല്ലാം കണ്ട് പിറകേ പോകരുത്.

സ്വർഗ്ഗത്തിൽ നിന്നിറങ്ങാതെയും തീ കത്തും. ആ തീയ്ക്ക് വേദപുസ്തകം പറയുന്ന വാക്ക് അന്യാഗ്നി എന്നാണ്.

> "നിങ്ങൾ അതിന്മേൽ അന്യധൂപമോ ഹോമയാഗമോ ഭോജനയാഗമോ അർപ്പിക്കരുത്"
>
> പുറപ്പാട് 30:9

> "അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്ത് അതിൽ തീ ഇട്ടു അതിന്മേൽ ധൂപവർഷവും ഇട്ടു, അങ്ങനെ തങ്ങളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു."
>
> ലേവ്യ. 10:1

അന്യധൂപം അർപ്പിക്കരുത്. ദൈവത്തിന്റേതല്ലാത്ത ധൂപം നിങ്ങൾ അർപ്പിക്കരുത്. പ്രാർത്ഥിക്കണം, കർത്താവേ, സ്വർഗ്ഗത്തിൽനിന്ന് തരാത്ത ഒരു കൃപാവരവും എന്നിൽ ഉണ്ടാകരുതേ എന്ന്. കരുതലോടെ നിന്നില്ലെങ്കിൽ നമ്മിൽ അന്യാഗ്നി കത്താം.

അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും മദ്യപാനം ചെയ്യാൻ പോയില്ല. അവരാരും വ്യഭിചാരം ചെയ്തില്ല. പ്രകടമായ കവർച്ചയോ കൊള്ളയോ മോഷണമോ ചെയ്യാൻ പോയില്ല. പിന്നെ എന്തു ചെയ്തു? യഹോവയിൽ നിന്നല്ലാത്തതായ ധൂപം എടുത്ത് കത്തിച്ചു. ദൈവത്തിൽ നിന്നല്ലാത്ത തായ തീയിറങ്ങി. അന്യാഗ്നി കത്തിച്ചു.

പാപം വന്നാൽ കൃപാവരം വഴി തെറ്റിപ്പോകും. സൂക്ഷിക്കണം. ഏതാണ് പ്രധാനം? പാപം ജീവിതത്തിൽ വരാതെ നിൽക്കുക. ഇന്ന് അന്യഭാഷ പറഞ്ഞു, ശരി. പക്ഷെ പാപം ജീവിതത്തിൽ വന്നാലും അന്യഭാഷ തുടരും. ഞങ്ങൾ അപ്പനെപ്പോലെ സ്നേഹിച്ചാദരിക്കുന്ന പരിശുദ്ധനായ ഒരു ദൈവ പുരുഷൻ ഞങ്ങൾക്ക് പറഞ്ഞുതന്നത് മഴ തോർന്നാലും പന്തൽ പെയ്തു കൊണ്ടിരിക്കും എന്നാണ്. മഴ പെയ്തു തോർന്നാലും പന്തലിൽ നിന്നു വെള്ളം ചോർന്നുകൊണ്ടിരിക്കും.

പ്രസംഗങ്ങൾ നടക്കും; അന്യഭാഷകൾ പറയും; ദർശനങ്ങൾ കാണും; ജീവിതത്തിൽ പ്രകടമായ പാപം വരണമെന്നും ഇല്ല; സ്വയമോ, സ്വാർത്ഥതയോ, അഹങ്കാരമോ, സ്വന്തം സ്ഥാനമോഹമോ, സ്വന്തം പേരുയർത്താനുള്ള മോഹമോ വന്നാൽ അപകടമാണ്. സൂക്ഷിക്കുക.

നാദാബിനും അബീഹൂവിനും എന്തുപറ്റി? ദൈവത്തിന്റെ സന്നിധിയിൽ നിന്ന് തീ പുറപ്പെട്ട് അവരെ ദഹിപ്പിച്ചുകളഞ്ഞു.

അവർ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി. ദൈവം ഭരമേല്പിക്കാത്ത ശുശ്രൂഷ ചെയ്തു. ധൂപകലശത്തിൽ ധൂപം ഇട്ടുകൊണ്ടുവരുവാൻ ദൈവം അവരോട് പറഞ്ഞിട്ടില്ല. ഇന്നിന്നവരൊക്കെ ചെയ്യുന്നുണ്ടല്ലോ. അപ്പോൾ എനിക്കും ചെയ്യാം എന്നവർ വിചാരിച്ചു. അന്യാഗ്നി കത്തിച്ചു.

വി. വേദപുസ്തകത്തിൽ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും മറ്റുചിലരെ സുവിശേഷകന്മാരായും വേറെ ചിലരെ ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു എന്നു കാണാം. (എഫെസ്യർ 4:11 കാണുക.) ഓരോരുത്തർക്കും അവരവരുടേതായ ശുശ്രൂഷകളുണ്ട്. ആത്മാവിന്റെ ബന്ധനം അഴിക്കാനുള്ള ശുശ്രൂഷ ഇല്ലെങ്കിൽ അത് ചെയ്യരുത്. ഓരോരുത്തർക്കും ദൈവം ഭരമേല്പിച്ച ശുശ്രൂഷയേ ചെയ്യാവൂ. അന്യാഗ്നി കത്താൻ ഇടവരരുത്. ആത്മാവ് ദഹിച്ചുപോകും.

> "എന്നാൽ നാദാബും അബീഹൂവും സീനായ് മരുഭൂമിയിൽ വെച്ച് യഹോവയുടെ സന്നിധിയിൽ അന്യാഗ്നി കത്തിച്ചപ്പോൾ യഹോവയുടെ സന്നിധിയിൽ വെച്ച് മരിച്ചുപോയി."
>
> സംഖ്യ. 3:4

> "എന്നാൽ നാദാബും അബീഹൂവും യഹോവയുടെ സന്നിധിയിൽ അന്യാഗ്നി കത്തിച്ചു മരിച്ചുപോയി."
>
> സംഖ്യ. 26:61

അന്യാഗ്നി ഇറങ്ങിയപ്പോൾ ദൈവത്തിന്റെ അഗ്നിയിറങ്ങി അന്യാഗ്നി ഇറങ്ങാൻ കാരണക്കാരായവരെ ദഹിപ്പിച്ചു. ദൈവപൈതലേ, നിനക്ക് ദൈവസന്നിധിയിൽ നിന്ന് കിട്ടാത്തതിലൊന്നും ഇടപെടരുത്. ദൈവം ഭര

മേല്പിക്കാത്തതൊന്നും നിനക്ക് ഉണ്ടെന്നു കരുതി ചെയ്തു പോകരുത്. ആത്മാവ് തീയാണ്. "തീയല്ലോ ഈ മദ്ബഹാ, തീ ഇതിനെ ചുറ്റുന്നു" എന്നു ചൊല്ലുവാൻ പിതാക്കന്മാർ നമ്മെ ഭരമേല്പിച്ചിരിക്കുന്നു. മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്നവർ അലക്ഷ്യമായി നിൽക്കരുത്, ഇരിക്കരുത്. ആത്മാവിന്റെ രംഗത്തു വളരെ ജാഗ്രതയോടെ നിൽക്കേണ്ട താണ്. അപകടം നമുക്കും നമ്മുടെ സന്തതി പരമ്പരക്കും വരുത്തി വയ്ക്കരുത്.

> ''നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്ക് കേട്ടനുസരിക്കുകയും ചെയ്യുന്നവൻ ആർ? തനിക്കു പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവ യുടെ നാമത്തിൽ ആശ്രയിച്ച് തന്റെ ദൈവത്തി ന്മേൽ ചാരിക്കൊള്ളട്ടെ."
>
> യെശയ്യ. 50:10

നിങ്ങൾ അന്ധകാരത്തിലാണ് നടക്കുന്നത്, പ്രകാശമില്ല. സാരമില്ല, യഹോവയുടെ വാക്ക് കേട്ട് അനുസരിക്കാനുള്ള മനസ്സുണ്ടെങ്കിൽ യഹോവയുടെ നാമത്തിൽ ആശ്രയിച്ച് ദൈവത്തിൽ ചാരിക്കൊള്ളട്ടെ. ഇന്നു നിങ്ങൾ അന്ധകാരത്തിലാണ് എങ്കിലും നിങ്ങൾ മറുതലിക്കല്ലേ, മത്സരിക്കല്ലേ, ചോദ്യം ചെയ്യല്ലേ.

ദൈവത്തിന്റെ ശുശ്രൂഷ ചെയ്യുന്നവരേ സൂക്ഷി ച്ചുകൊൾക. ഞാനൊരു വലിയ ശുശ്രൂഷ ചെയ്തു എന്നാർക്കും തോന്നരുതേ. ഞാൻമൂലം ഇന്നയാൾ മാനസാന്തരപ്പെട്ടു എന്നു ചിന്തിക്കരുതേ.

ഒരിക്കൽ അഭിഷേകം ഉണ്ടായിരുന്നു എന്നു പറഞ്ഞിട്ട് എന്തു കാര്യം? ശൗലിന് അഭിഷേകം ഉണ്ടായിരുന്നില്ലേ? പക്ഷെ പാപം വന്നപ്പോൾ അഭിഷേകം എല്ലാം

പൊയ്പ്പോയില്ലേ? അഭിഷേകത്തിന്റെ വസ്ത്രം ഇട്ടുകൊണ്ട് ഇപ്പോൾ നടക്കുന്നുണ്ടായിരിക്കും. പക്ഷെ ജീവിതത്തിൽ പാപം വന്നാൽ അഭിഷേകവും, ആത്മാവും, കൃപയും, രക്ഷയും എല്ലാം പോകും. പാപമാണ് മനുഷ്യനെ നശിപ്പിക്കുന്നത്. പിശാച് ഒരുക്കുന്ന കെണി അതാണ്. സൂക്ഷിക്കുക! Living Bible-ൽ എഴുതിയിരിക്കുന്നതു നോക്കൂ:

> "Who among you fears the LORD and obeys his Servant? If such men walk in darkness, without one ray of light, let them trust the LORD, let them rely upon their God. But see here, you who live in your own light, and warm yourselves from your own fires and not from God's; you will live among sorrows."
>
> Isa. 50:10

"നിങ്ങളിൽ ആരാണ് ദൈവത്തെ ഭയപ്പെടുകയും ദൈവത്തിന്റെ ദാസനെ അനുസരിക്കുകയും ചെയ്യുന്നത്? അങ്ങനെ ഉള്ളവർ ഇരുട്ടിൽ നടന്നാലും പ്രകാശത്തിന്റെ ഒരു രശ്മി പോലും ഇല്ലാതിരുന്നാലും അവർ ഇനിയെങ്കിലും ദൈവത്തിൽ ആശ്രയിക്കട്ടെ, അവർ ദൈവത്തിൽ ശരണപ്പെടട്ടെ. സ്വന്തം വെളിച്ചത്തിൽ നടക്കുന്ന നിങ്ങൾ, സ്വന്തം ആത്മവ്യാപാരം, സ്വന്തം സ്തുതി, സ്വന്തം കൃപയിൽ നടക്കുന്നവർ, നിങ്ങളുടെ സ്വന്തം തീയിൽ തന്നെത്താൻ ചൂടുപിടിപ്പിക്കുന്നവർ (അവിടെ സ്തുതി, സ്തോത്രം, ഹാലേലൂയ്യാ ഉണ്ട്, പാപം, സ്ഥാനമോഹം, ചിന്തയിലെ അഴുക്ക്, നോട്ടത്തിലെ അഴുക്ക്, സ്വാർത്ഥത, അഹന്ത, ദ്രവ്യാഗ്രഹം, ഇതെല്ലാം ഉണ്ട്) ദൈവത്തിൽ നിന്നല്ലാത്തതായ നിങ്ങളുടെ സ്വന്തം തീയിൽ നടക്കുന്ന നിങ്ങൾ മഹാവലിയ ദുഃഖം നേരിടേണ്ടി വരും."

അനേകം ദൈവമക്കൾ വീണു കിടക്കുന്നത് ഈയൊരു കാര്യത്തിലാണ്. അത് പരിശുദ്ധാത്മാവിനെതിരായ ഭയാനകമായ പാപമാണ്. ആലയത്തിൽ തീ ഇറങ്ങും. പക്ഷെ ദൈവത്തിൽ നിന്നുള്ള തീ ഇറങ്ങണം. അന്യാഗ്നി കത്തരുത്. ഈ ആലയം, നമ്മുടെ ശരീരം പരിപാവനമായിരിക്കണം. ഇതിലെ ഓരോ അവയവവും വിശുദ്ധമായിരിക്കേണം. നാവ് ശുദ്ധിയുള്ളത് ആയിരിക്കേണം. നാവിൽ ഒരു നുണ വരരുത്; ഒരു സൂത്രം വരരുത്; ഒരു പക്ഷഭേദം വരരുത്; ഒരു മുഖസ്തുതി വരരുത്; ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വ്രണപ്പെടുത്തുന്ന ഒന്നും വരരുത്.

നിങ്ങളുടെ ജീവിതത്തിൽ ഈ പറഞ്ഞ പാപങ്ങൾ വന്നിട്ടുണ്ടോ? ക്ഷമിക്കാൻ ക്രിസ്തുവിന്റെ തിരുരക്തമുണ്ട്. കഴുകാൻ യേശുവിന്റെ രക്തമുണ്ട്. എന്തെല്ലാം സംഭവിച്ചു പോയെങ്കിലും മാറ്റിത്തരാൻ യേശുവിന്റെ പുണ്യാഹ രക്തമുണ്ട്. അതിനല്ലയോ കർത്താവ് സ്നേഹത്തോടെ അദ്ധ്വാനിക്കുന്നത്.

പ്രിയപ്പെട്ടവരേ, പാപം വരാതെ നിങ്ങളെ തന്നേ കാത്തു സൂക്ഷിച്ചാൽ നന്ന്. അവയവം അവയവം പ്രതിയായി നിങ്ങൾ കഴുകൽ പ്രാപിച്ചാൽ നന്ന്. ദൈവത്തോട് ഏറ്റു പറയൂ, കർത്താവേ, പരദൂഷണം വന്നുപോയി; ചിലരെക്കുറിച്ച് വാവിഷ്ഠാണം പറഞ്ഞു പോയി; അരുതാത്തത് ചെയ്തു പോയി; അരുതാത്ത രീതിയിൽ ചിന്തിച്ചുപോയി. നാഥാ, പാതകങ്ങൾ ഏറെക്കാലം ചെയ്തു ഞാൻ. ദൈവമേ ജീവിതത്തിലെ രഹസ്യവശങ്ങൾ അഴുക്കു പറ്റിയ ഒരു പാപിയാണ് ഞാൻ. നീ പ്രസാദിക്കാത്ത രീതിയിൽ രൂപ ചിലവഴിച്ച ഒരു ദുഷ്ടമനുഷ്യനാണ് ഞാൻ. നീ സന്തോഷിക്കാത്ത വഴിയിൽ രൂപ സമ്പാദിച്ച ഒരു നീച സ്ത്രീയാണ് ഞാൻ. നിങ്ങളിങ്ങനെ അനുതാപത്തോടെ പ്രാർത്ഥിക്കൂ.

നിങ്ങളെ സ്നേഹിക്കുന്ന ക്രിസ്തു ഇപ്പോൾ നിങ്ങളുടെ അടുക്കൽ വന്നു നിൽക്കുകയാണ്. സ്നേഹിതാ, ഇപ്പോൾ നീ ഒരു പുതിയ തീരുമാനം എടുക്കുക. നിന്റെ പേര് ജീവ പുസ്തകത്തിൽ എഴുതിത്തരും. കർത്താവിനോട് പറയുക, കർത്താവേ എനിക്ക് കൃപ തരേണമേ; ക്ഷമ തരേണമേ; എന്റെ പാപക്കറകൾ കഴുകി തരേണമേ.

## പന്ത്രണ്ട്

"യാഗം കഴിച്ചു എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."

സങ്കീ. 50:5

ആലയം പണിയോടുള്ള ബന്ധത്തിൽ നാം ആറു കാര്യങ്ങൾ ചിന്തിച്ചു.

**ഒന്ന് : ആലയം പണിയണം**

**രണ്ട് : പ്രാർത്ഥിക്കണം**

**മൂന്ന് : പാപക്ഷമ പ്രാപിക്കണം**

**നാല് : യാഗം കഴിക്കണം**

**അഞ്ച് : രക്ഷാ വസ്ത്രം ധരിക്കണം**

**ആറ് : ആരാധിക്കണം**

**ഏഴാമത്തെ കാര്യം : ഉത്സവമാണ്.**

ദൈവജനം ഉത്സവം ആചരിച്ചു. നമ്മുടെ ജീവിതത്തിൽ എന്നും ഉത്സവം തരാൻ ദൈവം തയ്യാറാണ്. നമ്മുടെ ജീവിതത്തിൽ സമാധാനം തരാൻ ദൈവം ഒരുക്കമാണ്. ദൈവത്തിനു തരാൻ കഴിയുകയും ചെയ്യും. ഏതു കൊടിയ പ്രശ്നവും മാറ്റിത്തരാൻ യേശു ശക്തനാണ്.

നിങ്ങൾ പ്രതിസന്ധികളിൽ വാടിയിട്ടുണ്ടോ? എങ്കിൽ നിങ്ങൾ ദൈവസന്നിധിയിൽ യാചിച്ചിട്ടുണ്ടാവും. നിങ്ങളുടെ ജീവിതത്തിൽ ഭാരമേറിയ ചുമടുകൾ ചുമന്ന് നിങ്ങൾ വലഞ്ഞിട്ടുണ്ടോ? എങ്കിൽ നിങ്ങൾക്ക് ഈ ചുമട് മാറ്റിത്തരുന്ന ക്രിസ്തുവിനെ വേണമെന്ന് ആഗ്രഹിച്ചിട്ടുണ്ടാവും.

പ്രിയദൈവപൈതലേ, ഭാരം ചുമക്കുന്നത് നല്ലതാണ്. ബാല്യത്തിൽ നുകം ചുമക്കുന്നത് ഒരു പുരുഷനു നല്ലത്, എന്നൊരു വാക്യം വി. വേദപുസ്തകത്തിൽ ഉണ്ട് (വിലാപങ്ങൾ 3:27). നിങ്ങൾ സുഭിക്ഷതയിൽ, ഒന്നിനും കുറവില്ലാതെ, ജീവിക്കുമ്പോൾ ഭയപ്പെടേണം. നിങ്ങൾ ഈ ലോകത്ത് എല്ലാ വിധത്തിലും ഐശ്വര്യ സമൃദ്ധമായി കഴിയുമ്പോൾ ഭയപ്പെടേണം. നിങ്ങൾക്ക് അലസത വന്നുപോകും. നിങ്ങൾ ഉണർന്നു പ്രാർത്ഥിക്കുകയില്ല.

നിങ്ങൾ പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരിക്കും, കൂട്ടായ്മകളിൽ വന്നുകൊണ്ടിരിക്കും. പക്ഷെ നിങ്ങളുടെ ഉള്ളിൽ തീ കത്തുന്നുണ്ടാവില്ല. നിങ്ങളുടെ ഉള്ളിൽ ദൈവത്തിനു വേണ്ടിയുള്ള തീക്ഷ്ണതയും വാഞ്ഛയും എരിവും ഉണ്ടായിരിക്കുകയില്ല.

നിങ്ങൾ ദൈവത്തോടു പറയൂ, കർത്താവേ, എനിക്ക് ഈ ദുരിതങ്ങൾ വന്നത് നന്നായി. എന്റെ ഭാര്യ, അവളിന്നും മാനസ്സാന്തരപ്പെടാതിരിക്കുന്നത്, അവൾ കോപിക്കുകയും, പരിഭവിക്കുകയും ചെയ്യുന്നത്, അവൾ ദേഷ്യപ്പെട്ട് അലറുകയും ഗർജ്ജിക്കുകയും ചെയ്യുന്നത്, കർത്താവേ,

നന്നായി. എനിക്ക് അനുതപിക്കുന്നതിനും ശുദ്ധീകരണം പ്രാപിപ്പാനും അത് നല്ലതാണല്ലൊ.

എന്റെ ഭർത്താവ് മദ്യപിച്ച് ലക്കുകെട്ട് കോപിച്ചലറി ചിലപ്പോൾ എന്നെ ഉപദ്രവിക്കുന്നത് നന്നായി. കർത്താവേ, എന്റെ അപ്പൻ ചുമതലാബോധം ഇല്ലാതെ, ദൈവ വിചാരമില്ലാതെ ഒരുവിധത്തിലും സൈ്വരം തരാതെ കുടുംബത്തിൽ ശല്ല്യം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതു നന്നായി. എനിക്കിനിയും രൂപാന്തരപ്പെടാമല്ലൊ.

ഓരോ പ്രതിസന്ധികൾ വരുമ്പോൾ നിങ്ങൾ തളരാതെ നിൽക്കൂ. അപ്പോൾ കാണാം നിങ്ങൾക്ക് ശാന്തിയും പ്രശ്ന പരിഹാരവും തരുന്ന ക്രിസ്തുവിന്റെ അദൃശ്യ കരങ്ങൾ പ്രവർത്തിക്കുന്നത്!

ഭർത്താവ് നേരത്തേ മരിച്ചുപോയവർ ആരെങ്കിലും ഇതു വായിക്കുന്നുണ്ടോ? ഭാര്യ നേരത്തേ വിട്ടു പോയവർ ആരെങ്കിലും ഇതു വായിക്കുന്നുണ്ടാവും. ഭാര്യ ഭർത്താവിനെ ഉപേക്ഷിച്ചുപോയവർ ചിലർ ഇതു വായിക്കുന്നുണ്ടാകും.

നിങ്ങൾ അദ്ധ്വാനിച്ച് നേടിയ കുറച്ച് പെൻഷൻ ആനുകൂല്യങ്ങൾ, മകളെ വിവാഹം ചെയ്തയക്കേണ്ടതിനു സൂക്ഷിച്ച് വെച്ചിരുന്നു. വളരെ അടുപ്പം ഉള്ള ഒരാൾവന്ന് നിങ്ങളോടു വാങ്ങി. ഇപ്പോളതു തിരികെ തരുന്നില്ല.

ഏതെല്ലാം തരത്തിലുള്ള പ്രതിസന്ധികൾ! ദൈവ പൈതലേ, നിന്നോട് പറയട്ടേ, പ്രതിസന്ധികൾ വരുന്നത് ഉത്സവത്തിലേക്ക് നടന്നടുക്കാനാണ്.

നിങ്ങൾ ദൈവത്തിനു നിങ്ങളുടെ ഹൃദയത്തിൽ ആലയം പണിതുകൊൾക. നിങ്ങൾ പാപക്ഷമ നേടിക്കൊൾക. നിങ്ങൾ പ്രാർത്ഥിച്ചുകൊൾക.

നിങ്ങളെത്തന്നെ യാഗമായി അർപ്പണം ചെയ്തു കൊൾക. ദൈവം നിങ്ങളുടെ കാര്യം നോക്കിത്തരും.

നിനച്ചിരിയാതെ പെട്ടന്നാണ് രോഗം വന്നത്. ജീവിതത്തിൽ പെട്ടെന്ന് ഒരത്യാഹിതം വന്നു. അയ്യോ! എനിക്കെന്താണിങ്ങനെ വന്നത് എന്ന് നിങ്ങൾ മുഷിയരുത്. നിങ്ങളുടെ മുഖം വാടരുത്. എന്നാലും ദൈവം എന്റെ കാര്യം നോക്കിയില്ലല്ലോ എന്ന് നിങ്ങൾ പരിഭവിക്കരുത്. ഞാൻ ഇത്രയും നാൾ കൂട്ടായ്മയിൽ വരികയും, ഇത്രയും പ്രാർത്ഥിക്കുകയും ചെയ്തിട്ടും എന്റെ കുടുംബത്തിൽ എന്താണിങ്ങനെ വന്നത് എന്ന് തളരരുത്.

നിങ്ങൾ ഭാരപ്പെടരുത്. നിങ്ങൾ യേശുവിൽ ചാരി നിന്നുകൊള്ളൂ. യോഹന്നാൻശ്ലീഹ ചാരിയ മാറിൽ നിങ്ങൾ ചേർന്നിരുന്നുകൊള്ളൂ. യേശുനാഥന്റെ തിരുരക്തം വാർന്നൊഴുകിയ ആ മാർവ്വിൽ നിങ്ങൾ ചാരി അണഞ്ഞ് ഇരുന്നുകൊള്ളൂ. എന്നിട്ട് നിങ്ങളുടെ ഹൃദയനൊമ്പര ങ്ങളെല്ലാം യേശുവിനോട് പകർന്നു കൊള്ളൂ. ആ ചങ്കിലേക്ക് എല്ലാ വേദനകളും നിങ്ങൾ ഏല്പിച്ചുകൊള്ളൂ. നിങ്ങളുടെ ജീവിതത്തെ അലട്ടുന്ന പ്രയാസ വിഷയങ്ങൾ എല്ലാം എല്ലാം അങ്ങോട്ടു ഭരമേല്പിച്ചിട്ട് യേശുവിനോട് പറയൂ, കർത്താവേ, നിന്റെ കരമെന്നെ തലോടണമേ, എനിക്കുവേണ്ടത് പ്രശ്നം മാറുക എന്നുള്ളതല്ല, എനിക്കു വേണ്ടത് നിന്റെ മകനായി, മകളായി, നിന്റെ രാജ്യത്തിന്റെ അവകാശിയായിത്തീരുക എന്നുള്ളതാണ്.

എന്റെ കർത്താവേ, ഇന്നുമെന്റെ ജീവിതത്തിൽ പിശാച് അവകാശം പറയുന്ന പലതും ഉണ്ടല്ലോ. എന്റെ ചില വാശികൾ, പിണക്കങ്ങൾ, വൈരാഗ്യങ്ങൾ, മുൻ വിധികൾ, പരദൂഷണ സ്വഭാവം, മറ്റുള്ളവരുടെ കുറ്റം കാണുന്ന സ്വഭാവം, മറ്റുള്ളവരെ വിധിക്കുന്ന സ്വഭാവം, ഇങ്ങനെ പലതും

എന്നിലിപ്പോഴും ബാക്കി നിൽക്കുന്നല്ലോ. ഇതിന്റെയെല്ലാം പിന്നിൽ അവകാശം പറഞ്ഞു ഒരുപറ്റം ദുരാത്മാക്കൾ, ഭീകരരൂപികൾ, കരാള സത്ത്വങ്ങൾ എന്റെ ഹൃദയത്തിൽ വാഴുകയാണല്ലോ. അതിനു കാരണക്കാരൻ ഞാൻ തന്നെയാണല്ലോ.

എന്റെ കർത്താവേ, എനിക്കീ പിശാചിന്റെ ഉരുക്കുമുഷ്ടിയിൽ നിന്ന് ഒരു മോചനം വേണമല്ലോ. ഈ ദുരാത്മാക്കളുടെ ഭീകര വലയത്തിൽ നിന്ന് എനിക്കൊരു രക്ഷ വേണമല്ലോ. ഇന്നു ഞാൻ പിശാചിന്റെ മകനാണ്; എനിക്ക് നിന്റെ മകനായ് തീരണം.

ഈ സത്യം അംഗീകരിപ്പാൻ കഴിയാതെ എത്ര വർഷങ്ങളാണ് ഞാൻ കളഞ്ഞത്. ശത്രുവായ പിശാച് എന്റെ ഹൃദയത്തിൽ ഇരിക്കുന്നു എന്നറിയാതെ ഞാൻ എത്രയോ കൊല്ലങ്ങൾ ലോകത്തിനു വേണ്ടി, ലോക ഇമ്പങ്ങൾക്കു വേണ്ടി ജീവിച്ചു!

കർത്താവേ, ഇപ്പോൾ ഞാൻ നിന്റെ അരികിലേക്കു വന്ന് നിന്റെ കരുണയ്ക്കായി യാചിക്കുകയാണ്. എനിക്കൊരു സുബോധം തരേണമേ. എന്റെ ഉള്ളിൽ ദുരാത്മാക്കൾ കൊടികുത്തി വാഴുന്നത് എന്തിലെല്ലാമെന്ന് കാണുവാൻ എനിക്ക് വെളിവ് തരേണമേ.

ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിലുണ്ടോ എന്നു നോക്കി, ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ.

മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ; സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ.

അവ എന്റെ മേൽ വാഴരുതേ, എന്നാൽ ഞാൻ നിഷ്ക്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും.

എന്റെ ദൈവമേ, ഞാൻ പാതകരഹിതനാകാൻ നീ എന്നെ കുറിച്ച് ആഗ്രഹിക്കുന്നുവല്ലോ. അതിനു വേണ്ടിയാണല്ലോ യേശുവേ നീ കുരിശിൽ തിരുരക്തം ചിന്തിയത്. എന്റെ പാപം മാറ്റാൻ, എന്റെ മുൻവിധികൾ അകറ്റാൻ, എന്റെ സ്വാർത്ഥത നീക്കാൻ വേണ്ടിയാണല്ലോ യേശുവേ നീ കുരിശിൽ കുറ്റമറ്റ രക്തം ചിന്തിയത്. കർത്താവേ, പക്ഷേ ഈ പാപം എന്നെ വിട്ടു പോകുന്നില്ലല്ലോ. അട്ട കടിച്ചു തൂങ്ങുംപോലെ അവ എന്നെ കടിച്ചു തൂങ്ങിക്കിടക്കുകയാണല്ലോ. പറിച്ചെറിഞ്ഞിട്ടും പോകുന്നില്ലല്ലോ. പ്രാർത്ഥിച്ചിട്ടും പോയില്ലല്ലോ. ദൈവമക്കളെ കണ്ട് സംസാരിച്ചിട്ടും മാറിയില്ലല്ലോ. നിങ്ങൾ പ്രാർത്ഥിപ്പിൻ. ദൈവജനമേ നിങ്ങൾ ദൈവത്തോടു നിലവിളിപ്പിൻ.

> "എന്റെ മുഖം അന്വേഷിപ്പിൻ എന്ന് നിങ്കൽ നിന്ന് കല്പന വന്നു എന്ന് എന്റെ ഹൃദയം പറയുന്നു"
>
> സങ്കീ.27:7–8.

യഹോവയുടെ മുഖം അന്വേഷിപ്പിൻ! ദൈവപൈതലേ പറയൂ, യഹോവേ ഞാൻ നിന്റെ മുഖമന്വേഷിക്കുന്നു.

> "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു."
>
> യോഹ.1:12.

എനിക്കെന്റെ കർത്താവിന്റെ മകനാകണം, മകളാകണം. ദൈവത്തിന്റെ മകനായിട്ട്, മകളായിട്ട് വേണം ഇനി ജീവിക്കുവാൻ എന്ന് നിങ്ങൾ തീരുമാനിക്കൂ. അതിന്നു നിങ്ങൾ ദൂരയാത്രചെയ്ത് ഏതെങ്കിലും പുണ്യസ്ഥലം

സന്ദർശിക്കണ്ട. അതിന്നു വേണ്ടി നാളുകൾ കാത്തിരിക്കയും വേണ്ടാ. ഇന്നുതന്നെ നിങ്ങൾക്ക് ദൈവത്തിന്റെ മകനാകാം, മകളാകാം. അപ്പന്റെ സ്വത്തിന്റെ അവകാശിയാകാം.

കഴിഞ്ഞതെല്ലാം മായിച്ചു കിട്ടി, ദുരാത്മാക്കളെ മുഴുവൻ ശാസിച്ച്, നിനക്ക് മോചനം തരും. ദൈവ പൈതലേ നീ വിശ്വസിക്കുക. പിതാക്കന്മാരുടെ കാലം മുതലേ തലമുറകളായി പിന്തുടർന്നു വരുന്ന ശാപങ്ങൾ മാറിക്കൊള്ളും. എല്ലാ ഭയപ്പാടും, ഭീതിയും, ആശങ്കകളും, സങ്കടങ്ങളും മാറും. സകല പാപങ്ങൾക്കും പരിഹാരമുണ്ട്. സകല ബന്ധനങ്ങളും അഴിയും. ക്രിസ്തു നിന്നെ രൂപാന്തരപ്പെടുത്തി എടുക്കും. ക്രിസ്തു നിന്റെമേൽ കൃപ പകരും, ജീവൻ പകരും. തിരുരക്തം നിന്റെമേൽ ഒഴുക്കി ആത്മാവിൽ മരിച്ചിരിക്കുന്ന നിന്നെ തന്റെ മകനാക്കി മാറ്റും.

ഉത്സവം തുടങ്ങാം ദൈവമക്കളേ. ശത്രുവായ പിശാച് നമ്മിൽ നിന്നു മാറിയാൽ ഉത്സവം തുടങ്ങാം. പിശാച് മാറാതെ എന്തുത്സവം?

> “കർത്താവേ, നിന്റെ നാമത്തെ സ്തോത്രം ചെയ്യേണ്ടതിന്ന് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്നും പുറപ്പെടുവിക്കേണമേ.”
>
> സങ്കീ.142:7

ദൈവപൈതലേ തിരിച്ചറിയൂ, ശത്രുവിന്റെ കാരാഗൃഹത്തിൽ, പിശാചിന്റെ ജയിലറയിൽ നീ പൂട്ടപ്പെട്ടു കിടക്കുന്നല്ലോ. ദുരാത്മാക്കൾ നിന്നെ ഹിംസിക്കുന്നല്ലോ.

കാരാഗൃഹത്തിൽ പൂട്ടപ്പെട്ട് കിടക്കുന്നവരേ, നിങ്ങൾക്ക് മോചനം തരാൻ രക്ഷകൻ എഴുന്നെള്ളി വന്നിട്ടുണ്ട്. നിങ്ങളെ മോചിപ്പിക്കാൻ അവനധികാരം ഉണ്ട്. കാരാഗൃഹത്തിന്റെ പൂട്ട് തുറക്കാൻ അധികാരം ഉള്ളവൻ, ഇതാ, നിന്റെ മുമ്പിൽ

നിൽക്കുന്നു. ശത്രുവിന്റെ ചെന്നി തകർത്തവൻ, യഹൂദായുടെ സിംഹം, അവനല്ലയോ നിന്റെ അരികത്തു കൂടെ നടക്കുന്നത്.

മകനേ, അവനല്ലയോ നിന്റെ മദ്യപാനം മാറ്റിത്തരാം എന്നു പറയുന്നത്. മകളേ, അവനല്ലയോ നിന്റെ വ്യഭിചാര സ്വഭാവം, ഭർത്താവിനു വിനയപ്പെടാത്ത സ്വഭാവം നീക്കിത്തരാം എന്നരുളിച്ചെയ്യുന്നത്. യൗവ്വനക്കാരാ, നിന്റെ ദുശ്ശീലങ്ങൾ മാറ്റാമെന്ന്, നിന്റെ കടത്തിനു പൊറുതി തരാമെന്ന്, നിന്റെ കോപശീലം ഇല്ലാതാക്കിത്തരാമെന്ന് അവനല്ലയോ പറയുന്നത്.

യേശുവിനെ, നിങ്ങൾ കാണൂ. നിങ്ങൾ എന്താണ് തീരുമാനിച്ചത്? ഇപ്പോൾ നിങ്ങളുടെ ആവശ്യമെല്ലാം അവനോട് തുറന്നു പറയൂ. കർത്താവേ, എനിക്ക് ഉത്സവം ആരംഭിക്കണം. എനിക്ക് നിന്നെ ഒന്ന് സ്തുതിച്ച് ആരാധിക്കണം. സ്വർഗ്ഗത്തിലെ ആഘോഷത്തിൽ, സ്വർഗ്ഗം സന്തോഷിക്കുന്ന ആഘോഷത്തിൽ എനിക്കും പങ്കെടുക്കണം. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ ഉണ്ടാകുന്ന സ്വർഗ്ഗത്തിലെ സന്തോഷത്തിൽ എനിക്കും പങ്കുചേരണം. സ്വർഗ്ഗത്തിലെ മാലാഖമാർ എന്നെ കണ്ട് സന്തോഷിക്കണം. സ്വർഗ്ഗത്തിൽ വെള്ള പ്രാക്കൾ ചിറകടിച്ച് പറന്നു സന്തോഷിക്കുന്ന അത്ഭുതസന്തോഷം കാണണം. ആ വെള്ളപ്രാക്കൾ എന്റെ മേൽ പറന്നിറങ്ങണം. പരിശുദ്ധാത്മാവ് എന്റെമേൽ എഴുന്നെള്ളി വരണം. പരിശുദ്ധാത്മാവേ ഊതണമേ, ജീവിപ്പിക്കേണമേ, ശക്തീകരിക്കേണമേ, തീ പിടിപ്പിക്കേണമേ.

നമുക്ക് പ്രാർത്ഥിക്കാം. കരുണയുള്ള കർത്താവേ, ഞങ്ങൾ ഒരിക്കലും പ്രാപിച്ചിട്ടില്ലാത്ത സ്വർഗ്ഗീയ അവകാശങ്ങളും, സ്വർഗ്ഗീയ വാഗ്ദത്തദേശങ്ങളും കൈവശമാക്കുവാൻ ഞങ്ങളെ തെരഞ്ഞെടുത്തതിനായി

സ്തോത്രം. കർത്താവേ, ഞങ്ങ ളുടെ പൂർവ്വീകന്മാർ അനുഭവിച്ചിട്ടില്ലാത്ത സ്വർഗ്ഗീയോത്സവം ഞങ്ങൾക്ക് ഈ തലമുറയിൽ ലഭിക്കുന്നതിനായി സ്തോത്രം. അവിടുത്തെ മക്കൾ എടുത്ത തീരുമാനം പൊന്നു തിരുമേനി മുദ്രയിട്ടതിനായി സ്തോത്രം. ഞങ്ങളുടെ പിതാവേ, ഉത്സവം ആഘോഷിച്ചുകൊണ്ട് ഒരു പുതുജീവിതം തുടങ്ങുവാൻ എല്ലാവരേയും അനുഗ്രഹിക്കേണമേ.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാൻ ആകുന്നതെങ്ങനെ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ

(Contd..)

30. എത്രത്തോളം രണ്ടു തോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. W AY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ ?
46. അത് സഹിക്കാകുന്നവൻ ആർ ?
47. എന്നെ ആർ വിടുവിക്കും ?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED ?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH - ENGLIGH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : **6.30** A M |
| ശനി | സൂര്യ ടിവി | : **6.30** A M |
| ഞായർ | ജീവൻ ടിവി | : **6.30** A M |

**പ്രൊഫ. എം.വൈ. യോഹന്നാൻ**
മുൻ പ്രിൻസിപ്പാൾ, സെൻ്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

# CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00 A M – 2.00 P M | മേച്ചകര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കട യിരുപ്പ്** |
| **രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച** | 12.30P M – 5.00P M | |
| **മൂന്നാം ഞായറാഴ്ച** | 12.30P M – 5.00P M | |
| **എല്ലാ തിങ്കളാഴ്ചയും** | 6.00P M – 8.00P M | |
| **ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം)** | 9.00A M – 1.00P M | |
| **എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്)** | 6.00A M – 8.00P M | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| **ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം)** | 6.30A M – 9.00P M | |